# ആത്മീയ വിഭവങ്ങൾ

ഫെബ്രുവരി 2010



## സമകാലിക നേതൃത്വ വെല്ലുവിളികൾ

## ഉ ള്ള ട ക്കം


1സ്വയ നേതൃത്വം: ഉള്ളിൽ നിന്നും പുറത്തേക്കുള്ള വഴി നടത്തൽ 3

**എരിക് ഡി. റസ്റ്റ്**

*ഇന്ന് ആളുകൾ നേരിടുന്ന സാമൂഹ്യ പ്രശ്നങ്ങളെ പരിഗണിക്കാതെ സുവിശേഷ ശുശ്രൂഷ ഫലപ്രദമായി മുമ്പോട്ടു കൊണ്ടുപോകുവാൻ കഴിയുമോ? എന്റെ സഹോദരന് ഞാൻ കാവൽ ക്കാരനോ എന്ന സാത്താന്യ ചോദ്യം ഇന്നും മൂർച്ചയുള്ളതായിരിക്കുന്നു.*

2 . ഫലപ്രദമായ ആളാംപ്രതി വേലയ്ക്കുള്ള വേദപുസ്തകതത്വങ്ങളും പ്രയോഗങ്ങളും. 6

**റാണ്ടി ഹസ്റ്റ്**

*ഒരു വിശ്വാസിയുടെ ജീവിത രീതിയിൽ വേർപെടുത്താനാവാത്ത സ്വാധീനമാകും വിധം ആളാംപ്രതിവേലയെക്കുറിച്ച് ഉപദേശിക്കുവാൻ ഈ ആശയങ്ങൾ വേദപുസ്തക അടി സ്ഥാനത്തിലുള്ളതാണ്.*

3 . തോറ്റാലും മുന്നേറും 10

**മാർക് ബെറ്റേഴ്സൺ**

*നമ്മുടെ തോൽവികൾ നമ്മെ തടഞ്ഞു നിർത്തുവാൻ അനുവദിച്ചാൽ അവ നമ്മെ നശി പ്പിക്കും. എന്നാൽ തോൽവിയെ നാം വേണ്ട വിധത്തിൽ പ്രയോഗിക്കുകയാണെങ്കിൽ നമ്മുടെ ജീവിതത്തിൽ സംഭവിക്കാവുന്ന ഏറ്റവും പ്രയോജനപ്രദമായ കാര്യമായിരി ക്കും അത്.*

4 . തീരുമാനങ്ങളെ സമ്മേളിപ്പിക്കുകയും സമ്മേളിക്കപ്പെട്ട തീരുമാനക്കാരെ ശിഷ്യത്വ പരിശീലനക്കാരാക്കി മാറ്റുകയും ചെയ്യുന്നത്. 14

**ജിം ഹാഠം**

*സഭയുടെ നടുവിൽ ഉള്ള ആത്മീക മാന്ദ്യം നീങ്ങേണം. പുതിയ വിശ്വാസികളെ ശിഷ്യരാ ക്കേണ്ടത് ആവശ്യമാണ്. തീരുമാനങ്ങളെ സമ്മേളിപ്പിക്കുകയും അങ്ങനെ സമ്മേളിപ്പി ക്കപ്പെടുന്ന തീരുമാനക്കാരെ ശിഷ്യത്വ പരിശീലനക്കാരായി മാറ്റുകയും ചെയ്യുന്നത് ഒരു സാധാത്മകമായ കാര്യമാണ്.*

5 . ജീവിതത്തിന്റെ തുടക്കത്തെ വിലമതിക്കുന്നത്- വിവാഹപൂർവ കൗൺസെലിംഗും ശാരീരിക ധാർമ്മികതയും 19

**ക്രിസ്റ്റിന എം എച്ച്. പവ്വൽ**

*പുതിയതായി വിവാഹം ഉടമ്പടി ചെയ്ത ദമ്പതികൾക്ക് കുടുംബാസൂത്രണ പദ്ധതികൾ ക്കായി വേണ്ട ആലോചന നല്കി ക്രിസ്തീയ കുടുംബത്തെ നല്ല അടിസ്ഥാനമുള്ളതാക്കി നിർത്തുക എന്നുള്ളത് ദൈവവേലക്കാരുടെ പദവിയാണ്.*

6 . ശുദ്ധവും പുതിയതുമായ രീതിയിൽ ആത്മസ്നാനത്തെ അറിയിക്കുന്നത് 23

**ഗ്യാരി ഗ്രോഗൺ**

*ഇടയ പരിപാലനത്തിലെ ചില വെല്ലുവിളികൾ*

7.അത്ഭുതങ്ങൾ നിന്നുപോയോ? 27

**ഡബ്ല്യൂ. ഇ. നന്നാലി**

അപ്പൊസ്തോലന്മാരുടെ കാലത്തെക്കുറിച്ച് വേദപുസ്തകപരവും വേദപുസ്തകത്തിനു വെളിയിലുള്ളതും ദൈവശാസ്ത്രപരവും താത്വികവുമായ വീക്ഷണം


Life Publishers International

തന്റെ സഭയിൽ ഡീക്കൻമാർ സഭയുടെ ചട്ടങ്ങൾക്കു വിരോധമായി തന്നെ ഒഴിവാക്കി അവർ മാത്രം കാര്യങ്ങൾ നോക്കി വരികയാണെന്ന് ഒരു പാസ്റ്റർ ഒരിക്കൽ എന്നോടു പറഞ്ഞു.

എന്തുകൊണ്ടെന്ന ചോദ്യം അയാളുടെ ഉള്ളിൽ ഉണർന്നു. എന്റെ നേതൃത്വം അവർക്ക് തൃപ്തികരമല്ലയോ? ഞാൻ മാറിപ്പോകണമെന്ന് അവർ ആഗ്രഹിക്കുന്നുവോ ? ഈ വിഷയത്തിൽ അവർക്ക് യാതൊരു അവകാശവും ഇല്ലെന്ന് അയാൾ കരുതി.

അവരറിയാതെ അവരുടെ യോഗത്തിൽ പങ്കെടുക്കുവാൻ അയാൾ തീരുമാനിച്ചു. എന്തുകൊണ്ടാണ് എന്നെ ഒഴിവാക്കി നിങ്ങൾ യോഗം ചേരുന്നത് എന്ന് അയാൾ ചോദിച്ചു.

അപ്പോൾ ഒരു ഡീക്കൻ ഇപ്രകാരം മറുപടി പറഞ്ഞു : പാസ്റ്ററെ, നിങ്ങളുടെ പിറന്നാൾ അടുത്തു വരുന്നല്ലോ , അതിനുവേണ്ടി നിങ്ങൾ അറിയാതെ നിങ്ങളെ സൽക്കരിക്കുന്നതിനും സമ്മാനങ്ങൾ നല്കുന്നതിനുമുള്ള തീരുമാനങ്ങൾ എടുക്കുകയാണ് . ഇപ്പോൾ പാസ്റ്ററുടെ മുഖം ചുവന്നു. അദ്ദേഹത്തിന്റെ അനുമാനങ്ങൾ തികച്ചും തെറ്റായിരുന്നുവെന്നു മനസിലായി. തെറ്റായ തീരുമാനങ്ങൾ എടുക്കുന്നതിന് അവ കാരണമായിത്തീർന്നു.

ദുഷ്കരമായ സമയങ്ങളിൽ നാം ദൈവത്തെക്കുറിച്ച് തെറ്റായ അനുമാനങ്ങളിലെത്താം. ഒരു കഠിനമായ ശോധനയെ നിങ്ങൾ പ്രതീക്ഷിക്കുന്നുവോ ? താഴെ പറയുന്ന രണ്ട് അനുമാനങ്ങളിൽ ഒന്ന് നിങ്ങൾക്കു ചെയ്യുവാൻ കഴിയും. ഒന്നുകിൽ ദൈവം നിങ്ങളെ പരാജിതനാക്കും, അല്ലെങ്കിൽ അവിടുന്ന് നിങ്ങളുടെ ആവശ്യങ്ങളെ മാനിക്കും.

**ജോർജ്ജ് ഒ. വുഡ്സ്।**
*A Psalm Of Your Heart*


**Life Publishers International**


© Copyright Life Publishers 2009


Published by Life Publishers, Springfield, Missouri USA


All rights reserved.


എൻറിച്ചുമെന്റ് ജേർണൽ ഇപ്പോൾ നിങ്ങൾക്ക് 12 ഭാഷകളിൽ ഓൺ ലൈനിൽ വായിക്കാവുന്നതാണ്. എൻറിച്ചുമെന്റ് ജേർണലിന്റെ വെബ്സൈറ്റിന്റ ചെന്ന് യോജ്യമായ പതാകയിന്റ ക്ലിക്ക് ചെയ്യുക. മലയാളം, തമിഴ്, ബംഗാളി, ഹിന്ദി,ഫ്രഞ്ച്, റഷ്യൻ, റുമേനിയൻ, ഹംഗേറിയൻ, ക്രൊയേഷൻ, ജർമ്മൻ, സ്പാനിഷ്, ഉക്രേനിയൻ, എന്നിങ്ങനെ 12 ഭാഷാ തെരഞ്ഞെടുപ്പുകൾ അവിടെ ലഭ്യമാണ്. ഇങ്ങനെ നിങ്ങൾക്ക് ഓൺ ലൈനിൽ ജേർണലുകൾ വായിക്കുവാനും സൗകര്യാർത്ഥം ഡൗൺലോഡ് ചെയ്യുവാനും സാദ്ധ്യമാണ്.

കടുതൽ വിവരങ്ങൾക്ക് : http://www.enrichmentjournal.ag.org സന്ദർശിക്കുക.

EnrichmentJournal@lifePublishers.org. എന്ന ഈമെയിലിൽ ഞങ്ങളുമായി നേരിട്ട് ബന്ധപ്പെടാവുന്നതാണ്.



# സ്വയ നേതൃത്വം: ഉള്ളിൽ നിന്നും പുറത്തേക്കുള്ള വഴി നടത്തൽ

എറിക് ഡി. റസ്റ്റ്

ആത്മീയ വരങ്ങൾ പ്രാപിച്ച നേതാക്കന്മാർ കൂടിയിരിക്കുന്ന ഒരു വട്ടമേശയിൽ നിങ്ങൾ നേതൃത്വം വഹിക്കുക എന്നു പറയുകയാണെങ്കിൽ ഉടൻ തന്നെ മറ്റുള്ളവരെ വഴി നടത്തേണ്ടതിനെക്കുറിച്ച് നിങ്ങൾ നേതാക്കന്മാരോട് സംസാരിക്കുന്നു. സഭാനേതാക്കന്മാർ തങ്ങൾക്കു ലഭിച്ച വരത്തിന്റെ ഭൂരിഭാഗവും മറ്റുള്ളവരെ വഴി നടത്തുന്നതിനുവേണ്ടി ചെലവഴിക്കുന്നു. എന്നാലും സവിശേഷരായ നേതാക്കന്മാരായി തീരേണം എന്ന നമ്മുടെ പ്രയത്നത്തിൽ നാം മിക്കവാറും പ്രതീക്ഷിക്കുന്ന മഹത്തായ നേതൃത്വ വെല്ലുവിളികൾ നാം പലപ്പോഴും കാണാതെ പോകുന്നു- നാം തന്നെയാണ് ആ വെല്ലുവിളി. മറ്റുള്ളവരെ വഴി നടത്തുന്നതിനെക്കാൾ സ്വയനേതൃത്വം അഥവാ നിയന്ത്രണം വളരെ കഠിനമായിരിക്കുന്നതുകൊണ്ട് നാം നമ്മെ നിയന്ത്രിക്കുന്നത് പലപ്പോഴും അവഗണിക്കുന്നു.

ഓരോ ആഴ്ചയും കടന്നു പോകുമ്പോൾ ഏതെങ്കിലും ഒരു നേതാവ് തന്റെ നേതൃത്വ യോഗ്യതയെ നഷ്ടപ്പെടുത്തിയെന്ന വാർത്ത കേൾക്കുവാനിടയാകുന്നു. നാമതിന് ലൈംഗിക അനുരഞ്ജനങ്ങൾ സാമ്പത്തിക ക്രമക്കേടുകൾ, സ്ഥാനമോഹം, മോശമായ രീതിയിലുള്ള നേതൃത്വം എന്നിങ്ങനെ കുറ്റപ്പെടുത്തുന്നു. എന്നാൽ ഇവയൊ ആഴമായ ,ആന്തരീകമായ തോൽവിയുടെ ബഹിരംഗ പ്രകടനം മാത്രമാണ്. നാം ഈ പ്രശ്നത്തെ ഇനിയും ആഴമായി ആരായുകയാണെങ്കിൽ നേതാവ് തന്റെ വ്യക്തിപരമായ ജീവിതത്തെ അവഗണിച്ചിരിക്കുന്നുവെന്നു കാണുവാൻ കഴിയും.

*ഉള്ളിൽ നിന്നും പുറത്തേക്കുള്ള വഴിനടത്തൽ* എന്ന തന്റെ പുസ്തകത്തിൽ ശാമുവേൽ റൈമ ഇങ്ങനെ പ്രസ്താവിക്കുന്നു. “ഒരു നേതാവ് തന്റെ വ്യക്തിപരമായ ജീവിതത്തെ എങ്ങനെ നടത്തുന്നു എന്നത് വാസ്തവമായും പൊതുവിൽ അവന്റെ നേതൃത്വ പാടവത്തെ ആഴമായി ബാധിക്കുന്നു. സ്വയ നേതൃത്വത്തിനും പൊതു നേതൃത്വത്തിനുമിടയിൽ നേരിട്ട് ഒരു ബന്ധം ഉണ്ട്. ”

പുതിയ നിയമ എഴുത്തുകാരനായ പൗലൊസ് ഈ ധാരണയെ നന്നായി മനസിലാക്കി. *മറ്റുള്ളവരോട് പ്രസംഗിച്ച ശേഷം ഞാൻ തന്നെ അയോഗ്യനായി പോകാതിരിക്കേണ്ടതിന് എന്റെ ശരീരത്തെ ഞാൻ ദണ്ഡിപ്പിച്ച് അടിമയാക്കുന്നു* (1 കൊരി. 9:27) എന്ന് അദ്ദേഹം പറയുന്നു. ദൈവം തന്നെ വിളിച്ചിരിക്കുന്ന വിളിക്ക് യോഗ്യമായിരിക്കണമെന്നാൽ തന്റെ ജീവിതത്തെ നന്നായി പരിപാലിക്കേണമെന്നുള്ളത് പൗലോസ് മനസിലാക്കി.

## സ്വയനേതൃത്വത്തിന്റെ പ്രാധാന്യം

നേതാക്കന്മാർ തങ്ങളുടെ വ്യക്തിപരമായ ജീവിതത്തെ പരിപോഷിപ്പിക്കുവാനും അതിനെ വേണ്ടവിധത്തിൽ നിർവഹിച്ചെടുക്കുവാനും നന്നാ ശ്രദ്ധ ചെലുത്തേണ്ടതാണ് . നേതൃത്വ വൃത്തങ്ങളിൽ ഇതിനെ സ്വയ നേതൃത്വം എന്ന് വിളിക്കുന്നു. ഫലപ്രദരായ നേതാക്കന്മാർ മറ്റുള്ള മേഖലകളിലേക്ക് തങ്ങളുടെ ഊർജ്ജത്തെ ചെലവാക്കുന്നതിലുപരി തങ്ങളുടെ സ്വന്ത നേതൃത്വ പാടവങ്ങൾക്കുവേണ്ടി തങ്ങളുടെ ഊർജ്ജം ചെലവാക്കണം.

സ്വയനേതൃത്വ ത്തിനു വേണ്ടി ഒരു നേതാവ് അയാളുടെ സമയത്തിന്റെ പകുതിയോളം ചെലവഴിക്കേണ്ടി വരുമെന്ന് നേതൃത്വ നിപുണനായ ഡിഹോക്ക് നിർദ്ദേശിക്കുന്നു. ഡിഹോക്കിന്റെ ഈ ശുപാർശയെ നേതാക്കന്മാർ സാരമായെടുത്ത് അംഗീകരിച്ച് അവരുടെ ആ ആഴ്ചയിലെ പകുതി സമയം സ്വയനേതൃത്വത്തിനായി ചെലവഴിച്ചാൽ എങ്ങനെയിരിക്കും ? നാം ദൈവം ആഗ്രഹിക്കുന്നതുപോലെ ആരോഗ്യമുള്ള നേതാക്കന്മാരായി തീരുവാൻ നമ്മുടെ സ്വന്ത ജീവിതത്തെ നാം നിയന്ത്രിക്കുന്നതിന് നാം കഴിവുള്ളവരായി തീരേണം.

## സ്വഭാവ രൂപീകരണം

വ്യക്തിത്വം , വരങ്ങൾ എന്നിവയെ മനസിലാക്കുക. ജീവിത മൂല്യങ്ങളെ തിരിച്ചറിയുക. ബലത്തെയും ബലഹീനതയെയും ഒരുപോലെ മനസിലാക്കുക, ആശയ വിനിമയ പാടവത്തെ മേന്മപ്പെടുത്തുക, ഫലപ്രദമായ സമയ നിർവഹണം എന്നിത്യാദി മേഖലകളിൽ നേതാക്കന്മാർ തങ്ങളുടെ ഊർജ്ജം കൂടുതലായും ചെലവഴിക്കേണ്ടതാണ്. സ്വയ നേതൃത്വത്തിൽ പല കാര്യങ്ങൾ ഉണ്ടെങ്കിലും, നേതാവിന്റെ സ്വഭാവമാണ് ഇതിൽ ഏറ്റവും മുഖ്യമായുള്ളത്. നല്ല സ്വഭാവം ഇല്ലായെങ്കിൽ നേതാക്കന്മാരെ സംബന്ധിച്ചിടത്തോളം അവർക്ക് ഒന്നുമില്ല എന്നു പറയാം. നാം ആരാണ് എന്നുള്ളത് നമ്മുടെ സ്വഭാവമാണ് നിർവചിക്കുന്നത്. നാം ആരെന്ന് നാം തീരുമാനിച്ചശേഷം മാത്രമേ എങ്ങനെ വളർച്ച പ്രാപിക്കാം എന്നതിനെക്കുറിച്ച് നമുക്ക് അറിയുവാൻ കഴിയു. ക്രിസ്തീയ നേതാവിനെ സംബന്ധിച്ചിടത്തോളം സ്വഭാവമാണ് ഏറ്റവും മുഖ്യമായുള്ളത് .

ശക്തമായ സാന്മാർഗിക സ്വഭാവമില്ലാതിരുന്നാൽ നേതാക്കന്മാർ തകർന്നുപോകും. സാമ്പത്തിക ക്രമക്കേടുകളെ പരിഹരിക്കാനാവും . മോശമായ ആശയ വിനിമയം മെച്ചപ്പെടുത്താവുന്നതാണ്. നടപ്പാകാത്ത തീരുമാനങ്ങൾക്കും നേതാവുനല്കിയ വാഗ്ദാനങ്ങൾക്കും ഉണ്ടാകുന്ന വീഴ്ചകൾ പരിഹരിക്കാവുന്നതാണ്. എന്നാൽ സാന്മാർഗികവും ധാർമ്മികവുമായ അനുരഞ്ജനങ്ങളിൽ നിന്ന് വിടുതൽ പ്രാപിക്കുക എന്നത് അല്പം പ്രയാസമുള്ള കാര്യമാണ്. ഒരിക്കൽ നേതാവിലുള്ള വിശ്വാസം നഷ്ടപ്പെട്ടാൽ അത് വീണ്ടെടുക്കുക എന്നത് വളരെ വിരളമാണ്. അത്യധികം ഉന്നതമായ ഹൃദയദാർഢ്യത പ്രകടിപ്പിക്കുന്ന നേതാക്കന്മാരെ മാത്രമേ ജനങ്ങൾ പിൻതുടരുകയുള്ളൂ.

ആൻഡി സ്റ്റാൻലി ഇത് വളരെ വ്യക്തമായി പ്രഖ്യാപിക്കുന്നു . നാം പല ആണ്ടുകളായി പരിശ്രമം ചെയ്ത് വളർത്തിക്കൊണ്ടുവന്ന കാര്യത്തെ ഒരു തീരുമാനമോ ഒരു വാക്കോ ഒരു മറുപടിയോ കൊണ്ട് നശിപ്പിക്കുവാൻ കഴിയും. ഇരുപതോ മുപ്പതോ വർഷത്തിലധികമായ വിശ്വസ്തമായ ദൈവിക സേവനത്തെ ഒരു വിട്ടുവീഴ്ചാ തീരുമാനംകൊണ്ട് നശിപ്പിക്കുവാൻ കഴിയും.

ഒരു നേതാവിന്റെ സ്വഭാവത്തിലുള്ള കുറവ് വെളിപ്പെടുത്തപ്പെടുമ്പോൾ അദ്ദേഹത്തിന്റെ ഹൃദയ ദാർഢ്യതയുടെ അഥവാ സത്യസന്ധതയുടെ കുറവാണ് പ്രശ്നങ്ങളുടെ മൂലകാരണമായി കാണപ്പെടുന്നത്. വെളിയിൽ നിങ്ങൾ ആരെന്നു പയുന്നുവോ അതിനു യോജ്യമായ രീതിയിൽ അന്തരംഗത്തിൽ നേർമ്മയുണ്ടായിരിക്കണം.

സത്യസന്ധതയെ വിവരിക്കുന്നതിന് ഒരു തണ്ണിമത്തങ്ങായെ ഉദാഹരണമായി കാണിച്ച് എർവിൻ മാക്മാനസ് ഇങ്ങനെ പറയുന്നു. “നിങ്ങൾ ഒരു തണ്ണി മത്തങ്ങ വാങ്ങിച്ചു എന്നു വയ്ക്കുക. അത് വാങ്ങുന്ന സ്ഥലത്ത് അതിന്റെ പുറത്തുള്ള സ്ഥലം മാത്രമേ നിങ്ങൾക്കു കാണുവാൻ കഴിയുകയുള്ളൂ. എന്നാൽ നിങ്ങൾ അതിന്റെ പുറത്ത് ഞൊട്ടിനോക്കി അതിന് തക്കതായ ശബ്ദം ഉണ്ടെങ്കിൽ മാത്രേ അതുവാങ്ങിക്കയുള്ളൂ. അതിന്റെ വെളിയരംഗം മാത്രം കണ്ടുകൊണ്ട് നിങ്ങൾ കഷ്ടപ്പെട്ടുണ്ടാക്കിയ പണം കൊടുത്ത് അത് വാങ്ങിക്കുന്നു. വീട്ടിൽച്ചെന്ന് അതിനെ മുറിച്ചു നോക്കുമ്പോൾ നിങ്ങൾ എന്താണ് പ്രതീക്ഷിക്കുന്നത് ? തീർച്ചയായും ഒരു നല്ല തണ്ണിമത്തങ്ങ. ആ തണ്ണിമത്തങ്ങായുടെ സത്യസന്ധതയിൽ നിങ്ങൾ വിശ്വാസം വെച്ചിരിക്കുന്നു. എന്നാൽ അതിനെ പിളർന്നു നോക്കുമ്പോൾ അതിന്റെ ഉള്ളിൽ ഒരു വാഴപ്പഴമാണിരിക്കുന്നതെങ്കിൽ നിങ്ങൾ എന്തു ചെയ്യും. എന്നാൽ തണ്ണിമത്തങ്ങാ സത്യസന്ധതയുള്ളതായിരിക്കുന്നതുകൊണ്ട് ഒരിക്കലും അങ്ങനെയൊന്ന് സംഭവിക്കുകയില്ല. ഒരു തണ്ണിമത്തങ്ങ പുറത്ത് എങ്ങനെ കാണപ്പെടുന്നുവോ അതിന് യോജ്യമായിത്തന്നെയാണ് അകത്തും കാണപ്പെടുന്നത്. ”

നിങ്ങളെക്കുറിച്ച് എന്തു പറയുന്നു? ആരെങ്കിലും നിങ്ങളുടെ വെളിയരംഗത്തെ ഉരിഞ്ഞുകളഞ്ഞാൽ അവർ എന്തുകാണുവാനിടയാകും? നിങ്ങൾ വെളിയിൽ എങ്ങനെയിരിക്കുന്നു എന്നു പറയുന്നുവോ അങ്ങനെതന്നെ നിങ്ങളുടെ അന്തരംഗവും ആയിരിക്കുന്നുണ്ടോ? ഇവിടെ തണ്ണിമത്തങ്ങാ അതിന്റെ പ്രകൃതത്തിൽ തന്നെ സത്യസന്ധത ഉള്ളതായി നമുക്കു കാണുവാൻ കഴിയുന്നു. എന്നാൽ ആളുകളെ സംബന്ധിച്ചിടത്തോളം ഇത് വ്യത്യസ്തമാണ്. ഹൃദയ ദാർഢ്യത അഥവാ സത്യസന്ധത എന്നത് സ്വാഭാവികമായി ആളുകളിലേക്ക് എത്തുന്നില്ല. അതിനെ നാം നമ്മുടെ ജീവിതത്തിൽ വികസിപ്പിച്ചെടുക്കേണ്ടതാണ്. നേതാക്കൾ എന്ന നിലയിൽ നാം ആരായിത്തീരേണമെന്നത് നാം നിർണയിക്കണം, എന്നിട്ട് അതിനു യോജ്യമായ രീതിയിൽ നാം നമ്മുടെ ജീവിതത്തെ ക്രമപ്പെടുത്തേണം. ഇത് അത്ര എഴുപ്പമുള്ള കാര്യമല്ല. എന്തുകൊണ്ടെന്നാൽ നിങ്ങളുടെ സ്വന്ത പ്രയത്നത്തിനാലും കഴിവിനാലും അതു ശ്രമിച്ചാൽ നിങ്ങൾ ആരായിത്തീരണമെന്നാഗ്രഹിക്കുന്നുവോ അതിനു വിപരീതമായ ഒരു വ്യക്തിയായി തീരുവാനിടയായിത്തീരും. യേശുക്രിസ്തു ഇങ്ങനെ പറഞ്ഞു, “സ്വന്തം ജീവനെ രക്ഷിക്കാനാഗ്രഹിക്കുന്നവൻ അതിനെ നഷ്ടപ്പെടുത്തും. എന്നാൽ എനിക്കുവേണ്ടി സ്വജീവനെ കളയുന്നവൻ അതിനെ കണ്ടെത്തും” (മത്താ. 16:25). ദൈവം വിളിച്ച വിളിക്കു യോഗ്യരായിത്തീരേണ്ടതിന് നേതാക്കന്മാർ തങ്ങളുടെ ഉള്ളിലുള്ള സ്വഭാവിക ത്വരകൾക്ക് മരിച്ചവരായിത്തീരേണം. നാം ഉള്ളിൽ നിന്ന് വെളിയിലേക്ക് പുറപ്പെടുവിക്കുന്ന നേതാക്കന്മാരായിത്തീരുവാൻ ദൈവം ആഗ്രഹിക്കുന്നു. ബഹിരംഗമായതിനെ നോക്കിയല്ല അന്തരംഗത്തിലുള്ള നന്മയെ നോക്കിയാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത്.

തങ്ങൾക്കു ലഭിച്ചിരിക്കുന്ന പദവിയും സജ്ഞകളുംകൊണ്ട് നേതാക്കന്മാർ പലപ്പോഴും ജീവനത്തിന്റെ പ്രതാപമുള്ളവരായിത്തീരുന്നു. നേതാക്കന്മാരുടെ വിഴ്ചകൾക്കെല്ലാം പിമ്പിൽ നിഗളം ഉണ്ട്. റോമാ ലേഖനം 12:3ൽ നമ്മെ ഇങ്ങനെ ഓർമ്മിപ്പിക്കുന്നു. “നിങ്ങൾ നിങ്ങളെക്കുറിച്ചുതന്നെ വേണ്ടതിലധികം ഭാവിക്കരുത്. ദൈവം നല്കിയ വിശ്വാസത്തിന്റെ അളവ് അനുസരിച്ച് നിങ്ങളെത്തന്നെ സമചിത്തതയോടെ വിലയിരുത്തുവിൻ.” 1 പത്രൊ. 5: 5 ൽ ഇങ്ങനെ ഉത്ബോധിപ്പിക്കുന്നു, “ ദൈവം അഹങ്കാരികളോട് എതിർത്തു നിൽക്കുന്നു. താഴ്മയുള്ളവർക്കോ കൃപ നല്കുന്നു.”

നേതാക്കന്മാർ ദാസ്യത്ത്വത്തിന്റെ ആത്മീയ ശിക്ഷണം പരിശീലിക്കുമ്പോൾ അവർ ആരെന്നുള്ളതിനെക്കുറിച്ച് ബോധം ഉള്ളവരും ഉറപ്പുള്ളവരുമായി നിലനിൽക്കുവാൻ സാധിക്കുന്നു. നേതാക്കന്മാർ പ്രാർത്ഥനയിൽ തങ്ങളുടെ മുട്ടുകൾ മടക്കുമ്പോഴും സേവനത്തിനായി തങ്ങളെത്തന്നെ താഴ്ത്തുമ്പോഴും ദാസ്യത്വത്തിൽ മഹത്വംകണ്ട യേശുവിനെയാണ് അവർക്ക് ഓർമ്മ വരുന്നത്. യേശു ഒരിക്കലും തന്റെ ദൈവത്വത്തെക്കുറിച്ച് നിഗളിച്ചില്ല. അവിടുന്ന് ദാസ്യത്ത്വത്തിൽ അഭിമാനം കണ്ടെത്തി. തന്റെ എളിമത്വത്തിൽ അവിടുന്ന് മഹാനായിത്തീർന്നു. എളിമത്വം, ദാസ്യത്വം, എന്നീ പദങ്ങൾ നേതാക്കന്മാരെ സംബന്ധിച്ചിടത്തോളം പലപ്പോഴും അത്ര സുഖകരമായതല്ല. എന്നാൽ നമ്മുടെ നേതാക്കന്മാർ യാതൊരു മടിയും കൂടാതെ ഏറ്റുകൊള്ളേണ്ട പദങ്ങളാണ് അവ.

നമ്മുടെ ബലഹീനതകളെ മനസിലാക്കുന്നതാണ് നിഗളത്തെ ഒഴിച്ചു നിർത്തുവാനുള്ള മറ്റൊരു മാർഗം. മിക്ക നേതാക്കന്മാർക്കും തങ്ങളുടെ ബലവും ബലഹീനതയും വേണ്ടതുപോലെ തിരിച്ചറിയാൻ കഴിയുന്നില്ല. വ്യക്തിപരമായ സുരക്ഷിതത്വവും താഴ്മയുമുണ്ടെങ്കിൽ മാത്രമേ ബലഹീനതകളെ അംഗീകരിക്കുവാൻ കഴിയുകയുള്ളൂ. സ്വയനിയന്ത്രണം അഥവാ സ്വയനേതൃത്വമുള്ള നേതാക്കന്മാർ തങ്ങളുടെ ബലഹീനതകളെ അംഗീകരിക്കുവാൻ മടികാണിക്കുന്നില്ല. തങ്ങളുടെ ബലഹീനതകളെ മറച്ചുവെച്ചുകൊണ്ട് നിഗളത്തെ പരിപോഷിപ്പിക്കുന്നതിനു പകരം അവർ അതിനെ അംഗീകരിക്കുകയും തങ്ങളുടെ ബലഹീനതകളിൽ തുണനിൽക്കുവാൻ കഴിവുള്ളവരെ അവർ ക്ഷണിക്കുകയും ചെയ്യുന്നു.

## നമ്മുടെ സ്വഭാവ സംരക്ഷണം

സഭാനേതാക്കന്മാർ തങ്ങളെതന്നെ നിയന്ത്രിക്കന്നവരായിരിക്കണം. എന്തുകൊണ്ടെന്നാൽ, അപകട സാദ്ധ്യത വളരെയേറെയാണ്. വ്യാപരത്തിലേർപ്പെട്ടിരിക്കുന്ന നേതാക്കന്മാർക്ക് പണമാണ് പ്രധാനമായുള്ളത്. എന്നാൽ ഒരു സഭാനേതാവിനെ സംബന്ധിച്ചിടത്തോളം തന്റെ ഭാവികാല ശുശ്രൂഷയും നിത്യതയും തുലാഭാരം ചെയ്യപ്പെടുന്നു. ഒരു രാഷ്ട്രീയ

ഒരു തണ്ണിമത്തങ്ങ പുറത്ത്
എങ്ങനെ കാണപ്പെടുന്നുവോ
അതിന് യോജ്യമായിത്തന്നെയാണ്
അകത്തും കാണപ്പെടുന്നത്.



നേതാവോ , വ്യാപാര നേതാവോ തങ്ങളുടെ സ്വന്ത അവഗണനയാൽ നശിച്ചു പോകുന്നതിനെക്കാൾ ഒരു സഭാനേതാവിന്റെ വീഴ്ചക്ക് അധികം വിലകൊടുക്കേണ്ടതായി വരുന്നു.

ഒർലാന്റോ മാജിക്കിന്റെ പ്രസിഡന്റും ക്രിസ്ത്യാനിയുമായ പാറ്റ് വില്യംസ് നമ്മുടെ സ്വഭാവത്തെ സംരക്ഷിക്കുന്നതിന് ആവശ്യമായ ആറ് ആശയങ്ങൾ മുന്നോട്ടു വയ്ക്കുന്നു.

ഈ ആറ് ആശയങ്ങൾ തങ്ങളുടെ സ്വന്ത ജീവിതത്തെ ശ്രേഷ്ഠമായി മുന്നോട്ടു കൊണ്ടുപോകുവാൻ ആഗ്രഹിക്കുന്നവർക്ക് ഒരു വഴികാട്ടിയായിരിക്കും.

1- തങ്ങളെത്തന്നെ ആരാഞ്ഞുനോക്കി മനസിനെയും ശരീരത്തെയും യഥാസ്ഥാനപ്പെടുത്തി നന്നാക്കുവാൻ നേരമെടുക്കുക . പലപ്പോഴും മിക്ക സഭാനേതാക്കന്മാർക്കും ശുശ്രൂഷയുടെ ധൃതി നിമിത്തം തങ്ങളുടെ കാര്യങ്ങൾ നോക്കുവാനുള്ള നേരം ലഭിക്കുന്നില്ല. എന്നാൽ പുരുഷാരത്തെ വിട്ട് വിജന പ്രദേശത്തേക്കു കടന്നുപോയി പിതാവിനോടൊപ്പം സമയം ചെലവഴിച്ച് തന്റെ ആത്മാവിന് ഒരു യഥാസ്ഥാനം കൊടുത്ത് നമുക്ക് മാതൃകയായി തീർന്ന വ്യക്തിയാണ് യേശുക്രിസ്തു. സ്വയ നിയന്ത്രണമുള്ള നേതാക്കന്മാർ പ്രാർത്ഥിക്കുന്നതിനും കുറിപ്പെഴുതുന്നതിനും വായിക്കുന്നതിനും ക്രമീകൃതമായ രീതിയിൽ നേരമെടുക്കുന്നവരാണ്. ക്രമീകരിക്കപ്പെട്ട ഒരു ഹൃദയമാണ് ഒരു നേതാവിന് തന്റെ അനുയായികൾക്കു കൊടുക്കുവാൻ കഴിയുന്ന ഏറ്റവും വലിയ സമ്മാനം. ഇതുകൂടാതെ നേതാക്കന്മാർ തങ്ങളുടെ ശരീരത്തെക്കുറിച്ചും ശ്രദ്ധയുള്ളവരായിരിക്കണം. നമ്മുടെ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവാൻ വേദപുസ്തകം നമ്മെ ഉത്ബോധിപ്പിക്കുന്നു (1 കൊരി. 6: 20 ). ദൈവവിളിയെ കർമ്മോത്സുഖതയോടെ ചെയ്യേട്ടുക്കുവാൻ ആവശ്യമായ ഊർജ്ജവും തുടിപ്പും ശരിയായ ആരോഗ്യത്തിലൂടെ നമുക്കു ലഭ്യമാണ്. നന്നായി ഭക്ഷിക്കുന്നതും വ്യായാമം ചെയ്യുന്നതും ഒരു നേതാവിന്റെ അനുദിന ജീവിതത്തിലെ അഭ്യാസമായി തീരണം.

2- ഒരു ധാർമ്മിക വിഷയത്തോടുള്ള തെരഞ്ഞെടുപ്പിനെയോ അല്ലെങ്കിൽ ഒരു പ്രലോഭനത്തെയോ നിങ്ങൾ നേരിടുമ്പോൾ മറ്റുള്ളവരുടെ മുമ്പിൽ നിങ്ങൾ വെച്ചിരിക്കുന്ന മാതൃകയെക്കുറിച്ചോർക്കുക. നിങ്ങളുടെ തീരുമാനം മറ്റുള്ളവരെ എങ്ങനെ ബാധിക്കും എന്നു ചിന്തിക്കുക. സഭാനേതൃത്വത്തോടുകൂടെ സാന്മാർഗീകതയുടെ അധികാരം എന്ന പാവനമായ ദാനവും സഭാനേതാവിനു ലഭിക്കുന്നു.

3- നിങ്ങൾക്ക് കണ്ടുബോധിപ്പിക്കേണ്ടതായ വിശ്വസ്തരായ ചില കൂട്ടുകാരെ ഉണ്ടാക്കിയെടുക്കുക. ഇത്തരം ബന്ധങ്ങളില്ലാത്തവർ പെട്ടെന്ന് ക്ഷീണിച്ചുപോകുന്നു. സ്വയനേതൃത്വമെന്നത് ഒരു വലിയ പ്രയത്നം തന്നെയാണ്. അത് സ്വയമായി ചെയ്യേട്ടുക്കുക സാദ്ധ്യമല്ല. തങ്ങൾക്ക് അറിയാവുന്നതും വിശ്വസനീയരുമായ ഒരു കൂട്ടം സുഹൃത്തുക്കളെ തെരഞ്ഞെടുത്ത് തന്റെ ജീവിതത്തെ ശരിയാംവണ്ണം ശ്രദ്ധിച്ച് വേണ്ട ഉപദേശങ്ങൾ തരുവാൻ അവരോടു പറയുക. നാം ഒക്കെയും നമ്മോടുതന്നെ നുണ പറയുന്നവരാണ്. ഒടുവിൽ നമ്മുടെ നുണകളെ നാം തന്നെ വിശ്വസിക്കാനാരംഭിക്കുന്നു. എന്നാൽ സുഹൃത്തുക്കളെ അത്രവേഗം വഞ്ചിക്കാനാവില്ല.

4- ഹൃദയ ദാർഢ്യത അഥവാ സത്യസന്ധതയിൽ ശ്രദ്ധവെയ്ക്കുക. തങ്ങളുടെ ആന്തരിക ജീവിതത്തെ ശരിയാംവണ്ണം കാത്തുകൊള്ളുന്ന നേതാക്കന്മാർ തങ്ങളെ വീഴ്ത്തിക്കളയുന്ന പുറത്തുള്ള ചുറ്റുപാടിനെക്കാളും ഉപരിയാണ്. സത്യസന്ധതയുള്ളവരായിരിക്കുക എന്നത് നാം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ്. നമ്മുടെ ബന്ധങ്ങളിലും ലോകത്തിലും നാം സത്യസന്ധരായിരിക്കണം, എന്ന് *റിഫ്ലക്റ്റീവ് ലീഡർഷിപ്പ്* എന്ന തന്റെ പുസ്തകത്തിൽ ഡോ. റോബർട്ട് ടെറി പറയുന്നു.

5- നിങ്ങളുടെ വിശ്വാസത്തിൽ ആഴമായി വളരുക . മനുഷ്യ ഹൃദയത്തിൽ ആത്മീയമായ മാറ്റങ്ങൾ ഉണ്ടാക്കിയെടുക്കുവാൻ പരിശുദ്ധാത്മാവിനു കഴിയുമെന്നുള്ളത ് ക്രിസ്ത്യാനിയെന്ന നിലയിൽ നാം വിശ്വസിക്കുന്നു. ദൈവാത്മാവിന്റെ സഹായമില്ലാതെ സ്വഭാവം മേന്മപ്പെടുത്തുവാൻ നമുക്ക് ആവില്ല. യേശുക്രിസ്തുവിനോടുള്ള നമ്മുടെ ബന്ധത്തെ പരിപോഷിപ്പിച്ചുകൊണ്ട് പരിശുദ്ധാത്മാവിന്റെ വഴിനടത്തലിനെ ആശ്രയിച്ചു മുന്നോട്ടു പോകുമ്പോൾ നമ്മുടെ ജീവിതത്തിലുള്ള ദൈവിക ക്രിയകൾക്ക് ഊന്നൽ നല്കി മുന്നോട്ടുപോകുന്നവരായി പരിശുദ്ധാത്മാവ് നമ്മെ ആക്കിത്തീർക്കുന്നു.

6- സ്വഭാവത്തിന്റെ വൈകല്യങ്ങൾ മറഞ്ഞിരിക്കുന്ന പാപങ്ങൾ എന്നിവയോടെ വിട്ടുവീഴ്ചയില്ലാത്തവരായി ജീവിക്കുക. എല്ലാ നേതാക്കന്മാർക്കും ഒരു ഇരുണ്ട വശമുണ്ട്. ചിലർ മനുഷ്യനെ പ്രസാദിപ്പിക്കുന്നവരാണ്. മറ്റു ചിലർ ഒരു പേരുണ്ടാക്കുവാൻ തത്രപ്പെടുന്നവരാണ്. മറ്റു ചിലർ കോപത്തിന് അടിമകളാണ്. ഈ വിഷയങ്ങൾ ഒരു നേതാവിന്റെ നേതൃത്വ പാടവത്തെ ബാധിക്കുന്നു. ആത്മീയ നേതാക്കന്മാർ മേൽപ്പറഞ്ഞ കാര്യങ്ങളിൽ നനനന്നായി ശ്രദ്ധിക്കേണം. നമ്മുടെ സഭകൾ അതിലാശ്രയിച്ചാണിരിക്കുന്നത്.

## ഉപസംഹാരം

*നെക്സ്റ്റ് ജനറേഷൻ ലീഡർ* എന്ന തന്റെ പുസ്തകത്തിൽ ആന്റി സ്റ്റാൻലി ഇപ്രകാരം പറയുന്നു . എന്റെ ജീവിതത്തിലെ ചെറിയകാര്യമെന്തോ അത് വലിയതായി വളരുവാൻ ശക്തിയുള്ളതാണ്. മോശമായി സ്വഭാവം എങ്ങുനിന്നും തനിയെ വരുന്നതല്ല. അത് ഒട്ടും തന്നെ ശ്രദ്ധിക്കപ്പെടാതെ ചെറിയതോതിൽ തുടങ്ങുന്നവകളാണ്. എന്നാൽ ഒടുവിൽ അത് നേതാക്കന്മാരുടെ ജീവിതത്തെ നിയന്ത്രിക്കുന്ന വടവൃക്ഷങ്ങളായിത്തീരുന്നു. ദൈവത്തിന്റെ അനന്ത ജ്ഞാനത്താൽ സഭയുടെ ഭാവിയെ നേതാക്കന്മാരുടെ കരങ്ങളിലേൽപ്പിച്ചിരിക്കുന്നു. വ്യക്തമായ പ്രതീക്ഷയോടുകൂടിയാണ് അവിടുന്ന് അപ്രകാരം ചെയ്തിരിക്കുന്നത്. നാം അസാധാരണക്കാരായ നേതാക്കന്മാരായിത്തീരുവാൻ അവിടുന്ന് ആഗ്രഹിക്കുന്നു. നമ്മുടെ നേതൃത്വ പാടവം മേന്മപ്പെടുത്തുവാനും ഫലപ്രദമായ രീതിയിൽ ആശയ വിനിമയം നടത്തുവാനും നമ്മുടെ കൂട്ടത്തെ നന്നായി നയിക്കുവാനും അവിടുന്ന് നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു. എന്നാൽ എല്ലാറ്റിലുമുപരിയായി സ്വയ നേതൃത്തിൽ തങ്ങൾ നിപുണരായിരിക്കണമെന്ന് നേതാക്കന്മാരെക്കുറിച്ച് ദൈവം ആഗ്രഹിക്കുന്നു.



**എറിക് ഡിറെസ്റ്റ് ഇതാഹോ സംസ്ഥാനത്തിലെ സാന്റ് പോയിന്റ ് എന്ന സ്ഥലത്തുള്ള കേതാർ ഹിൽ ചർച്ചിന്റെ പാസ്റ്ററാണ്**

# ഫലപ്ര ദമായ ആളാംപ്രതി വേലയ്ക്കുള്ള വേദപുസ്തക തത്വങ്ങളും പ്രയോഗങ്ങളും

**റാണ്ടി ഹസ്റ്റ്**

ഇക്കഴിഞ്ഞയിടെ നടന്ന ഒരു പഠനത്തിൽ ദൈവത്തെ അനുഗമിക്കുവാൻ തീരുമാനമെടുത്തതിൽ 10ശതമാനംപേർ മാത്രമാണ് സഭാരാധനയിൽ അതിനെ നടപ്പാക്കുന്നത് എന്നു മനസിലാക്കുവാൻ കഴിയും. ഒരു സഭയുടെ ഏറ്റവും വലിയ മുൻഗണന എന്നത് ആ ആഴ്ചമുഴുവനും സഭയിലെ അംഗങ്ങൾ ആളാംപ്രതിവേലയിലൂടെ ചെയ്യേടുക്കുന്ന സുവിശേഷ പ്രവർത്തനങ്ങളാണ്.

നമ്മുടെ കൂട്ടായ്മയിലെ പത്തുശതമാനം ആളുകൾ പോലും ആളാംപ്രതിവേലയിൽ ഇടപെടുന്നില്ല എന്ന് മറ്റൊരു പഠനം തെളിയിക്കുന്നു. എന്തുകൊണ്ടാണ് കൂടുതൽ ക്രിസ്ത്യാനികൾ യേശുക്രിസ്തുവിനെക്കുറിച്ച് മറ്റുള്ളവരോടു പറയാതിരിക്കുന്നത്. ക്രിസ്ത്യാനികൾ ഇതിനെക്കുറിച്ച് അശ്രദ്ധയോട് ഇരിക്കുന്നതുകൊണ്ടാണന്നാണ് പലരും പറയുന്നത്. എന്നാൽ മിക്കവെർക്കും വിശ്വാസത്തിന്റെ കുറവാണ് ഇതിനു കാരണമായിരിക്കുന്നത്. യേശുക്രിസ്തുവിന്റെ അനുയായികൾ ഫലപ്രദരായ സാക്ഷികളായിരിക്കുവാനാഗ്രഹിക്കുന്നുവെന്ന് എനിക്കറിയാം. എന്നാൽ അവർ അപര്യാപ്തരെന്നും കഴിവില്ലാത്തവരെന്നും തങ്ങളത്തന്നെ കരുതുകയും വിശ്വാസത്തെ പങ്കിടുന്നതിൽ അവർ ഭയമുള്ളവരായിത്തീരുകയും ചെയ്യുന്നു , പ്രത്യേകിച്ച് ക്രിസ്തീയ പശ്ചാത്തലമില്ലാത്തവരോട് വിശ്വാസത്തെക്കുറിച്ചു പറയുവാൻ.

യേശുക്രിസ്തു ഇപ്രകാരം പറയുന്നു , "നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ വിടുവിക്കുകയും ചെയ്യും" (യോഹ.8:32) സുവിശേഷത്തിന്റെ സ്വഭാവത്തെക്കുറിച്ച് ദൈവവചനം പറയുന്നത് നാം മനസിലാക്കുമ്പോൾ അപര്യാപ്തതയും ഭയവും നീക്കി വ്യക്തിപരമായ സാക്ഷികളായത്തീരുവാൻ അത് നമ്മെ ബലപ്പെടുത്തുന്നു.

കൊലോസ്യ ലേഖനത്തിൽ പൗലൊസ് പറയുന്നത് ജനങ്ങളുടെ തെറ്റിദ്ധാരണകളെയും വികാരങ്ങളെയും നീക്കി ക്രിസ്തുവിനെക്കുറിച്ചു പറയുവാൻ അവരെ സ്വതന്ത്രരാക്കുന്നതാണ് സുവിശേഷം എന്നത്രെ.

## അപ്പൊസ്തോലനായ പൗലോസിന്റെ സമീപനം

സുവിശേഷീകരണം എന്നത് ഒരു ഐച്ഛിക വിഷയമല്ല. ആളുകളെ സുവിശേഷത്താൽ നേടേണം എന്നു നമ്മെ ഉത്ബോധിപ്പിക്കുന്ന ദൈവവചനംതന്നെ അതിനുള്ള വഴിയും നമുക്കു പറഞ്ഞു തരുന്നു. കൊലൊസ്യ സഭക്ക് പ്രായോഗികവും ഫലപ്രദവുമായ സാക്ഷികളാകുവാൻ ആവശ്യമായ ഉപദേശങ്ങൾ പൗലോസ് നല്കുന്നു. വെളിയിലുള്ളവരോട് സുവിശേഷം പറയുന്നത് എങ്ങനെയെന്ന് പൗലോസ് അവിടെ വ്യക്തമാക്കുന്നു ( 4:5). പൗലോസ് ഇതിനെ അവിശ്വാസികൾ എന്നു പറയാതെ പുറത്തുള്ളവർ അഥവാ വെളിയിലുള്ളവരെന്ന് വളരെ യോജ്യമായ രീതിയിൽ പറഞ്ഞിരിക്കുന്നു. പൗലോസിന്റെ ഈ സമീപനത്തെ *പ്രതികരണ സുവിശേഷം* എന്ന് ഞാൻ വിളിക്കുന്നു(വാ.6) . *പ്രാർത്ഥനയിൽ ജാഗരിപ്പിൻ, സ്തോത്രത്തോടെ അതിൽ തുടരുവിൻ എന്റെ ബന്ധനത്തിനു കാരണമായ ക്രിസ്തുവിന്റെ മർമ്മം പ്രസ്താവിക്കുവാൻ വേണ്ടി ദൈവം ഞങ്ങൾക്കു വചനത്തിന്റെ വാതിൽ തുറന്നു തരേണ്ടതിനും എനിക്ക് അത് വേണ്ടും വണ്ണം വ്യക്തമായി ഘോഷിക്കുവാൻ കഴിയേണ്ടതിനും ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവിൻ . സമയം തക്കത്തിലുപയോഗിച്ചുകൊണ്ട് പുറത്തുള്ളവരോട് വിവേകപൂർവം പെരുമാറുവിൻ. ഓരോ വ്യക്തിയോടും എങ്ങനെ ഉത്തരം പറയണം എന്നു ഗ്രഹിക്കുവാൻ തക്കവണ്ണം സംഭാഷണം ഉപ്പിനാൽ*

> ആളാംപ്രതി വേലയിൽ നമ്മുടെ പങ്കുവഹിക്കും വിധം നാം നമ്മെത്തന്നെ പരിശീലിപ്പിക്കുമ്പോൾ തന്നെ ദൈവത്തിനു മാത്രം ചെയ്തെടുക്കാവുന്ന കാര്യങ്ങൾക്കായി നാം അവനിൽ ആശ്രയം വെയ്ക്കുകയും വേണം.

*രുചി വരുത്തിയതുപോലെ എപ്പോഴും കൃപനിറഞ്ഞതായിരിക്കട്ടെ* (കൊലൊ. 4 : 2-6).

ഫലപ്രദമായ സാക്ഷ്യത്തിന് രണ്ട് തത്വങ്ങൾ ഉണ്ടെന്ന് പൗലൊസിന്റെ ഉത്ബോധനത്തിൽ നിന്നും നമുക്കു മനസിലാക്കുവാൻ കഴിയും. 1- ആശ്രയത്വം ( വാ. 2-4) 2- ശിഷ്യത്വം ( വാ. 4-6) . ആളാംപ്രതി വേലയിൽ നമ്മുടെ പങ്കുവഹിക്കും വിധം നാം നമ്മെത്തന്നെ പരിശീലിപ്പിക്കുമ്പോൾ തന്നെ ദൈവത്തിനു മാത്രം ചെയ്തെടുക്കാവുന്ന കാര്യങ്ങൾക്കായി നാം അവനിൽ ആശ്രയം വെയ്ക്കുകയും വേണം. ആശ്രയത്വം ശിക്ഷണം എന്നീ തത്വങ്ങളോടൊപ്പം തന്നെ പുറത്തുള്ളവരോട് ഫലപ്രദമായ സുവിശേഷീകരണം നടത്തുന്നതിന് സഹായകമായ 6 പരിശീലന മുറകൾ പൗലോസ് നമുക്ക് ഉപദേശിച്ചു തരുന്നു.

### പ്രയോഗം 1

**തുറന്ന വാതിലുകൾക്കുവേണ്ടി പ്രാർത്ഥിക്കുക**

*ദൈവം ഞങ്ങൾക്ക് വചനത്തിന്റെ വാതിൽ തുറന്നു തരേണ്ടതിന് (കൊലൊ. 4:3 )*

പ്രാർത്ഥനയ്ക്കായുള്ള ഉപദേശം നല്കികൊണ്ടാണ് പൗലോസിന്റെ നിർദ്ദേശം ആരംഭിക്കുന്നത്. സുവിശേഷീകരണത്തിൽ പ്രാർത്ഥന അനിവാര്യമായ ഒന്നാണ്. ദൈവം ജനങ്ങളുടെ ജീവിതത്തിലും അവരുടെ ഹൃദയത്തിലും പ്രവർത്തിക്കാത്തിടത്തോളം നമ്മുടെ ശ്രമങ്ങളൊന്നും തന്നെ ദൂരെവ്യാപകമായ ഫലം പുറപ്പെടുവിക്കയില്ല. അപ്പൊ. പ്ര. 16:14-ൽ പൗലോസ് പ്രസംഗിച്ചപ്പോൾ കർത്താവ് ലുദിയയുടെ ഹൃദയം തുറന്നത് നാം വായിക്കുന്നു. സുവിശേഷം പങ്കിടുവാനുള്ള പദവിയും ഉത്തരവാദിത്തവും നമുക്കുണ്ട്. എന്നാൽ ജനങ്ങളുടെ ഹൃദയങ്ങളെ തുറക്കുന്നത് ദൈവമാണ്. സന്ദർഭങ്ങളെ ലഭിക്കുവാനും കേൾക്കുന്നവരുടെ ഹൃദയങ്ങൾ അവ ഗ്രഹിച്ചെടുക്കുവാനും ഒരു തീരമാനത്തിലേക്കവരെ നയിക്കുവാനും നാം ദൈവത്തിൽ ആശ്രയം വെക്കേണം.

### പ്രയോഗം 2

**വചനം വ്യക്തമായി ഘോഷിക്കുക**

*എനിക്ക് അത് വേണ്ടും വണ്ണം വ്യക്തമായി ഘോഷിക്കാൻ കഴിയേണ്ടതിനും* (കൊലൊ. 2:2)

പൗലൊസ് വിളിച്ചറിയിച്ച ദൂത് ദൈവത്തിന്റെ മർമ്മമായിരുന്നു. നമ്മുടെ ദൂതിന്റെ കാണ്ഡം യേശു ആയിരിക്കേണം. പെന്തക്കൊസ്തുനാളിൽ പത്രൊസ് തന്റെ ഏറ്റവും പ്രശസ്തമായ പ്രസംഗം പ്രസംഗിച്ചു. എന്നാൽ പിന്നീടും പല പ്രാവശ്യം പത്രൊസ് സുവിശേഷം പ്രസംഗിച്ചതിനെക്കുറിച്ച് അപ്പൊസ്തൊല പ്രവൃത്തികളിൽ രേഖപ്പെടുത്തിയിരിക്കുന്നു ( അപ്പൊ. പ്ര. 3: 12-26 ; 4: 8-12; 5: 29-32; 10 :34-43) പത്രൊസിന്റെ ദൂതുകളിൽ നാം കൂടുതലായി ശ്രദ്ധിക്കുമ്പോൾ നമുക്ക് രണ്ട് അടിസ്ഥാന തത്വങ്ങൾ മനസിലാക്കുവാൻ കഴിയും. അതായത് യേശു ആരാണെന്നും അവിടുന്ന് തന്റെ ജീവനെ എന്തിനാണ് നല്കിയതെന്നും . ഇതിനെ ശരിയാം വണ്ണം മനസിലാക്കുന്നത് അവിശ്വാസികളോട് സുവിശേഷം പറയുന്നതിന് വിശ്വാസികളെ സജ്ജമാക്കുന്നു.

### യേശു ആരായിരുന്നു?

യേശുവിനെക്കുറിച്ചു പറയുമ്പോൾ മതേതര മാധ്യമങ്ങളിലൊക്കെത്തന്നെ മിക്കപ്പോഴും അവിടുത്തെയെ സാങ്കല്പിക കഥാപാത്രമായാണ് അവതരിപ്പിക്കുന്നത്. ഇനിയും അദ്ദേഹത്തെ ഒരു ചരിത്ര പുരുഷനായി അവതരിപ്പിച്ചാൽ തന്നെ , ഒരു വലിയ ഗുരു അഥവാ ഒരു ശ്രേഷ്ഠ പ്രവാചകൻ എന്നതിലുപരിയായി വിശേഷിപ്പിക്കാറില്ല.

യേശുക്രിസ്തു ഒരു ഉപദേഷ്ടാവ് അഥവാ ഒരു പ്രവാചകൻ എന്നതിലുപരിയായവനാണെന്ന് വിശ്വാസികൾ മറ്റുള്ളവർക്കു മനസിലാക്കി കൊടുക്കണം. അവിടുന്ന് മനുഷ്യരൂപത്തിൽ അവതരിക്കപ്പെട്ട ദൈവമാണ്. അവിടുന്ന് പരിശുദ്ധാത്മാവിനാൽ ഉല്പാദിതനാവുകയും ഒരു കന്യകയിൽ പിറക്കുകയും ചെയ്തു. പാപമറ്റ ജീവിതം നയിച്ച അദ്ദേഹം നമ്മുടെ പാപങ്ങൾക്കായി മരിച്ചു. നമ്മുടെ പാപങ്ങൾക്ക് ക്ഷമ നല്കുവാനും നിത്യ ജീവൻ എന്ന ദാനം നമുക്കു നൽകുവാനുമായി അവിടുന്ന് മരണത്തെ ജയിച്ച് മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു.

### അവിടുന്ന് തന്റെ ജീവൻ നല്കിയത് എന്തുകൊണ്ട് ?

യേശുക്രിസ്തുവിന്റെ ഭൂമിയിലേക്കുള്ള വരവിനെക്കുറിച്ച് യോഹന്നാൻ സ്നാപകൻ ഇപ്രകാരം പറയുന്നു. *ഇതാ ലോകത്തിലെ പാപം ചുമന്നു നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്.* യേശുക്രിസ്തുവിന്റെ മരണത്തിന്റെ കാരണം മനുഷ്യകുലത്തിന്റെ പാപമാണ്. ക്രൂശ് രണ്ടുകാര്യം വ്യക്തമാക്കുന്നു. 1- എല്ലാവരും പാപികളാണ്. 2- അതിനു പരിഹാരം കാണുവാൻ നമ്മെക്കൊണ്ടാവില്ല. പൗലോസ് ഇപ്രകാരം പറയുന്നു. *ക്രിസ്തു കഷ്ടം അനുഭവിച്ചശേഷം മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേല്ക്കേണ്ടത് ആവശ്യമായിരുന്നു...*(അപ്പൊപ്ര. 17: 3)

സുവിശേഷത്തിന്റെ അവതരണത്തിൽ യേശുക്രിസ്തുവിന്റെ ക്രൂശുമരണവും അവിടുത്ത് പുനരുത്ഥാനവും പ്രകടമാക്കപ്പെട്ട ദൈവകൃപയെക്കുറിച്ച് മനസിലാക്കുന്നതിന് അനിവാര്യമായ രണ്ടു കാര്യമാണ്. തത്ഫലമായി അവിടുന്ന് മനുഷ്യകുലത്തിന് വീണ്ടെടുപ്പുവില കൊടുത്തതും അതൊടോപ്പം മനസിലേക്കേണ്ട കാര്യമാണ്.

### പ്രയോഗം 3

**പുറത്തുള്ളവരോട് വിവേകപൂർവം പെരുമാറുക**

*സമയം തക്കത്തിലുപയോഗിച്ചുകൊണ്ട് പുറത്തുള്ളവരോട് വിവേകപൂർവം പെരുമാറുവിൻ (കൊലൊ.4:5).*

പുറത്തുള്ളവർ എന്നുള്ള പൗലോസിന്റെ പ്രയോഗത്തിലൂടെ അവിശ്വാസികൾ സഭയുമായുള്ള ബന്ധം എവിടെയാണെന്നുള്ളതിന്റെ തികച്ചും യോജ്യവും പ്രായോഗികവുമായ ഒരു വിശദീകരണം നമുക്കു ലഭിക്കുന്നു. ഇന്നത്തെ സാഹചര്യത്തിൽ വിവിധ കാരണങ്ങളാൽ അവിശ്വാസികൾ ക്രിസ്തീയതയോടെ അത്യധികം അകന്നവരായാണ് കാണപ്പെടുന്നത്. അവിശ്വാസികൾ ക്രിസ്തീയ മൂല്യങ്ങളോട് സമർപ്പണമുള്ളവരാണെന്നോ അവയെ അവർക്ക് ഗ്രഹിപ്പിക്കാനാകുമെന്നോ നമുക്ക് കരുതാനാവില്ല.

വിദേശേത്തേക്കു പോകുന്ന മിഷണറിമാർ ചെയ്യുന്നതുപോലെ അന്തർ സാംസ്ക്കാരികമായ സുവിശേഷത്തെ വിനിമയം ചെയ്യുക എന്നുള്ളത് സഭ ഇന്നു നേരിടുന്ന വെല്ലുവിളിയാണ്. വിശ്വാസികൾ തന്റെ ജീവിതത്തിന്റെ അധിക സമയങ്ങൾ സഭയിൽ ചെലവഴിക്കുന്നതുകൊണ്ട് സഭയുടെ മൂല്യങ്ങളും നിയമങ്ങളും അതിലെ ഭാഷാപ്രയോഗങ്ങളും ഒക്കെ മനസിലാക്കിയെടുക്കുവാൻ കഴിയും. എന്നാൽ അവിശ്വാസി ഇവയോടൊന്നും തന്നെ പരിചിതനായിരിക്കുകയില്ല. ക്രിസ്ത്യാനികളും അക്രൈസ്തവരും ഒരു ഭാഷതന്നെയാണ് സംസാരിക്കുന്നതെങ്കിലും വേദപു

# എഞ്ചൽ സ്കെയിൽ

എഞ്ചൽ സ്കെയിൽ എന്നു പറയുന്നത് ആളുകൾ തങ്ങളുടെ ആത്മീയ സഞ്ചാരത്തിൽ എവിടെ നിൽക്കുന്നു എന്നതിനെ കാണിക്കുന്ന സംഖ്യാക്രമമാണ്.

- 8 പരമാത്മാവിനെക്കുറിച്ചുള്ള ബോധം എന്നാൽ സുവിശേഷത്തെക്കുറിച്ച് യാതൊരു അറിവുമില്ലാത്ത അവസ്ഥ.
-7 സുവിശേഷത്തെക്കുറിച്ച് ഒരു ആരംഭ അറിവ്
-6 സുവിശേഷത്തിന്റെ അടിസ്ഥാന തത്വങ്ങളെക്കുറിച്ചുള്ള ബോധം.
-5 സുവിശേഷത്തിന്റെ പൊരുളിനെക്കുറിച്ചുള്ള ഗ്രാഹ്യം
-4 സുവിശേഷത്തോട് ധനാത്മകമായ പെരുമാറ്റം
-3 വ്യക്തിപരമായ പ്രശ്നങ്ങളെ തിരിച്ചറിയുന്നത്
-2 പ്രവർത്തിക്കുവാനുള്ള തീരുമാനം
-1 മാനസാന്തരവും ക്രിസ്തുയേശുവിലുള്ള വിശ്വാസവും
-0 പരിവർത്തനം
+ 1 എടുത്ത തീരുമാനത്തിന്റെ മൂല്യ നിർണയം
+ 2 ക്രിസ്തുവിന്റെ ശരീരത്തോടെ ചേരുക
+ 3 ജീവിതകാലം മുഴുവനും ക്രിസ്തുവിന്റെ സ്വഭാവത്തിലും നടപ്പിലുമുള്ള വളർച്ച.

ആളുകൾ വിശ്വസിക്കുന്നതിനു മുമ്പുതന്നെ സ്വന്തമാക്കിക്കൊള്ളപ്പെടുവാനാഗ്രഹിക്കുന്നു. സുവിശേഷം പകർന്നുകൊള്ളുമ്പോൾ അടിസ്ഥാനപരമായ ഭാഷ ഉപയോഗിക്കുക. സ്നേഹം, ദയ ,അംഗീകാരം എന്നിത്യാദി പദങ്ങൾ മനസിലാക്കാതെ മാനസാന്തരം ,നീതീകരണം, വീണ്ടെടുപ്പ് എന്നിത്യാദി പദങ്ങൾ ജനങ്ങൾക്ക് മനസിലാക്കുവാൻ കഴിയുകയില്ല. ദൈവത്തിന്റെ സ്നേഹം നമ്മെ മാനസാന്തരത്തിലേക്കു നയിക്കുന്നു എന്നാണ് വേദപുസ്തകവും പറയുന്നത്. ഈ പദങ്ങൾ സുവിശേഷത്തിന്റെ ആഴങ്ങളിലേക്ക് നമ്മെ കൊണ്ടു പോകുന്നു. ശിശുക്കൾ മാംസാഹാരം കഴിക്കുന്നതിനു മുമ്പ് അവർ പാൽ കഴിക്കണമെന്ന് പൗലോസ് മനസിലാക്കി. താൻ ശുശ്രൂഷിക്കുന്ന ആളുകളുടെ നിലവാരത്തിനൊത്തവണ്ണം അദ്ദേഹം സുവിശേഷം അവതരിപ്പിച്ചു.

ആളുകൾ നെഗറ്റീവ് സംഖ്യയിൽ നിന്ന് പോസിറ്റീവ് സംഖ്യയിലേക്കെത്തി പ്ലസ് 3 വരെക്കും ആകണം എന്നാണ് നാം ആഗ്രഹിക്കുന്നത്. അവിശ്വാസികളുടെ ലോകത്തിനും സ്തകത്തിലെയും സഭയിലെയും ചില ഭാഷാപ്രയോഗങ്ങൾ അവിശ്വാസികൾക്ക് അപരിചിതമാണ്. ഇപ്രകാരമുള്ള പള്ളിഭാഷ സംസാരിക്കുമ്പോൾ നാം അവിശ്വാസികളുമായുള്ള ആശയവിനിമയത്തിന് തടസം സൃഷ്ടിക്കുകയാണ് ചെയ്യുന്നത്. രക്ഷ, സുവിശേഷം, അഭിഷേകം എന്നിത്യാദി പദങ്ങകൊണ്ട് പലപ്പോഴും നാം അവിശ്വാസികളെ ചിന്താക്കുഴപ്പിത്തിലാക്കുന്നു. അവിശ്വാസികളെ അവർക്കു മനസിലാകുന്ന ഭാഷാരീതികളിലൂടെ നാം സന്ധിക്കേണം.

### പ്രയോഗം - 4

**സമയം തക്കത്തിലുപയോഗിക്കുക (കൊലൊ. 4:5)**

അവസരങ്ങൾ സമയ ബന്ധിതമാണ്. അവസരങ്ങൾ ഒരിക്കൽ മാത്രമേ വാതിലിൽ മുട്ടുകയുള്ളൂ എന്നു പറയുന്നത് ശരിയാണ്. ഒരു അവസരം രണ്ടാമത് ഒരു പ്രാവശ്യം കൂടി വന്നു എന്നു വരികയില്ല. ഓരോ അവസരങ്ങളും അതുല്യമാണ്. എന്തുകൊണ്ടെന്നാൽ ആളുകളും പരിതഃസ്ഥിതികളും ഓരോ അവസരത്തിലും വ്യത്യസ്തമായരിക്കും.

കുറെ വാക്യങ്ങൾ മനപാഠമാക്കുന്നതുകൊണ്ടോ സുവിശേഷീകരണത്തെക്കുറിച്ചുള്ള ക്ലാസുകൾക്ക് ഹാജരായതുകൊണ്ടോ ആളുകളോട് സുവിശേഷം അറിയിക്കുന്ന കാര്യത്തിൽ ക്രിസ്ത്യാനികൾ സജ്ജരാകുന്നില്ല. ഇവ നമുക്ക് സഹായകരമാണെങ്കിലും സുവിശേഷത്തോട് വ്യക്തികൾ പ്രതികരിക്കുന്നതിന് അവരെ പ്രാപ്തരാക്കേണ്ടതിന്, വൈവിധ്യമാർന്ന സ്ഥിതി വിശേഷങ്ങളിൽ , തുടർന്നുകൊണ്ടേയിരിക്കുന്ന ഒരു പഠന ജീവിത ശൈലി നമുക്കുണ്ടാകണം. അതായത് യേശുക്രിസ്തുവിനെക്കുറിച്ചുള്ള ഒരു വ്യക്തിപരമായ അറിവിൽ നാം വളരണം. നാം ഒരിക്കലും അതിന്റെ പൂർണതയിൽ എത്തുന്നില്ല എങ്കിലും നാം ഒരു ആത്മീയ യാത്രയിലാണ്. നാം വ്യക്തിപരമായി മനസിലാക്കുന്ന കാര്യങ്ങളെ അവിശ്വാസികൾക്കു ബോധമുണ്ടാക്കുന്ന വിധം നമുക്കു മനസിലാക്കികൊടുക്കുവാൻ കഴിയും.

പലപ്പോഴും സുവിശേഷത്തിനു സാക്ഷിയാകുന്നതിന് തങ്ങൾ അപര്യാപ്തരെന്ന് പലരും കരുതുന്നു. വചനമോ തങ്ങൾ പറയണമെന്നു വിചാരിച്ച മറ്റു വിവരങ്ങളോ ഓർത്തിരിക്കുവാൻ അവർക്കു കഴിയാതു പോകുന്നതാണ് ഇതിനു കാരണം. എന്നാൽ യാതൊരു പരിശീലനങ്ങളുമില്ലാതെ തന്റെ വ്യക്തിപരമായ അനുഭവങ്ങളെ പങ്കിടുവാൻ അവർക്കു കഴിയും. അവിശ്വാസികളോട് സുവിശേഷം അറിയിക്കുന്നതിന്റെ ഏറ്റവും നല്ല ഉപാധി അവർക്കുവേണ്ടി പ്രാർത്ഥിക്കുക എന്നുള്ളതാണ്. അവിശ്വാസികൾ തങ്ങളുടെ പ്രശ്നങ്ങളെ നമ്മളോടു പറയുമ്പോൾ അവരോടൊത്തു പ്രാർത്ഥിക്കുവാനുള്ള അവസരം ആരായുക. ദൈവം ഉത്തരം തരും എന്നുള്ള നമ്മുടെ വിശ്വാസം നിമിത്തം നാം അവരോടൊപ്പം പ്രാർത്ഥിക്കണം. വിശ്വാസി പ്രാർത്ഥിക്കുന്നതു കേൾക്കുന്നതു തന്നെ അവിശ്വാസികളുടെ ജീവിതത്തിൽ വലിയ സ്വാധീനം ചെലുത്തും. വിശ്വാസികൾ ഒരാവശ്യത്തിനുവേണ്ടി പ്രാർത്ഥിക്കുമ്പോൾ അവർ സത്യസന്ധരെന്നും അവർ ദൈവബന്ധമുള്ളവരെന്നും മറ്റുള്ളവർ മനസിലാക്കുവാൻ കഴിയും. ഇങ്ങനെ അവർ സുവിശേഷത്തോടെ ഒരു തുറന്ന മനസ്ഥിതിയുണ്ടാകുവാൻ സാധ്യതയുണ്ട്.

### പ്രയോഗം- 5

**സംഭാഷണം ഉപ്പിനാൽ രുചി വരുത്തിയതും എപ്പോഴും കൃപനിറഞ്ഞതുമായിരിക്കട്ടെ (കൊലൊ 4:6).**

> നമ്മെ സാക്ഷികളാകുവാൻ ദൈവം വിളിച്ചിരിക്കുന്നു. ദൈവത്തിന്റെ സഹായത്തിലൂടെ ഓരോ വിശ്വാസിക്കും അത് നിവൃത്തിക്കുവാൻ കഴിയും.

1 പത്രൊ. 3:15-ൽ പത്രൊസ് തങ്ങളുടെ പ്രത്യാശയെക്കുറിച്ച് ചോദിക്കുന്നവരോടു സൗമ്യതയോടെ മറുപടി പറയാൻ ഉത്ബോധിപ്പിക്കുന്നു. നാം എന്തു പറയുന്നു എന്നതുപോലെ തന്നെ നാം എങ്ങനെ പറയുന്നു എന്നുള്ളതും പ്രാധാന്യമർഹിക്കുന്ന കാര്യമാണ്. ആശയങ്ങളെ നാം അവതരിപ്പിക്കുന്ന രീതി വ്യക്തമല്ലായെങ്കിൽ അതു ചിന്താകുഴപ്പത്തിലെത്തിക്കും.

ഉപ്പിനാൽ രുചിവരുത്തിയ ഭക്ഷണംപോലെ, ഒരു കൃപയുടെ ആത്മാവോടെ , സൗമ്യതയോടെ, ആദരവോടെ അവിശ്വാ

വിശ്വാസികളുടെ ലോകത്തിനും വലിയൊരു വിടവുണ്ട്. ക്രിസ്ത്യാനികളുടെ സാമുദായി സാംസ്ക്കാരിക വളർച്ച നിമിത്തം അക്രൈസ്തവരിൽ നിന്നും അത്യധികം അകന്നിരിക്കുന്നു. അത്തരത്തിലുള്ള ആളുകൾ അവർ അറിയാതെതന്നെ ക്രിസ്ത്യാനിത്വത്തിൽ നിന്നും അവർ പഠിച്ച സംസ്ക്കാരത്തിനൊത്തവണ്ണം സംസാരിക്കുന്നു. സുവിശേഷത്തിൽ ലക്ഷ്യംവെച്ചു മുന്നേറുമ്പോൾ നാം നമ്മുടെ ജീവിതം പ്രവൃത്തി, സംസാരം എന്നിത്യാദികൾ ക്രിസ്ത്യാനിത്വത്തെക്കുറിച്ച് അറിയാത്തവർക്ക് മനസിലാകുംവിധം പ്രസക്തമാക്കി പുനരൂപീകരണം ചെയ്യേണ്ടതുണ്ട് (1 കൊരി. 9:22).

കിണറ്ററികിൽവെച്ച് ശമര്യക്കാരി സ്ത്രീയെ കണ്ടപ്പോൾ യേശുക്രിസ്തു, തന്റെ സംഭാഷണം തുടങ്ങിയത് അവളുടെ പാപത്തെക്കുറിച്ചോ മാനസാന്തരത്തിന്റെ ആവശ്യത്തെക്കുറിച്ചോ പറഞ്ഞുകൊണ്ടായിരുന്നില്ല പകരം ഒരു പാത്രം വെള്ളം ചോദിച്ചു കൊണ്ട് , ലൗകീകമായ നിലയിലാണ് അവളുമായി സംഭാഷണം ആരംഭിച്ചത്. അവൾക്ക് അഞ്ചു ഭർത്താക്കന്മാർ ഉണ്ട് എന്ന് വിഷയത്തെ വെളിപ്പെടുത്തികൊണ്ട് അവളുടെ ജീവിതശൈലിയിലേക്ക് അവിടുന്ന് വിരൽ ചൂണ്ടി. നല്ലതിനെ പാനംചെയ്തു കൊണ്ട് സംതൃപ്തി അടയേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും അവിടുന്ന് അവളെ ഉത്ബോധിപ്പിച്ചു. എന്നിട്ട് അവിടുന്ന് ജീവജലം അവൾക്കു പ്രദാനം ചെയ്തു. പഴയ ശൈലിക്കു പകരം അവളുടെ സമകാലിക ജീവിതത്തോടെ ഇടപെടുംവിധം അവിടുന്ന് സംസാരിച്ചു. ക്രിസ്ത്യാനികൾ എന്ന നിലയിൽ നാം നമ്മുടെ വാക്കുകളെ ശ്രദ്ധിക്കണം. പലപ്പോഴും നമ്മുടെ വാക്കുകൾ നമ്മുടെ ആവശ്യത്തിന്റെ അടിത്തറയിൽ നിന്നും ഉരുത്തിരിഞ്ഞതാകാം. എന്നാൽ നമ്മെ കേൾക്കുന്നവർ അതേ ആവശ്യത്തിലുള്ളവരായിരിക്കയില്ല. ഇപ്പോൾ അവർക്ക് സഭ ആവശ്യമുണ്ടായിരിക്കയില്ല, എന്നാൽ ദൈവത്തിന്റെ സ്നേഹം ദയാപരമായ വാക്കുകളിലൂടെ പ്രകടമാക്കി കാട്ടപ്പെടുവാൻ അവർ ആഗ്രഹിക്കുന്നുണ്ടാവാം.

തങ്ങളുടെ ആത്മീക യൗവ്വനത്തിലെ ഭാഷയിലേക്ക് വിശ്വാസികൾ മടങ്ങിപ്പോകേണ്ടിയിരിക്കുന്നു. മേൽപ്പറഞ്ഞ എഞ്ചൽ സ്റ്റെയിൽ മനസിലാക്കികൊണ്ട് അവിശ്വാസികളോട് അവർ ജീവിക്കുന്നിടത്ത്, അവർ പ്രവർത്തിക്കുന്നിടത്ത്, അവർ ആയിരിക്കുന്ന എവിടെയും തക്കയോജ്യമായി നാം അവരോട് സംസാരിക്കണം.

**ലാൽഡൺ ഗ്യാരിസൺ,** സ്പ്രിംഗ്ഫീൽഡ് , മിസോറി

സികളോടുള്ള നമ്മുടെ സംഭാഷണത്തെ നാം സ്വാദിഷ്ഠമാക്കേണ്ടതുണ്ട്. നാം സത്യത്തോട് വിട്ടുവീഴ്ച ചെയ്യണമെന്നല്ല, ദയാഭാവത്തോടെ സത്യം അറിയിക്കണം എന്നത്രെ. ആത്മീക രൂപീകരണത്തിനാവശ്യമായ ശിക്ഷണം വിശ്വാസികൾക്ക് തുടരെ ഉണ്ടാവണം. അങ്ങനെ ആത്മാവിന്റെ ഫലങ്ങൾ അവരിൽ വർധിതമായി വിളങ്ങണം. ഇന്ന് ആളാംപ്രതി വേല നേരിടുന്ന നിർണായകമായ പ്രശ്നം സുവിശേഷ ദൂതുമായി ചെല്ലുന്ന ദൂതനെ സംബന്ധിച്ച വിശ്വസനീയതയാണ്.

പ്രയോഗം- 6

## വ്യക്തിപരമായി പ്രതികരിക്കുക

*ഓരോ വ്യക്തിയോടും എങ്ങനെ ഉത്തരം പറയേണമെന്നു ഗ്രഹിക്കുവാൻ തക്കവണ്ണം ....കൊലൊ. 4:6*

വെളിപാട് എന്നുള്ളത് ഒരു വ്യക്തിപരമായ കാര്യമാണ്. പുറത്തുള്ളവരെ മനസിലാക്കിക്കൊണ്ട് ബുദ്ധിപൂർവം പെരുമാറുവാനുള്ള നമ്മുടെ ശ്രമത്തിൽ പുറത്തുള്ള ഓരോ വ്യക്തിയും അതുല്യനാണ് എന്നുള്ളത് നാം മറന്നു പോകരുത്. വിവിധ സംസ്ക്കാരങ്ങളിലെയും തലമുറയികളിലെയും ജനങ്ങളുടെ മാനസീക നില, മൂല്യങ്ങൾ, ഉത്കണ്ഠകൾ, താല്പര്യങ്ങൾ , വാഞ്ഛകൾ എന്നിവ മനസിലാക്കിയിരിക്കുന്നത് സഹായകരമായിരിക്കും. എങ്ങനെയായാലും പൊതു വൽക്കരണം തെറ്റായ ദിശയിലേക്ക് നയിക്കത്തക്കതാണ്. എന്തുകൊണ്ടെന്നാൽ ഓരോ വ്യക്തിയും അതുല്യമാണ്. ആളുകൾ നാം സ്വർഗരാജ്യത്തിലേക്കു നേടുന്ന ആത്മാക്കളോ വെറും എണ്ണങ്ങളോ അല്ല, വൈവിധ്യമാർന്ന വ്യക്തിത്വത്തോടുകൂടിയവരാണ് ആളുകൾ. അതായത് വ്യക്തമായ ദൈവോദ്ദേശ്യത്തോടുകൂടിയുള്ള ദൈവത്തിന്റെ സൃഷ്ടികൾ. ഒരിക്കൽ ഒരു വ്യക്തി എന്ന നിലയിലാണ് നാം സ്വർഗരാജ്യം പണിയുന്നത്.

ആളുകളോടുള്ള പ്രതികരണത്തിൽ ഏറ്റവും വലിയ ഉദാഹരണമായി പൗലോസ് എടുത്തു കാട്ടുന്നത് യേശുവിനെയാണ്. യേശുവിന്റെ പഠിപ്പിക്കലുകൾ അവിടുത്തെ കേഴ്‌വിക്കാർക്ക് വ്യക്തമായിരുന്നു. അവിടുന്ന് തന്റെ കേഴ്‌വിക്കാർക്ക് മനസിലാകും വിധത്തിൽ അനുദിന ജീവിതത്തിൽ നിന്നുള്ള പദങ്ങളും ചിത്രീകരണങ്ങളും ഉപയോഗിച്ചു. തങ്ങൾക്കു മനസിലാകുന്ന ഭാഷകളും ആശയങ്ങളും സംസാരിച്ചുകൊണ്ട് തന്റെ കേൾവിക്കാരോട് താദാത്മ്യം പ്രാപിച്ചു. വേദപുസ്തകത്തിലെ അധികമായി ഉദ്ധരിക്കപ്പെട്ടിരിക്കുന്ന യോഹ. 3:16-ാം വാക്യം യേശുക്രിസ്തുവിന്റെ പ്രഭാഷണത്തിന്റെ ഭാഗമല്ല. ഒരു നിക്കോദിമോസ് എന്ന പരീശന്റെ അന്വേഷണാത്മകമായ ചോദ്യത്തിനുള്ള ഉത്തരമായിരുന്നു അത്.

യേശുക്രിസ്തു പുരുഷാരത്തെ പഠിപ്പിച്ചിരുന്നുവെങ്കിലും അവൻ വ്യക്തികളിൽ ശ്രദ്ധ ചെലുത്തുകയും അവരോട് പ്രതികരിക്കുകയും ചെയ്തിരുന്നു. നഷ്ടപ്പെട്ടവർക്ക് യേശുവുമായുള്ള ഒരു വ്യക്തിപരമായ പ്രതികരണം ആവശ്യമാണ്. ദൈവം ഓരോ വിശ്വാസിയെയും ഒരു സാക്ഷിയായി വിളിച്ചിരിക്കുന്നു. ദൈവത്തിന്റെ സഹായത്താൽ ഓരോ വ്യക്തിക്കും അങ്ങനെ ആയിത്തീരുവാൻ കഴിയും. പരിശുദ്ധാത്മാവിന്റെ സഹായത്താൽ ഒരു അവിശ്വാസിയുടെ ജീവിതത്തിൽ ഫലപ്രദമായ സാക്ഷ്യം വഹിക്കുവാൻ തങ്ങൾക്കു കഴിയുമെന്ന് സഭയിലെ ഓരോ അംഗങ്ങൾക്കും ഉറപ്പാക്കുവാൻ കഴിയും. കൊലൊസ്യ ലേഖനത്തിലെ ഈ അഞ്ചു വാക്യങ്ങൾ സുവിശേഷീകരണത്തെ സംബന്ധിച്ച വേദപുസ്തകപരവും പ്രായോഗികവും മനസിലാക്കത്തക്കതുമായ ഒരു പഠനം നമുക്കു നല്കുന്നു.

ക്രിസ്തീയ ജീവിതത്തിലെ സകല മണ്ഡലത്തിലെയും ആശ്രയത്വത്തിന്റെയും ശിഷ്യത്വത്തിന്റെയും തത്വങ്ങൾ ഈ വാക്യങ്ങളിൽ കാണുവാൻ കഴിയും. സുവിശേഷീകരണത്തിന്റെ രീതിയെക്കുറിച്ചുള്ള ദൈവവചനത്തിലെ തത്വം തടസങ്ങൾ നീക്കി സുവിശേഷീകരണത്തിനായി ജനങ്ങളെ ഒരുക്കുന്നു. പാസ്റ്റർമാർ ഫലപ്രദമായ ഈ തത്വം വിശ്വാസികൾക്ക് മനസിലാക്കി ■



**റാണ്ടി ഹസ്റ്റ് മിസ്സോറിയിലുള്ള സ്പ്രിംഗ്ഫീൽഡിലെ അസംബ്ലീസ് ഓഫ് ഗോഡിന്റെ ജനറൽ കൗൺസിലിന്റെ സുവിശേഷ വിഭാഗം കമ്മീഷണറാണ്.**


വിജയം
നമ്മുടെ തോൽവികൾ നമ്മെ സ്വാധീനിക്കുന്നതിന് നാം അനുവദിക്കുമ്പോൾ അവക്ക് നമ്മെ നശിപ്പിക്കുവാൻ കഴിയും. എന്നാൽ തോൽവിയെ നാം വേണ്ട വിധത്തിൽ കൈകാര്യം ചെയ്യുമെങ്കിൽ സംഭവിക്കാവുന്ന ഏറ്റവും ഉത്തമമായ കാര്യം അതായിരിക്കും.
മാർക്ക് ബെറ്റേഴ്സൺ
തോൽവി
തോൽവി
തോൽവി
തോൽവി
തോൽവി
തോൽവി
തോൽവി
തോൽവി
തോൽവി
തോറ്റാലും മുന്നേറുക

വാഷിംഗ്ടണിലെ നാഷണൽ കമ്മ്യൂണിറ്റി ചർച്ചിൽ ഒരു ദശാബ്ദത്തിലധികം ഞാൻ പാസ്റ്ററായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ജീവിതകാലം മുഴുവൻ ഒരു സഭയിൽ പാസ്റ്ററായിരിക്കുക എന്നപദവിക്കായി നാം ദൈവത്തെ സ്തുതിക്കുന്നു. എന്നാൽ എന്റെ പങ്ക് വെല്ലുവിളികളെയും നിരാശകളെയും പരാജയങ്ങളെയും ഒക്കെ അനുഭവിക്കേണ്ടി വന്നിട്ടുണ്ട്.

ബൈബിൾ കോളേജിൽ നിന്നുള്ള ബിരുദത്തിനുശേഷം ചിക്കാഗോയിൽ ഒരു സഭ സ്ഥാപിക്കുക എന്നുള്ളതായിരുന്നു എന്റെ ഉദ്ദേശ്യം. എന്നാൽ എന്റെ ആ ഉദ്ദേശ്യം പരാജയപ്പെടുകയാണുണ്ടായത്. ഇതുസംബന്ധിച്ച് എനിക്ക് ഇന്നും ഉത്തരം കിട്ടാത്ത ചോദ്യങ്ങളുണ്ട്. ഇങ്ങനെ ഒരു സഭാസ്ഥാപനത്തിനായി ദൈവം ഞങ്ങളെ വിളിച്ചിരുന്നുവോ ? ഇങ്ങനെ ഒരു പരാജയം ദൈവം പദ്ധതിയിട്ടിരുന്നുവോ ? എന്റെ അനുഭവക്കുറവാണോ ആ പരാജയത്തിനു കാരണം ? ഒടുവിൽ ദൈവത്തിന്റെ പദ്ധതികൾ നടപ്പിലാകേണ്ടതിന് നമ്മുടെ പദ്ധതികൾ പരാജപ്പെടേണം എന്നുള്ള ബോധത്തിലേക്ക് ഈ അനുഭവങ്ങൾ എന്നെ നയിച്ചു.നമ്മുടെ തോൽവികൾ നമ്മെ നിർവചിക്കുന്നതിന് നാം അനുവദിക്കുമ്പോൾ അവക്ക് നമ്മെ നശിപ്പിക്കുവാൻ കഴിയും. പിന്നീടുള്ള വിജയങ്ങൾക്കുമേൽ നാം അവകാശവാദം പറയാതിരിക്കുകയും അത് സാധാരണമായി എണ്ണാതിരിക്കുകയും ചെയ്യുന്നു. നാം പരാജിതരായി നിലംപരിചായാലും നമ്മെ എഴുന്നേൽപ്പിക്കുവാൻ ദൈവം ഉണ്ടെന്നുള്ളത് നാം മനസിലാക്കിക്കഴിഞ്ഞു. തോൽവിക്ക് മറ്റു വഴികളിലേക്ക് തിരിയുവാനുള്ള ഐശ്വര്യങ്ങളുണ്ട്.

ചിക്കാഗോയിലെ സഭാസ്ഥാപനം പരാജയപ്പെട്ടപ്പോൾ എങ്ങോട്ടു വേണമെങ്കിലും പോകുവാൻ ഞാൻ തയ്യാറായി. അങ്ങനെ നാളുകളായുള്ള പ്രാർത്ഥനകൾക്കുശേഷം വാഷിംഗടണിൽ ഒരു വാതിൽ തുറക്കപ്പെട്ടതായി എനിക്കു കാണുവാൻ കഴിഞ്ഞു. അവിടെ ഞങ്ങൾക്ക് താമസിക്കുവാൻ ഒരു സ്ഥലമോ ഉറപ്പാക്കപ്പെട്ട ഒരു ശമ്പള വ്യവസ്ഥയോ ഉണ്ടാ

## സഭ സ്ഥാപിക്കുന്നതിലെ ജയാപജയങ്ങളിലെക്കുറിച്ചുള്ള പഠനം

ടോഡ് ഹണ്ടർ ഒരു സഭാവിഭാഗത്തിന്റെ സഭാ സ്ഥാപനത്തിന്റെ ഡയറക്ടറാണ്. 1986 -ാ മാണ്ട് അവർ പ്രസിദ്ധീകരിച്ച. Association of vineyard churches church pathology report എന്ന പഠന ലേഖനം സമുക്ക് ഏറെ പ്രയോജനം ചെയ്യുന്നതാണ്.

ഹണ്ടർ തന്റെ പഠനലേഖനത്തെ രണ്ട് മുഖ്യവിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. പരാജിതമായ സഭകളെക്കുറിച്ചുള്ള പരിശോധനയും ജ യകരമായി മുന്നേറുന്ന സഭകളെക്കുറിച്ചുള്ള പരിശോധനയും. സഭ സ്ഥാപിക്കുന്നതിലെ തോൽവിക്കു മുഖ്യമായ കാരണങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

1 -സുവിശേഷ പ്രവർത്തകരെയും നേതാക്കളെയും ചേർത്തു കൊണ്ട് അവരെ പ്രവർത്തനക്ഷമമാക്കുവാനുള്ള സഭാസ്ഥാപകന്റെ കഴിവില്ലായ്മ.

2 -ഫലപ്രദമായ രീതിയിൽ പദ്ധതിയിടുവാനുള്ള സഭാസ്ഥാപകന്റെ കഴിവില്ലായ്മ.

3- പുതിയ ആളുകളെ കൂട്ടിച്ചേർക്കുന്നതിൽ സഭാസ്ഥാപകന്റെ കഴിവില്ലായ്മ.

4- സഭാസ്ഥാപകൻ പുലർത്തുന്ന സുവിശേഷീകരണത്തിന്റെ ശക്തമല്ലാത്ത രീതിശാസ്ത്രം .

സഭാസ്ഥാപകൻ മേൽപറഞ്ഞവിഷയങ്ങളെ പരിശീലനം കൊണ്ടും സഭാവളർച്ചയുടെ അനുഭവംകൊണ്ടും തിരുത്തിയെടുക്കണം. മാറ്റങ്ങളെ അംഗീകരിക്കാത്തവരും നേതൃത്വബലമില്ലാത്തവരും അധികമായി പോരാടേണ്ടിയിരിക്കുന്നു. സമുദായത്തിൽ സ്വാധീനമുണ്ടാക്കി സ്വർഗരാജ്യത്തിനുവേണ്ടിയുള്ള നേതാക്കന്മാരെ അന്വേഷിക്കുന്നതിനു പകരമായി ഇക്കൂട്ടർ തങ്ങളുടെ അടുത്തേക്ക് സ്വയമേവ വരുന്നവരുടെ പോഷിപ്പിക്കുന്നതിൽ അധിക ശ്രദ്ധ ചെലുത്തുന്നു. പുതുതായ ആളുകളെ സുവിശേഷത്തിലൂടെ കൊണ്ടുവരുന്നതിനു പകരം ഇപ്പോൾ തങ്ങളോടുള്ളവരെ പോഷിപ്പിക്കുന്നതിൽ മാത്രം ശ്രദ്ധ ചെലുത്തുന്നു.

### വിജയത്തിന്റെ വസ്തുതകം

ഇതിൽ നിന്നും വ്യത്യസ്തമായി സഭാസ്ഥാപകരായ പാസ്റ്റന്മാർ അത്യധികം അദ്ധ്വാനിക്കുന്നു. അവർ നന്നായി ചിന്തിച്ചശേഷം പദ്ധതിയിടുന്നു. പുതിയി അളുകളെ ചേർക്കുന്നതിൽ അവർ ശ്രദ്ധ ചെലുത്തുന്നു. അവർ ക്രിയാത്മകമായി പ്രവർത്തിച്ച് പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നു. അവർ പുറത്തുള്ളവരോട് സുവിശേഷം അറിയിക്കുന്നതിൽ വളരെ തീവ്രതയുള്ളവരായിരിക്കുന്നു. വിശ്വാസവും പ്രത്യാശയും വാഞ്ഛകളെ പ്രചോദിപ്പിക്കുന്നു. കൂടാതെ സഭ സ്ഥാപിക്കുന്ന ഇവർ നല്ല സാമുദായിക പാടവങ്ങളെയും കരഗതമാക്കിയിട്ടുള്ളവരാണ്. ആളുകൾക്ക് സഭയുടെ മൂല്യത്തെ എടുത്തു കാട്ടുമ്പോത്തന്നെ സഭാവളർച്ചയുടെ ഉത്തരവാദിത്വവും ഏറ്റെടുക്കുന്നു.

ഒരു സഭവിട്ട് മറ്റൊരു സഭയിലേക്ക് പോകുന്ന വിട്ടിൽ വിശ്വാസികൾ, അമാത്യകരായ നേതാക്കന്മാർ, മറ്റുതരത്തിൽ ബാധിക്കപ്പെട്ടവർ തുടങ്ങിയവരെവെച്ചു തുടങ്ങുന്ന സഭ പരാജയത്തിലേക്ക് കൂപ്പുകുത്തും.

**എഡ് സ്റ്റെച്ചർ**

From “Improving the Health and Survivability of new churches” Leadership Network. Used with permission

യിരുന്നില്ല. എന്നാൽ വിശ്വാസത്തോടെ ഞങ്ങളുടെ സാധനങ്ങളുമായി ഞങ്ങൾ അവിടേക്കു പുറപ്പെട്ടു.

## അടുത്തുള്ള തിയറ്ററിലേക്ക്

1996 ജനുവരി മാസം ആദ്യ ആഴ്ചയിൽ അമേരിക്കയിലെ കിഴക്കു ഭാഗത്ത് ഒരു മഞ്ഞു കൊടുങ്കാറ്റ് ആഞ്ഞടിച്ചു. നാഷണൽ കമ്മ്യൂണിറ്റി ചർച്ച് പാസ്റ്ററായുള്ള എന്റെ സേവനത്തിന്റെ ആദ്യ ആഴ്ചയായിരുന്നു അത്. ആ ആഴ്ചത്തെ ആരാധനയ്ക്ക് മൂന്ന് അംഗങ്ങളാണ് ഉണ്ടായിരുന്നത്. - അതായത് എന്റെ ഭാര്യയും മകനും ഞാനും. എന്നാൽ അടുത്ത ആഴ്ചയിൽ പത്തൊൻപതോളം പേർ കടന്നു വരുവാൻ ഇടയായി. സഭാസ്ഥാപനത്തെ സംബന്ധിച്ച് അനേക പാരമ്പര്യ ചിന്താഗതികളെ ഞങ്ങൾ അതിജീവിച്ചു. ആദ്യത്തെ വർഷം നൂറു പേരെയും അടുത്ത വർഷത്തിനുള്ളിൽ 200 പേരെയും നേടാൻ കഴിയാതിരുന്നാൽ അംഗ വർധനവിന്റെ തടസങ്ങളെ നിങ്ങൾക്ക് അതിജീവിച്ചു മുന്നേറുവാൻ കഴിയുകയില്ല എന്നൊരു പറച്ചിൽ ഉണ്ട്. എന്നാൽ ആദ്യത്തെ വർഷം ഞങ്ങൾക്ക് ആകെക്കൂടി ഏകദേശം 35 പേരിലധികം ഇല്ലായിരുന്നു. ആരാധന തുടങ്ങുമ്പോൾ മിക്കപ്പോഴും ആറോ ഏഴോ പേർ മാത്രമേ കാണുകയുള്ളായിരുന്നു. പലപ്പോഴും ആളുകളുടെ കുറവ് എന്നെ നിരാശനാക്കിയിരുന്നുവെങ്കിലും ഞാൻ എന്റെ ലക്ഷ്യബോധം കൈവെടിഞ്ഞില്ല. ദൈവം വിളിച്ചിരിക്കുന്നു, അവിടുന്ന് നല്ലതു ചെയ്യുമെന്നും ഞാൻ അറിഞ്ഞിരുന്നു. എന്നാൽ ഞാൻ അഴുക്കെന്നു കരുതിയിരുന്ന വിഷയമാണ് കർത്താവ് നല്ലത് എന്നു കരുതിയിരുന്നത് എന്നു ഞാൻ മനസിലാക്കിയിരുന്നില്ല.

എന്നാൽ 1996-ൽ വസന്തകാലത്ത് ഞങ്ങൾ മീറ്റിംഗ് നടത്തിക്കൊണ്ടിരുന്ന പബ്ലിക്ക് സ്ക്കൂൾ ഫയർകോഡ് വയലേഷൻ നിമിത്തം പൂട്ടുവാനിടയായി. പിന്നീട് ഞങ്ങൾക്ക് സകല വാതിലുകളും അടയുകയും യൂണിയൻ സ്റ്റേഷനിനടുത്തുള്ള ഒരു തീയേറ്ററിന്റെ വാതിലുകൾ ഞങ്ങൾക്കു തുറന്നു ലഭിക്കുകയും ചെയ്തു.

ഓരോ വർഷവും 25 മില്യൺ അധികം ആളുകൾ ഈ സ്റ്റേഷനിലെത്താറുണ്ട്. അതുകൊണ്ട് ഇത് തികച്ചും യോജ്യമായ ഒരു സ്ഥലമായിരുന്നു. അവിടെ 9 വെള്ളിത്തിരകളും 40 ഭക്ഷണശാലകളും കാർ പാർക്കു ചെയ്യുവാനുള്ള മൈതാനവും ഉണ്ട്. മാത്രമല്ല ഭൂഗർഭ റെയിൽ സൗകര്യവും ഉണ്ടായിരുന്നു. എന്നാൽ ഡി സി പബ്ലിക്ക് സ്ക്കൂളിന്റെ വാതിലുകൾ കർത്താവ് അടച്ചില്ലായിരുന്നെങ്കിൽ ഈ വെള്ളിത്തിരയിലേക്ക് ഞങ്ങൾ വരികയില്ലായിരുന്നു.

## കമ്പോളത്തിന്റെ നടുവിൽ

പാരമ്പര്യമായ ഒരു മനോനിലയോടെയാണ് ഞാൻ സഭസ്ഥാപിക്കാനിറങ്ങിയത്. ഒരു ചർച്ച് ബിൽഡിംഗ് കെട്ടുവാനോ വാങ്ങുവാനോ കഴിയുന്നതുവരെ വാടക കെട്ടിടത്തിൽ കൂടി വരിക എന്നതായിരുന്നു എന്റെ ചിന്താഗതി. എന്നാൽ ഉടനെയെ ങ്ങും ആ ഒരു അവസ്ഥയിൽ എത്തുവാൻ കഴിയുമെന്ന് ഞാൻ കരുതിയിരുന്നില്ല. വസ്തുവിന് ഒരു ഏക്കറിന് പത്തു മില്യൺ ഡോളറായി വിലവരുന്ന കാലം . നല്ല സൗകര്യമുള്ള ഒരു തീയേറ്ററുള്ളപ്പോൾ ഞാനെന്തിനാണ് ബിൽഡിംഗ് കെട്ടുകയും സ്ഥലം വാങ്ങുകയും ചെയ്യുന്നതെന്ന് ഞാൻ ചിന്തിച്ചു. ഇങ്ങനെയുള്ള ഒരു ചന്തസ്ഥലത്ത് സഭ നടത്തുന്നത് ഞങ്ങളുടെ ഒരു ആത്മീയ ഉപഹാരമായിട്ട് ഞങ്ങൾ കണക്കാക്കി.

കൂടാതെ ഞങ്ങൾ ആ ചന്തസ്ഥലത്തിനു ചുറ്റുമായി മറ്റു നാലു തീയേറ്ററുകളിൽ ആരാധന ആരംഭിച്ചു. മാത്രമല്ല, സഭയുടെ വകയായി ഒരു വിലിയ കോഫിഹൗസും ആരംഭിച്ചു. 2008-ൽ എബനേസർ എന്ന പേരിൽ ആരംഭിച്ച ഈ കോഫി ഹൗസ് ആ സ്ഥലത്തെ പേരുകേട്ട കോഫി ഹൗസായിരുന്നു. ഇങ്ങനെ സമുദായവും സഭയും ഒത്തുചേരുംവിധം ചില സ്ഥലങ്ങൾ ഒരുക്കിയെടുക്കുക.

## അഞ്ചു പാഠങ്ങൾ

ഞങ്ങളുടെ സഭാസ്ഥാപന യാത്രയിൽ ഞങ്ങൾ പഠിച്ച ചില പാഠങ്ങൾ ചുവടെ ചേർക്കുന്നു.

### 1- അതിർത്തി വിശാലമാക്കുക.

നിങ്ങൾക്ക് ഒരു ഹ്രസ്വകാല വീക്ഷണമാണുള്ളതെങ്കിൽ നിങ്ങൾ എന്നും നിരാശയിൽ കഴിയേണ്ടി വരും. പലപ്പോഴും മനസ് വിഫലമായ കാര്യങ്ങളിലേക്ക് കേന്ദ്രീകരിക്കുമ്പോൾ ഞാൻ നിരാശനായി തീരുന്നു. അതുകൊണ്ട് ഞാൻ വിശാലമായി ചിന്തിക്കേണ്ടിയിരിക്കുന്നു. 2000 വർഷങ്ങൾക്കു മുമ്പേ യേശു എന്റെ പാപങ്ങൾക്കായി മരിച്ചു എന്നത് ഞാൻ എന്നെതന്നെ ഓർപ്പിക്കേണ്ടതുണ്ട്. എനിക്കു ലഭിക്കുവാൻ പോകുന്ന നിത്യതയെക്കുറിച്ച് ഞാൻ ഓർക്കേണം. അങ്ങനെ ആത്മീയമായി ഞാൻ പരിപോഷിപ്പിക്കപ്പെടുവാൻ ഇടയായി. ഞാൻ എന്തുകൊണ്ടു ചെയ്യുന്നു ? എന്തു ചെയ്യുന്നു ? എന്റെ ജീവിതത്തോടുള്ള ദൈവ വിളിയുമായി ഞാൻ അതിനെ ബന്ധപ്പെടുത്തേണം. ഞാൻ ഒരു ദൂരവ്യാപകമായ ലക്ഷ്യത്തിലാണെന്നുള്ളത് മറക്കുവാൻ പാടില്ല.

വളരുന്നതിന് സമയം ആവശ്യമാണ്. ഒരു കാര്യത്തെ കൈകാര്യം ചെയ്യുവാനുള്ള കഴിവിനപ്പുറം നിങ്ങളെ ദൈവം അനുഗ്രഹിക്കയില്ല. നിങ്ങൾ എന്തു ചെയ്തുകൊണ്ടിരിക്കുന്നു എന്നതിനെക്കാൾ നിങ്ങൾ എന്തായിക്കൊണ്ടായിരിക്കുന്നു എന്നതിലാണ് ദൈവത്തിന് കൂടുതൽ ഉത്കണ്ഠ. നിങ്ങൾ എത്രത്തോളം കാത്തിരിക്കുന്നുവോ അത്രത്തോളം അംഗീകരിക്കപ്പെടുന്നു. നിങ്ങൾ വ്യക്തിപരമായ വളർച്ച സഭയുടെ പൊതുവായ വളർച്ചയെയും ബാധിക്കുന്നു.

### 2- തെറ്റുകൾ ചെയ്യുക

ഓരോ സഭാസ്ഥാപകനും ഭയത്തോടും തോൽവിയോടും പോരാടേണ്ടതുണ്ട്. വിജയം ഇതിനുള്ള ഔഷധമല്ല. എന്നാൽ ചെറിയ തോതിലുള്ള തോൽവിയാണ് ഇതിനുള്ള മരുന്ന്. അങ്ങനെ നിങ്ങൾക്ക് പ്രതിരോധശ്ക്തി ലഭിക്കുവാനിടയാകും. പരാജയത്തിന് ഒരു വിടുതൽ ശക്തിയുണ്ട്. ദൈവം അവിട നിന്നും എഴുന്നേല്പിക്കുകയും നിങ്ങൾ ദൈവത്തിന്റെ സന്നിധിയിൽ താഴുവാനിടയാകുകയും ചെയ്യും.

എന്റെ കൂടെയുള്ള പ്രവർത്തകർ തെറ്റു ചെയ്യുന്നതിൽ എനിക്കു പരാതിയില്ല. എന്നാൽ അവർ അതേ തെറ്റുകൾ ആവർത്തിക്കുന്നതിനോടാണ് എനിക്കു യോജിക്കുവാൻ കഴിയാത്തത്. തെറ്റുകൾ എന്നാൽ നിങ്ങൾ പുതിയ കാര്യങ്ങൾ ആരായുകയാണന്നർത്ഥം. ഒരു നേതാവെന്നുള്ള നില

യിൽ വളരുന്നതിനുള്ള ഒരു വഴിയുമാണത്.

**3- താരതമ്യം ചെയ്യുന്നത് നിർത്തുക.**

ഞാൻ മത്സര മനോഭാവമുള്ളവനാണ്. എങ്ങും തോൽക്കുന്നതിൽ ഞാൻ സന്തോഷനവാനാണ്. എന്നാൽ എന്റെ അത്തരമുള്ള മനസിനെ ശുദ്ധി ചെയ്ത് അവിടുത്തെ ഉദ്ദേശത്തിനായി എന്നെ മാറ്റുവാൻ ഞാൻ ദൈവത്തോടു പ്രാർത്ഥിച്ചു. പലപ്പോഴും നാം മറ്റുള്ള പാസ്റ്ററന്മാരെയും സഭകളെയും നോക്കി താരതമ്യം ചെയ്യുകയും അവരോട് മത്സരമനോഭാവമുള്ളവരായിത്തീരുകയും ചെയ്യുന്നു.

ആരോഗ്യകരമായ നേതൃത്വമുള്ളവർക്ക് സ്വർഗരാജ്യത്തെക്കുറിച്ചുള്ള ഒരു ധാരണ ഉണ്ടായിരിക്കും. എല്ലാ കാര്യങ്ങളിലും എല്ലാമായിത്തീരുവാൻ ഉള്ള ആവശ്യമെനിക്കില്ല. എന്തുകൊണ്ടെന്നാൽ , എന്റെ ഒരു സഭമാത്രമല്ലല്ലോ പട്ടണത്തിലുള്ളത്. വിവിധ തരത്തിലുള്ള ആളുകൾ ഉള്ളതുകൊണ്ട് വിവിധ തരത്തിലുള്ള സഭകളും നമ്മൾക്ക് ആവശ്യമാണ്. സുവിശേഷം പ്രസംഗിക്കുന്ന നമുക്ക് ഈ വൈവിധ്യത്തെ ആഘോഷിക്കാം.

നിങ്ങക്കുള്ളത്രയും കഴിവില്ലാത്ത ഒരാളോട് നിങ്ങൾ നിങ്ങളെത്തന്നെ താരതമ്യം ചെയ്യുമ്പോൾ നിങ്ങൾ അഹങ്കാരിയായിത്തീരുവാനിടയാകുന്നു. നിങ്ങളെക്കാളുപരി പ്രാപ്തിയുള്ളവരുമായി താരതമ്യം ചെയ്യുമ്പോൾ നിങ്ങൾ അസൂയ ഉള്ളവനായി തീരുന്നു. എങ്ങനെ നോക്കിയാവും നഷ്ടം നിങ്ങൾക്കാണ്. നിങ്ങൾ ആരാണെന്ന് കണ്ടു പിടിക്കുന്നതാണ് നേതൃ വെല്ലുവിളിയുടെ ഒരു ഭാഗം. നിങ്ങൾ ആരല്ല എന്നു മനസിലാക്കുന്നതാണ് അതിന്റെ മറ്റൊരു ഭാഗം. നിങ്ങളുടെ ബലഹീനതയിൽ താങ്ങുവാൻ കഴിയുന്ന ആളുകളുമായി ബന്ധം പുലർത്തുക. ആദ്യ കാലങ്ങളിൽ നിങ്ങളുടെ വരങ്ങൾ മറ്റുള്ളവരെ സ്വാധീനിക്കുമെങ്കിലും കാലാന്തരത്തിൽ ഈ വരങ്ങൾക്കുള്ള കാലാന്തര ശക്തി കുറഞ്ഞു വരുന്നു. എന്നാൽ പിന്നീട് നിങ്ങളുടെ സ്വാധീനമെന്നത് നിങ്ങളോടൊപ്പമുള്ള ആളുകളുടെ വരപ്രാപ്തിക്ക് അനുസാരമായി നിർണയിക്കപ്പെടുന്നു.നിങ്ങൾക്ക് വ്യക്തമായ ദർശമില്ലായെങ്കിൽ എല്ലാവർക്കുവേണ്ടിയും എല്ലാം ആകുവാൻ നിങ്ങൾ ശ്രമിക്കും. വർഷങ്ങൾക്കു മുമ്പ് ഏബ്രഹാംലിങ്കൺ പറഞ്ഞ ഒരു കാര്യം ഞാൻ മനഃപാഠമാക്കിയിരുന്നു. നിങ്ങൾക്ക് കുറെക്കാലത്തേക്ക് എല്ലാവരേയും പ്രസാദിപ്പിക്കാനാവും ചിലരെ എല്ലാക്കാലത്തേക്കും പ്രസാദിപ്പിക്കാനാകും. എന്നാൽ എല്ലാവരേയും എല്ലാക്കാലത്തും പ്രസാദിപ്പിക്കാൻ കഴിയില്ല. ഇത് നേതൃത്വത്തിനുള്ള ഒരു സൂത്ര വാക്യമാണ്.

**4 പഠിച്ചുകൊണ്ടേയിരിക്കുക.**

നിങ്ങളുടെ ശുശ്രൂഷയുടെ വിജയത്തിന്റെ രഹസ്യമെന്താണ് എന്ന് ഒരാൾ ചോദിച്ചതിന് പഠിച്ചുകൊണ്ടേയിരിക്കുക എന്നു ഞാൻ മറുപടി നല്കി.

നേതാക്കന്മാർ പഠിതാക്കളാണ്. പാവനമായ ഒരു ജിജ്ഞാസയാണ് അവരെ മുന്നോട്ടു നയിക്കുന്നത് തങ്ങളുടെ അറിവുകേടിനെ സമ്മതിക്കത്തക്കവണ്ണം അവർ താഴ്മയുള്ളവരായിരിക്കണം. ഒരു അടയ്ക്കപ്പെട്ട സിദ്ധാന്തമായിത്തീരുമോ എന്നതായിരുന്നു എന്റെ ഭയം. നയിക്കേണ്ടതിനു പകരം നിർവഹണത്തിലേക്കു മാറുമോ എന്നും ഭാവിയെ കെട്ടുപ്പടുക്കുന്നതിനു പകരം ഭൂതകാലത്തെ ആവർത്തിക്കുമോ എന്നും ഞാൻ ഭയന്നിരുന്നു.

എന്നാൽ എന്നെ ഒരു തുറന്ന സിദ്ധാന്തമുള്ളവനാക്കി മാറ്റിയത് രണ്ടു കാര്യങ്ങളാണ്. ഒന്നാമത് പുസ്തകങ്ങൾ എനിക്ക് പുതിയ വഴികളെ തുറന്നു കാട്ടി. രണ്ടാമത്, മറ്റു സഭകൾ സന്ദർശിച്ച് പുതിയ ആശയങ്ങൾ ഞാൻ ഉൾക്കൊണ്ടു. അങ്ങനെ നാഷണൽ കമ്മ്യൂണിറ്റി ചർച്ചിനെ സംബന്ധിച്ച് ആരോഗ്യകരമായ ഒരു വീക്ഷണം ഉണ്ടാക്കിയെടുക്കുവാൻ എനിക്കു സാധിച്ചു.

**5- പ്രയാണം ആസ്വദിക്കുക**

നിങ്ങൾ നിങ്ങളെക്കുറിച്ച് ഒരു വാക്കിൽ ഉത്തരം പറയുവാൻ പറഞ്ഞാൽ എന്തായിരിക്കും പറയുന്നതെന്ന് ഒരു ഇന്റർവ്യൂവിൽ എന്നോടു ചോദിച്ചു. *പ്രചോദിക്കപ്പെട്ടവൻ* എന്നു ഞാൻ ഉത്തരം കൊടുത്തു. അപ്പോൾ അത് തികച്ചും യോജ്യമായ ഉത്തരം എന്നു എനിക്കു തോന്നിയാലും ഇപ്പോൾ എനിക്കത് അങ്ങനെ തോന്നുനനില്ല.

30 വയസാകുന്നതിനു മുമ്പ് 1000 പേരുള്ള ഒരു സഭ ഉണ്ടാക്കുക എന്നതായിരുന്നു എന്റെ ആഗ്രഹം. ലക്ഷ്യം നല്ലതെങ്കിൽ ദൈവികമായ ആഗ്രഹം വെച്ചു പുലർത്തുന്നതിൽ തെറ്റില്ല. നമ്മുടെ സ്വപ്നങ്ങൾ നമ്മുടെ ആത്മീക പക്വതയ്ക്കൊത്തതായിരിക്കും. എന്നാൽ എന്റെ ലക്ഷ്യത്തിൽ എനിക്കുണ്ടായ തെറ്റ് എന്തെന്നാൽ ആളുകളെക്കാൾ ഞാൻ എണ്ണത്തിനു പ്രാധാന്യം കൊടുത്തു എന്നതാണ്. *നട്ടവനും നനച്ചവനും ഏതുമില്ല, വളർത്തുമാറാക്കിയവനോ ദൈവമത്രേ..*(1 കൊരി. 3:7).

ഭാവികാലത്തെക്കുറിച്ച് കൂടുതലായി ചിന്തിക്കുന്നതുകൊണ്ട് എനിക്ക് എന്റെ ജീവിത യാത്രയെ വേണ്ടുംവിധം ആസ്വദിക്കുവാൻ കഴിയാതെ പോകുന്നു. എന്നാൽ തുടക്കത്തിൽ തന്നെ കർത്താവ് എന്നോട് ഇടപെട്ടു. ഇവിടെ ഇപ്പോൾ തന്നെ നിന്നാൽ ആവുന്നത്ര സവിശേഷനായ ഒരു പാസ്റ്ററായിത്തീരുക. ഇത് ഒരു മാതാപിതാക്കൾ ആയിരിക്കുന്നതിനു സമമാണ്. ജീവിതത്തിന്റെ സകല തലങ്ങളെയും നാം ആസ്വദിക്കണം. ശുശ്രൂഷ എന്നുള്ളത് ദുഷ്ക്കരമായ കാര്യംതന്നെയാണ്. എന്നാൽ ഭൂമിയിൽ ദൈവത്തിന്റെ വീണ്ടെടുപ്പു പദ്ധതിക്ക് ഭാഗഭാക്കുകളാകുവാൻ നമുക്കു ലഭിച്ച വിസ്മയാവകഹമായ പദവിയെ നാം ഒരിക്കലും മറന്നുകൂടാ. നാം ചെയ്ത ത്യാഗങ്ങളൊക്കെത്തന്നെ നിത്യമായ ഫലങ്ങൾ നല്കുന്നവയാണ്.

■



**മാർക്ക് ബട്ടേഴ്സൺ** വാഷിംഗ്ടണിലുള്ള
നാഷണൽ കമ്മ്യൂണിറ്റി ചർച്ചിന്റെ പാസ്റ്ററാണ്.

# തീരുമാനങ്ങളെ സമ്മേളിപ്പിക്കുകയും സമ്മേളിക്കപ്പെട്ട തീരുമാനക്കാരെ ശിഷ്യത്വപരിശീലകരാക്കി മാറ്റുകയും ചെയ്യുന്നത്

(പുതിയതായി മനഃപരിവർത്തനം ചെയ്തവരെ സംരക്ഷിക്കുന്ന വിധം)

**ജിം ഹാൾ**

ആത്മീയ ശിശുക്കളൊക്കെ എവിടെപ്പോയിരിക്കുന്നു ? അസംബ്ലീസ് ഓഫ് ഗോഡ് സഭ തികച്ചും ഭയാനകമായ ഒരവസ്ഥയിലെത്തിയിരിക്കുന്നു. തീരുമാനം എടുക്കുന്നതിൽ 75 ശതമാനം പേരും പിൻമാറിപോകുന്നു. ഇത് തികച്ചും ഉത്കണ്ഠ ഉളവാക്കുന്ന കാര്യമാണ്. എന്തുകൊണ്ടാണ് തീരുമാനമെടുക്കുന്നവരിൽ ചുരുക്കം ചിലപേർമാത്രം അതു നടപ്പാക്കുന്നത്. പൗലോസ് തെസ്സലോനിക്യർക്ക് എഴുതിയ കത്തുകളിൽ നിന്നും നമുക്ക് ഈ ചോദ്യത്തിന് ഉത്തരം ലഭ്യമാണ്. അദ്ദേഹം ഇങ്ങനെ പറയുന്നു. *ഒരു അമ്മ കുഞ്ഞിനെ പരിചരിക്കുന്നതുപോലെ ഞങ്ങൾ നിങ്ങളോട് ആർദ്രതയോടെയാണ് പെരുമാറിയത്* ( 1 തെസ. 2 :7). ജീവഗന്ധിയായ ബന്ധങ്ങളിലൂടെ മാത്രമേ ഈ നവ ജാത ശിശുക്കൾ ക്രിസ്തുബന്ധത്തിൽ വളരുകയുള്ള എന്ന് പൗലോസ് മനസിലാക്കി. അതുകൊണ്ട് പൗലോസിന്റെ സാന്നിദ്ധ്യ സഹകരണങ്ങൾ അവരുടെ ഇടയിൽ തുടർന്നുകൊണ്ടിരുന്നു. പൗലോസ് ഇങ്ങനെ പറയുന്നു. *നിങ്ങളെ ഓരോരുത്തരേയും അപ്പൻ മക്കളെ*

> വിശ്വാസികൾക്കിടയിൽ കാണപ്പെടുന്ന ആത്മീയ മന്ദതയ്ക്ക് പൂർണ വിരാമമിടുവാൻ പാസ്റ്റർന്മാർ പുതിയ വിശ്വാസികൾക്ക് ശിക്ഷണം നൽകുക എന്നത് അനിവാര്യമായ ഒരു കാര്യമാണ്.

*എന്നപോലെ പ്രബോധിപ്പിച്ചും ഉത്സാഹിപ്പിച്ചും നിങ്ങളോട് സാക്ഷ്യം പറഞ്ഞും പോന്നുവെന്ന് നിങ്ങൾക്കറിയാമല്ലോ.* (1തെസ്സ. 2:11). പൗലോസ് അങ്ങനെ ചെയ്തതുകൊണ്ട് അവരിൽ വലിയ രൂപാന്തരമുണ്ടാവുകയും അവർ ശക്തരായ സാക്ഷികളായിത്തീരുകയും ചെയ്തു. തികച്ചും അഭിമാനിയായ പിതാവിനെപ്പോലെ പൗലോസ് അവരെക്കുറിച്ച് ഇപ്രകാരം പറയുന്നു.. *കർത്താവിന്റെ വചനം നിങ്ങളിൽ നിന്നും മാസിഡോണിയായിലും അഖായയിലും പ്രതിധ്വനിച്ചു എന്നു മാത്രമല്ല, നിങ്ങൾക്കു ദൈവത്തിലുള്ള വിശ്വാസം എല്ലായിടത്തും പ്രസിദ്ധമായിരിക്കുകയും ചെയ്തിരിക്കുന്നു.* തങ്ങൾക്കിടയിലുള്ള ആത്മീയ മരണത്തെ പൂർണമായും വിരാമമിടുന്നതിന് പാസ്റ്ററന്മാർ പുതിയ വിശ്വാസികൾക്ക് ശിക്ഷണം നല്കുന്നത് അനിവാര്യമായ കാര്യമാണ്. നിങ്ങളുടെ സഭയിൽ വരുന്ന പുതിയ വിശ്വാസികളെ നിലനിർത്തും വിധമുള്ള ശിക്ഷണ പരിശീലനം നിങ്ങളുടെ സഭയിലുണ്ടോ ? അവർ വളരുവാനും സഭയിലെ സജീവ അംഗങ്ങളായിത്തീരുവാനും നിങ്ങൾ വഴിയൊരുക്കുന്നുണ്ടോ ?

### ശിക്ഷ്യരാക്കുന്നതിന്റെ വില

ഒരു നഷ്ടപ്പെട്ട മനുഷ്യനെ തിരികെ കിട്ടുമ്പോൾ കർത്താവ് സന്തോഷിക്കുന്നു. അവിടത്തോടൊപ്പം നാമും സന്തോഷിക്കുവാൻ കർത്താവ് നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു (ലൂക്കൊ. 15 6-10) ധൂർത്ത പുത്രന്റെ മടങ്ങി വരവിൽ തന്നോടൊപ്പം സന്തോഷിക്കുവാൻ പിതാവ് മൂത്ത പുത്രനോടു പറയുന്നത് ഇവിടെ ശ്രദ്ധേയമാണ് ( ലൂക്കൊ. 15:32). ആത്മീയ ശിശുക്കളും നമ്മുടെ സഹോദരന്മാരാണ്. നമ്മുടെ സ്വർഗസ്ഥനായ പിതാവ് നമ്മെ ഏറ്റുകൊള്ളുന്നതുപോലെ അവരെയും ഏറ്റുകൊള്ളുന്നു.

വ്യക്തിപരമായ സംരക്ഷണത്തോടെ ക്രിസ്തുവിലുള്ള ഓരോ ശിശുവിനെയും കരുതേണ്ടിന്റെ ആവശ്യകത പുതിയ നിയമം വ്യക്തമാക്കുന്നു. നിങ്ങളിൽ ഓരോരുത്തരെയും കരുതിയെന്നാണ് തെസ്സലൊനിക്യ ലേഖനത്തിൽ പൗലോസ് പറയുന്നത്. രാവും പകലും കണ്ണുനീരോടെ ഉപദേശിച്ചുവെന്ന് എഫേസ്യരെ ഓർമ്മിപ്പിക്കുന്നു. പുതിയ വിശ്വാസികളെ അനുധാവനം

ചെയ്യുക. പക്വത പ്രാപിച്ച വിശ്വാസികളുമായി അവരെ ബന്ധപ്പെടുത്തി വിടുന്നത് അവരെ അനുധാവനം ചെയ്യുന്നതിന്റെ പ്രഥമ ഭാഗമാണ്.

### ശിഷ്യന്മാരാക്കുന്നതിലെ സുഹൃത്ബന്ധം

പരിവർത്തനത്തിനു മുമ്പുതന്നെ സുഹൃത്ത് ബന്ധമുണ്ടാകാം. ഒരുവൻ ക്രിസ്തുവിന് തന്നത്താൻ സമർപ്പിച്ച ശേഷം ശിഷ്യരാക്കുന്ന ഒരുവനുമായി സുഹൃത്ത് ബന്ധത്തിലെത്താം. പുതിയ വിശ്വാസിക്ക് ഉള്ള സുഹൃത്ത് ബന്ധം അതേ ലിംഗത്തിൽപ്പെട്ടവരുമായി ആയിരിക്കണം. മാത്രമല്ല പ്രായം, വ്യക്തിത്വം, ജോലി , വാസസ്ഥലം, പരിശുദ്ധാത്മനടത്തിപ്പ് എന്നിത്യാദി കാര്യങ്ങളും കണക്കിലെടുക്കേണ്ടതുണ്ട്. ആദ്യമുണ്ടാകുന്ന ചില ഏറ്റക്കുറച്ചിലുകൾ ക്രമേണമാറിപ്പോകുവാനിടയാകുന്നു.

### ശിഷ്യരാക്കുന്നതിലെ വിശ്വസ്തത

ഒരു പുതിയ വിശ്വാസിയെ അവർ പരിവർത്തനം ചെയ്ത് ഒരു ദിവസത്തിനുള്ളിൽ സഭയോ അല്ലെങ്കിൽ അവർക്കായി ഉത്തരവാദിത്വപ്പെട്ട ശിഷ്യരാക്കുന്ന വ്യക്തിയോ കാല താമസമെന്യെ അയാളുമായി ബന്ധപ്പെടേണം. പുതിയ വിശ്വാസിക്ക് തക്കയോജ്യമായ ഒരു സ്ഥലത്ത് അയാളുമായി സന്ധിക്കുക.

പുതിയ വിശ്വാസിയുടെ ഭവനത്തിൽവെച്ചാണ് സന്ധിക്കുന്നതെങ്കിൽ ആ ഭവനത്തിലെ മറ്റ് അംഗങ്ങളെ കാണുവാനും പുതിയ വിശ്വാസി അവരോട് സാക്ഷിക്കുന്നതിന് അത് സഹായമായിത്തീരുവാനും ഇടയാകും.മാത്രമല്ല, പുതിയ വിശ്വാസികളുടെ പരിതഃസ്ഥിതികളെ മനസിലാക്കുവാനും അത് ഉതകുന്നു.

ശിഷ്യരാക്കുക എന്നുള്ളത് ആഴ്ചതോറും നടക്കണം. ശിഷ്യരാക്കുന്ന വ്യക്തി പുതിയ വിശ്വാസിയുടെ ആത്മീയ ജീവിതത്തിന് അനുഭവവേദ്യമായ വിശ്വസ്തതയുള്ള ആളായിരിക്കണം.

### ശിക്ഷ്യരാക്കുന്നതിലെ ആകാരപ്പെടുത്തൽ

അനുദിനവും യേശുവോട് എങ്ങനെ ബന്ധപ്പെട്ടിരാക്കാമെന്ന് മനസിലാക്കുംവിധം തിരുവചന സംബന്ധിയായ സംഭാഷണങ്ങൾ ശിക്ഷ്യത്വ പരിശീലന യോഗങ്ങളിൽ ഉണ്ടാകേണം. ദൈവത്തിന്റെ എഴുതപ്പെട്ട വചനം കേൾക്കുന്നതിലൂടെയും പ്രാർത്ഥിക്കുന്നതിലൂടെയും പ്രാർത്ഥനാ നേരത്ത് അവിടുത്ത് ആത്മാവിനാൽ നമ്മോടു സംസാരിക്കുന്നതിലൂടെയും ദൈവവുമായി നല്ല ഒരു വിനിമയബന്ധം നാം സ്ഥാപിക്കണം.

അനുനിമിഷവും ദൈവത്തോടൊത്തുള്ള സഹകരണമായിരിക്കേണം ഒരു പുതിയ വിശ്വാസിയുടെ ലക്ഷ്യം. വേദപുസ്തകം പഠിക്കുന്നത് അതിനനുസാരമായി ജീവിക്കുവാനാണെന്നുള്ളത് പ്രത്യേകം എടുത്തു കാട്ടേണം. ദൈവം ആഗ്രഹിക്കുന്നതുപോലെ ജീവിക്കത്തക്കവിധം സഹായകരവും ഉത്തരവാദിത്വപരവുമായ സമീപിനം പുതിയ വിശ്വാസികളോട് ഉണ്ടാകണം.

### ശിക്ഷ്യരാക്കുന്ന പ്രക്രിയ

**ആദ്യത്തെ കൂടിക്കാഴ്ച**

പരിചയപ്പെട്ടതിനു ശേഷം ശിഷ്യത്വപരിശീലനം നല്കുന്ന വ്യക്തി വചനം പഠിപ്പിക്കുന്നതിനോടൊപ്പം തന്നെ പുതുവിശ്വാസികൾക്ക് പ്രാർത്ഥനാ സഹായം നല്കണം. വളരെ ലളിതമായ ഭാഷയിൽ ആയിരിക്കണം പ്രാർത്ഥന. അങ്ങനെ പ്രാർത്ഥന സങ്കീർണമല്ലാത്തതും ദൈവത്തോടുള്ള സാധാരണ സംഭാഷണമാണെന്നതും പുതിയ വിശ്വാസികൾ മനസിലാക്കുവാനിടയാകും. പാഠം പഠിപ്പിച്ചതിനുശേഷം പുതിയെ വിശ്വാസിയെക്കൊണ്ട് ഇപ്രകാരം ദൈവത്തോട് സംസാരിപ്പിക്കേണം. വിശ്വസ്തതയോടും നേരോടുമുള്ള അവന്റെ പ്രാർത്ഥനയെ ശിക്ഷ്യത്വ പരിശീലകൻ അംഗീകരിച്ചു കൊടുക്കേണം.

രണ്ടാമതായി പഠിപ്പിക്കുന്ന കാര്യങ്ങളുടെ ഭാഷാശൈലി സാധാരണക്കാരന് അഥവാ പള്ളിയിൽ പോകാത്തവന് മനസിലാകത്തക്ക തരത്തിലായിരിക്കണം. വിശ്വാസിയോടൊപ്പം സംസർഗിക്കുവാനും സഹകരിക്കുവാനും ദൈവം ആഗ്രഹിക്കുന്നുവെന്ന് ബോധമുണ്ടാക്കുന്ന ലളിതമായ വേദഭാഗങ്ങൾ വേണം പാഠമായി എടുക്കാൻ താഴെ പറയുന്ന കാര്യങ്ങൾ പാഠത്തിൽ ഉൾപ്പെടുത്തേണ്ടത് ആവശ്യമാണ്.

1- യേശുവിന് പിൻപറ്റുന്നതു സംബന്ധിച്ച് ഉടമ്പടിയുടെ പുനർ വിചിന്തനം

2- വഴി കാട്ടുന്നതിനും അനുസരിക്കുവാൻ തക്കവണ്ണം സഹായകമായും അവിടുത്തെ തുടർന്നുള്ള സാന്നിദ്ധ്യം

3- ഒന്നാമത്തെയും രണ്ടാമത്തെയും കല്പനകൾ

4-വെള്ളത്തിനാലും ആത്മാവിനാലും ഉള്ള ജ്ഞാനസ്നാനം

5- വിശുദ്ധ സംസർഗം

6- ജോലി,പണം, എന്നിവയുടെ നിർവഹണ തത്വങ്ങൾ

7- സാക്ഷികളായിതതീരുന്നതും മറ്റുള്ളവരെ ശിഷ്യരാക്കിതീർക്കുന്നതും എപ്രകാരം

മൂന്നാമതായി പുതിയ ക്രിസ്ത്യാനിയോട് ഒരുമിച്ച് ഒന്നാമത്തെ പാഠ ം വായിക്കുകയും ലളിതമായ ഭാഷ യിൽ അതിനെക്കുറിച്ച് പറയുകയും ചെയ്യാം. ഒരു തിരുവചനഭാഗം എപ്രകാരമാണ് എടുക്കേണ്ടതെന്നും പാഠത്തിലെ സത്യങ്ങളെ എങ്ങനെയാണ് മനസിലാക്കേണ്ടതെന്നും അനുദിനജീവിതത്തിൽ അവർ എപ്രകാരമാണ് പ്രാവർത്തികമാക്കേണ്ടതെന്നും അവർക്കു പറഞ്ഞു കൊടുക്കണം.

ചോദ്യങ്ങളും അവയോടൊപ്പമുള്ള വേദഭാഗങ്ങളും വായിക്കുവാൻ വിശ്വാസികളോടു പറയുക. വർക്കുബുക്കിലുള്ള ചോദ്യങ്ങൾക്ക് വായിച്ച് വേദഭാഗങ്ങളിൽ നിന്നും ഉത്തരം കണ്ടുപിടിക്കുവാൻ ആവശ്യപ്പെടുക. നേരത്തെയുള്ള അറിവിനനുസരിച്ച് ഉത്തരം പറയുവാൻ അവരെ അനുവദിക്കരുത്. ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഉത്തരം കണ്ടുപിടിക്കുവാൻ വേദപുസ്തകത്തെ ആധാരമാക്കുന്ന ആയുഷ് പര്യന്തമുള്ള ശിക്ഷണമാണ് നിങ്ങൾ പുതിയ വിശ്വാസികൾക്കു നല്കുന്നത്.

താൻ വായിച്ച വേദഭാഗത്തെക്കുറിച്ച് പുതിയ വിശ്വാസി വിശദീകരിക്കുവാൻ പറയുക. അതുമാത്രമല്ലാതെ താല്പര്യ ജനകമായി ആ വേദഭാഗത്തിൽ താൻ കണ്ട വിഷയങ്ങളെയും പറയുവാൻ ആവശ്യപ്പെടുക. ചോദിക്കപ്പെട്ട ചോദ്യങ്ങൾക്ക് ഉത്തരം എന്നതിലുപരിയായി വേദസത്യങ്ങളെ പരിശുദ്ധാത്മാവ് അവർക്കു വെളിപ്പെടുത്താം. ഇത് അവർക്ക് സഹായകമാണ്. ശരിയായ നിലയിൽ ഉത്തരങ്ങൾ പരിശോധിക്കുകയും സത്യം മനസിലാക്കുംവിധം അവരെ തിരുത്തുകയുംവേണം.

നാലാമതായി, ഓരോ ആഴ്ചയും ഒരു പ്രത്യേക സമയത്ത് കണ്ടുമുട്ടുവാൻ അനുവദിക്കുക. കഴിയുന്നത്ര പുതിയ വിശ്വാസികളുടെ സൗകര്യത്തിനൊത്ത് കണ്ടു മുട്ടുക. മാത്രമല്ല, സുഹൃത്ത്ബന്ധം ഉറപ്പിക്കുംവിധം ആഴ്ചതോറും അവരുമായി ബന്ധപ്പെടുന്നത് നല്ലതാണ്. അതായത്, ഒരുമിച്ച് ആഹാരം കഴിക്കുക , ഫോൺ വിളിക്കുക, ഒരുമിച്ച്, യാത്രകൾ ചെയ്യുക ഇത്യാദി. ഇത്തരം സന്ദർഭങ്ങളിൽ പുതു ക്രിസ്ത്യാനികൾക്ക് തന്റെ ഉള്ളം തുറന്നു സംസാരിക്കുവാനും ചോദ്യങ്ങൾ ചോദിക്കുവാനും കഴിയും. ശിക്ഷ്യത്വ പരിശീലനം നല്കുന്ന ആൾകൾക്ക് പരിശീലിപ്പിക്കപ്പെടുന്ന ആളിന്റെ ആത്മീയ നിലവാരം മനസിലാക്കുവാനും ഇത് ഉതകും. പുതിയ വിശ്വാസിയെ കാണുകയും അവരോടൊപ്പം സമയം ചെലവഴിക്കുകയും ചെയ്യുന്നതിൽ വിശ്വസ്തരാ

യിരിക്കുക. അവരുടെ ആത്മീയ വളർച്ച അതിനെ ആശ്രയിച്ചാണിരിക്കുന്നത്.

ഒടുവിലായി അനുദിന ജീവിതത്തിൽ പ്രാർത്ഥനയുടെയും വചനധ്യാനത്തിന്റെയും ആവശ്യകതയെക്കുറിച്ച് അവർക്ക് വിശദീകരിക്കുക. അതിനായി ഒരു സ്ഥലവും സമയവും കണ്ടെത്തുന്നതിൽ അവരെ സഹായിക്കുക. ദൈവത്തോട് പ്രാർത്ഥിക്കുന്നതിൽ വിശ്വസ്തരായിരിക്കുവാൻ അവരെ പ്രോത്സാഹിപ്പിക്കുക.

**രണ്ടാമത്തെ കണ്ടുമുട്ടൽ**

ഒന്നാമത്തെ പാഠം പൂർത്തീകരിക്കുകയോ രണ്ടാമത്തെ പാഠം തുടങ്ങുകയോ ചെയ്യുക. പുതിയ വിശ്വാസിക്ക് ഈ വിഷയത്തിൽ എന്തു സഹായം ആവശ്യമായിരിക്കുന്നുവോ അത് ചെയ്തുകൊടുക്കുക. പഠിച്ച വിഷയങ്ങൾ ഏതെങ്കിലും ജീവിതത്തിൽ പ്രായോഗികമാക്കീട്ടുണ്ടോ എന്നു ചോദിക്കുക. ധ്യാനിക്കുവാനും ദൈവസാന്നിദ്ധ്യമറിയുവാനും ഇടയായിട്ടുണ്ടോ എന്നും അന്വേഷിക്കുക.

**മൂന്നാമത്തേതും തുടർന്നുള്ളതുമായ കൂടിക്കാഴ്ചകൾ**

കഴിഞ്ഞ ക്ലാസിൽ നിങ്ങൾ പഠിപ്പിച്ച പാഠം ഒന്നൂടെ ആവർത്തിക്കുക. പഠിച്ച പാഠഭാഗത്തിലെ സത്യങ്ങൾ മനസിലാക്കുവാൻ പുതിയ വിശ്വാസികൾക്കു വഴികാട്ടുക. അവന്റെ ഉത്തരങ്ങളും ചോദ്യങ്ങളും പ്രതികരണങ്ങളും ചർച്ച ചെയ്യുക. തന്റെ ജീവിതത്തിന് ഇപ്പോൾ ആവശ്യമില്ലാത്ത ചോദ്യങ്ങൾ ഉയർത്തുമ്പോൾ പിന്നീട് അതിന് ഉത്തരം നല്കാം എന്നു പറഞ്ഞ് ഇപ്പോൾ ഉള്ള പാഠത്തിന് ശ്രദ്ധ ചെലുത്തുക. എന്നാൽ അവന്റെ ചോദ്യം അവനെ പഠിച്ചുകൊണ്ടിരിക്കുന്ന പാഠത്തിൽ ശ്രദ്ധ ചെലുത്തുവാൻ കഴിയാത്തവിധം ആക്കി തീർക്കുന്നുവെങ്കിൽ , ആവിഷയത്തെക്കുറിച്ച് തുടർന്നുള്ള പാഠങ്ങളിൽ ചർച്ച ചെയ്യപ്പെടുന്നുണ്ടെങ്കിൽ, ഉടൻതന്നെ ആ പാഠത്തിലേക്കു ചെന്ന് അവനെ മഥിച്ചുകൊണ്ടിരിക്കുന്ന വിഷയത്തിനു മറുപടി കൊടുക്കുക. പുതിയ വിശ്വാസി വചനത്തെ പ്രായോഗികമാക്കുന്നുവോ എന്നുള്ളത് ഉറപ്പു വരുത്തുക. അവന്റെ ജീവിത വളർച്ചയെ അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. ഒരു മിച്ചു പ്രാർത്ഥിക്കുമ്പോൾ അയാളുടെ ജീവിതത്തിലുള്ള ദൈവിക ക്രിയകൾക്കായി ദൈവത്തിനു നന്ദി പറയുക. പ്രാർത്ഥിക്കുമ്പോൾ അനുദിനജീവിതത്തിൽ ദൈവത്തിന്റെ സഹായമുണ്ടാകുവാൻ പ്രാർത്ഥിക്കുക.
മീറ്റിംഗിന്റെ അവസാനം അടുത്ത പാഠത്തെക്കുറിച്ച് ഒരു സൂചന നല്കുക. തുടർന്നു വരുന്ന പാഠങ്ങൾക്കും ഇതേ പ്രക്രിയ തുടരുക. ഒരാളിൽ നിന്നും ഒരാളിലേക്ക് എന്ന രീതിയിലുള്ള പഠനത്തിനു ശേഷം സംഘം ചേർന്നു പഠിക്കുവാനുള്ള സാഹചര്യം പുതിയ വിശ്വാസികൾക്കൊരുക്കി കൊടുക്കുക.

## ശിഷ്യരാക്കി തീർക്കുന്നതിലെ വേഗത

ഓരോ കണ്ടുമുട്ടലിലും പാഠങ്ങൾ തീർക്കുന്നു എന്നതിലുപരി പതിവായി ഉള്ള കണ്ടുമുട്ടലാണ് പ്രാധാന്യം അർഹിക്കുന്നത്. ചില സമയങ്ങളിൽ വിശ്വാസിയുടെ ജീവിതത്തിലെ ചില വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് നാളുകൾ സമയം എടുക്കും. ജീവിതത്തിൽ സത്യം പ്രായോഗികമാക്കുന്നതിന് എത്രത്തോളം സമയം ആവശ്യമായിരിക്കുന്നുവോ അത്രത്തോളം സമയം എടുക്കേണ്ടത് ആവശ്യമാണ്.

## ശിഷ്യരാക്കുന്നതിലെ ബന്ധങ്ങൾ

ശിഷ്യത്വ പരിശിലനം നൽകുന്നവർ പുതിയ വിശ്വാസികളെ സഭയിലുള്ളവരുമായി ബന്ധപ്പെടുത്തണം. മറ്റുള്ള ആളുകളെയും അവരുടെ പ്രവർത്തനങ്ങളെയും പരിശീലകൻ പുതിയ വിശ്വാസികൾക്കു പരിചയപ്പെടുത്തി കൊടുക്കണം. ഇക്കാര്യങ്ങൾ പരിശീലകൻ വളരെ വിശ്വസ്തതയോടെ ചെയ്യേണ്ട കാര്യങ്ങളാണ്.

## ജലസ്നാനം

ജലസ്നാനം വളരെ പ്രാധാന്യമർഹിക്കുന്ന ഒരു കാര്യമാണ്. പുതുജനനത്തിനുശേഷം അധികം താമസിക്കാതെ അവരെ ജലസ്നാനമെടുക്കുവാൻ അവരെ പ്രോത്സാഹിപ്പിക്കേണം. താൻ പരിശീലനം കൊടുത്ത പുതിയ വിശ്വാസിയുടെ ജലസ്നാനശുശ്രൂഷയിൽ പരിശീലകൻ പങ്കെടുക്കുന്നത് നന്നായിരിക്കും. ജ്ഞാനസ്നാനത്തിന്റെ സമയത്ത് ബന്ധുമിത്രാദികളെ ക്ഷണിക്കുന്നത് പുതിയ വിശ്വാസിക്ക് അവരുടെ മുമ്പിൽ ഒരു സാക്ഷ്യമാകും.

**വളർച്ചയെ അളക്കുന്നത്**

പുതിയ വിശ്വാസി പഴയ ജീവിത ശൈലിക്കു പകരമായി തിരുവചനവും ആത്മാവിന്റെ നടത്തിപ്പിനൊത്തവണ്ണം പുതിജീവിതം ചെയ്യുന്നതിനുവേണ്ടി ശിഷ്യത്വ പരിശീലകൻ ക്ഷമയോടെ കാത്തിരിക്കണം. ഒരു പുതിയ വിശ്വാസിയുടെ ജീവിത മാറ്റമെന്നത് മനുഷ്യന്റെ സമ്മർദ്ദത്താലുണ്ടാകുന്നതല്ല പിന്നയോ യേശുക്രിസ്തുവിന്റെ കർത്തൃത്വത്തിൻ നിമിത്തമുണ്ടാകുന്നതാണ്. വിശ്വാസിയുടെ ജീവിതത്തിൽ മാറ്റങ്ങൾ കാണുമ്പോൾ അതിനെ അംഗീകരിച്ച് അയാളെ ഉത്സാഹപ്പെടുത്തണം. തുടർന്നു പ്രാർത്ഥിക്കുന്നതും വചനം ധ്യാനിക്കുന്നതും അതിലൂടെ ദൈവത്തിങ്കൽ നിന്നു ശ്രവിക്കുന്നതും അനുസരണവും ദൈവത്തെയും മനുഷ്യനെയും കൂടുതൽ സ്നേഹിക്കുന്നതും ഇവകൾ രൂപാന്തരത്തിന്റെ കണക്കിലെടുക്കാവുന്ന അളവുകോലാണ്.

## വർധനവ്

പുതിയ വിശ്വാസി മറ്റൊരു വിശ്വാസിയെ ശിഷ്യരാക്കുന്ന അളവിൽ എത്തുംവരെ ക്കും ശിഷ്യത്വ പരിശീലനം തുടർന്നുകൊണ്ടിരിക്കണം. തന്റെ സ്വന്തബന്ധങ്ങളിൽ ഒരു സാക്ഷിയായി നിലകൊള്ളുവാൻ ശിഷ്യത്വ പരിശീലകൻ പുതു വിശ്വാസിയെ പ്രോത്സാഹിപ്പിക്കേണം. അങ്ങനെ ശിഷ്യത്വ പരിശീലനം മുന്നേറുമ്പോൾ മറ്റൊരാളെ ശിഷ്യരാക്കുന്നതിനുവേണ്ടിയാണ് ഈ വിശ്വാസിക്ക് ശിഷ്യത്വ പരിശീലനം നല്കുന്നുവെന്നുള്ളത് അയാൾക്ക് വിശദീകരിച്ചു കൊടുക്കണം. മറ്റു പുതിയ വിശ്വാസികളെ സഹായിക്കുംവിധം ദൈവം അയാളെ ഉപയോഗിക്കും എന്ന് അയാൾക്ക് മനസിലാക്കി കൊടുക്കേണം.

## അംഗീകാരം

ശിഷ്യത്വ പരിശീലനത്തിന്റെ ഒടുവിൽ പരിശീലകനും പരിശീക്കപ്പെട്ട വ്യക്തിയും സഭയിൽ ഒരു ഞായറാഴ്ച ആദരിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും വേണം. ശിഷ്യത്വ പരിശീലനത്തിന്റെ മതിപ്പിന് പൊതുജനം അറിയുംവിധം അവർക്ക് പൊതുസമക്ഷം സർട്ടിഫിക്കറ്റുകൾ നല്കണം.

## ശിഷ്യത്വ പരിശീലനത്തിനുള്ള തയ്യാറെടുപ്പ്

**ശിഷ്യത്വ പരിശീലകരെ തെരഞ്ഞെടുക്കുന്നത്**

ശിഷ്യത്വത്തെക്കുറിച്ചുള്ള പ്രഭാഷണ പരമ്പര ശിഷ്യത്വ പരിശീലകരെ നിങ്ങളുടെ സഭയിൽ നിന്നും എഴുന്നേല്പിക്കുവാൻ കാരണമാക്കുന്നു. അവർ പാസ്റ്ററോടോ മറ്റ് സഭാപ്രവർത്തകരോടോ ബന്ധപ്പെടുംവിധം വ്യക്തിപരമായ ക്ഷണമാണ് നൽകേണ്ടത്.

## തീരുമാനത്തിലേക്കു വഴിനടത്തുന്ന ശിഷ്യത്വം

**ശിഷ്യത്വത്തിന്റെ മുൻപുള്ള തീരുമാനം സൗഹൃദബന്ധത്തിന്റെ കാലത്ത് എടുക്കാവുന്നതാണ്. ജീവിതത്തിന് വലിയ മാറ്റങ്ങൾ ഉണ്ടാകുന്ന തീരുമാനങ്ങൾ എടുക്കുന്നതിന് പുതിയ വിശ്വാസിയെ ഇതു സഹായിക്കും.**

ഉടമ്പടിയെ സംബന്ധിച്ച ശരിയായ ഗ്രാഹ്യം.

1- യേശുക്രിസ്തു തന്റെ അധികാരത്തിന് സമർപ്പിക്കപ്പെട്ടവർക്കു മാത്രമേ നിത്യജീവൻ നല്കുകയുള്ളൂ എന്നത് വ്യക്തമാക്കണം. സമർപ്പണമില്ലെങ്കിൽ രക്ഷയുമില്ല.

2-സഭയിൽ പോകാത്ത വ്യക്തിക്ക് മനസിലാകുന്ന വിധത്തിലുള്ള പദങ്ങളും അവന്റെ വ്യക്തിത്വത്തിനൊത്ത ഭാഷാശൈലിയിലും സംസാരിക്കുക.ഉദാഹരണത്തിന് യേശു മീൻ പിടുത്തക്കാരോട് മീൻപിടുത്തത്തെക്കുറിച്ചും വെള്ളംകോരുവാൻ വന്ന ശമര്യക്കാരത്തിയോട് ജീവജലതത്തെക്കുറിച്ചും സംസാരിച്ചു.

സുവിശേഷം സത്യമാണെന്നുള്ള ഉള്ളുണർവ്. ഒരു വ്യക്തിക്ക് പാപബോധമുണ്ടാക്കി അവനെ ക്രിസ്തുവിന്റെ അടുക്കലേക്കു നയിക്കുക എന്നുള്ളത് പരിശുദ്ധാത്മാവിന്റെ കർത്തവ്യമാണ്. എന്നാൽ ആ വ്യക്തി തീരുമാനം എടുക്കേണം. യേശു ഇപ്രകാരം പറഞ്ഞു, *ധാന്യം വെളഞ്ഞാലുടനെ കൊയ്ത്തുകാലം വന്നതുകൊണ്ട് അയാൾ അതിനെ അരിവാൾ വെയ്ക്കും.* (മർക്കൊ. 4 29) പ്രാർത്ഥിക്കുക എന്നുള്ളതുമാത്രമാണ് നമ്മുടെ പങ്ക്.

യേശുവോടൊപ്പമുള്ള ബന്ധത്തിനായി എടുക്കുന്ന തീരുമാനം അവിടുത്തെ ശൈലിക്കൊത്ത വിധമാണ്. അതിനുശേഷമുള്ള പ്രാർത്ഥന ആ വിഷയത്തിന്മേലുള്ള കൈയ്യൊപ്പാണ്. രക്ഷക്കായി മുന്നോട്ടു കടന്നു വരുന്നവർ അവർ തന്നെ ദൈവത്തോടു പ്രാർത്ഥിക്കുവാൻ അവരെ പ്രോത്സാഹിപ്പിക്കേണം.

**ജിം ഹാം,** സ്പ്രിഗ് ഫീൽഡ്

അങ്ങനെയാകുമ്പോൾ അയോഗ്യരായവരുടെ വരവ് തടയുവാൻ സഹായകമാണ്.

ശിഷ്യത്വ പരിശീലകൻ താഴെ പറയുന്ന യോഗ്യതയുള്ളവനായിരിക്കണം. യേശുവിനോടും ജനങ്ങളോടും കലർപ്പില്ലാത്ത സ്നേഹമുള്ളവനായിരിക്കണം. ദൈവത്തിന് ഭയഭക്തിയോടെ കീഴ്പ്പടുന്നവനായിരിക്കണം. നല്ലശ്രോതാവും ആശയവിനമയക്കാരനുമായിരിക്കണം. പരിശുദ്ധാത്മാഭിഷേകം പ്രാപിക്കുകയോ അല്ലെങ്കിൽ വിശ്വാസത്തോടെ അതിനായി കാത്തിരിക്കുകയോ ചെയ്യുന്നവനായിരിക്കണം. ശി,ൃത്വ പരിശീലനത്തിൽ വേണ്ടത്ര പരിശീലനം ലഭിച്ചവനായിരിക്കണം. മിക്കവരും ശിഷ്യത്വ പരിശീലനം ലഭിക്കാത്തവരായതുകൊണ്ട് ഇതാവശ്യമാണ്. തങ്ങളുടെ പാടവങ്ങളെയും ആത്മധൈര്യത്തെയും വർധിപ്പിക്കുവാൻ ഈ പരിശീലനം ഇടയാക്കും.

### ശിഷ്യത്വ പരിശീലകനുള്ള പരിശീലനം

ഒരാൾക്ക് മറ്റൊരാൾ പരിശീലനം നല്കുന്ന മാതൃക പാസ്റ്റന്മാർ കാട്ടുന്നത് നന്നായിരിക്കും. ശിഷ്യത്വ ശുശ്രൂഷയിൽ പാസ്റ്റന്മാരുടെ പങ്ക് അതിനു മതിപ്പ് വർധിപ്പിക്കുന്നു. മാത്രമല്ല, മര്റുള്ളവർക്കു പ്രയോജപ്പെടുംവിധമുള്ള അനുഭവജ്ഞാനവും അദ്ദേഹത്തിനു ലഭ്യമാകുന്നു. സഭയുടെ പരിപാലന പ്രക്രിയയിൽ തങ്ങളെയും ഉൾപ്പെടുത്തുന്നു എന്നുള്ള ചിന്ത വിശ്വാസികളെ പ്രോത്സാഹിതരാക്കുന്നു. താഴെപ്പറയുന്ന കാര്യങ്ങൾ പരിശീലനത്തിൽ ഉൾപ്പെടുത്തണം

1- വേദപുസ്തകപരമായ ഉള്ളടക്കത്തെയും ഘടനയെയും മനസിലാക്കുംവിധം പുതിയ വിശ്വാസികൾക്കു പാഠങ്ങൾ സ്വകാര്യമായി പഠിക്കുവാൻ .

2- ശിഷ്യന്മാർക്കുള്ള പരിശീലന പുസ്തകത്തിലുള്ള ചോദ്യങ്ങളെയും ഉത്തരങ്ങളെയും കുറിച്ച് വിവാദിക്കുന്നതിനുവേണ്ടി ആഴ്ചയിൽ ഒരിക്കൽ കൂടിവരേണം. പുതിയ വിശ്വാസികൾ മനസിലാക്കുംവിധത്തിൽ പരിശീലകനും പരിശീലിപ്പിക്കപ്പെടുന്ന ആളും സംസാരിക്കേണം.

3- ക്ഷമയോടെ ശ്രദ്ധാപൂർവം കേൾക്കുന്നതിന് പരിശീലിക്കേണം.

4- തങ്ങളുടെ സ്വന്ത പശ്ചാത്തലത്തെക്കുറിച്ചും വളർച്ചാനുഭവങ്ങളെക്കുറിച്ചും നേരുള്ളവരായിരിക്കണം. ശിഷ്യത്വ പരിശീലനം നൽകുമ്പോൾ പുതിയ വിശ്വാസി വളർച്ചാഘട്ടങ്ങളെക്കുറിച്ച് മനസിലാക്കുവാൻ ഇത് സഹായകമാകും.

5-പരിശീലനം ലഭിക്കുമ്പോൾ തന്നെ ഒരു പുതിയ വിശ്വാസിക്കു പരിശീനം നൽകുന്നതിന് ആരംഭിക്കണം. ഫലപ്രദമായ ശിഷ്യത്വ പരിശീലനം പ്രായോഗിക രീതിയിലൂടെയുള്ള പഠനമാണ്.

### ശിഷ്യരാക്കുന്നതിലെ സാദ്ധ്യത

ശിക്ഷ്യരാക്കുന്ന പരിശീലനത്തിൽ താല്പര്യത്തോടെ ഇടപെടുന്ന ഒരു പുതിയ വിശ്വാസിയാൽ ഒരാണ്ടിനുള്ളിൽ മറ്റ് പുതിയ വിശ്വാസികളെ ശിഷ്യരാക്കുന്ന കർത്തവ്യത്തിൽ പ്രയോജനപ്പെടുവാൻ കഴിയുമെന്നുള്ളത് നമ്മുടെ അനുഭവ പരിചയമാണ്. ഇങ്ങനെ ശിഷ്യത്വ പരിശീലനം നല്കുന്നവരുടെ എണ്ണം ഓരോ ആണ്ടും ഇരട്ടി ആക്കുവാൻ കഴിയും. ശിഷ്യത്വ പരിശീലനത്തിന് ഉള്ള പരിശീലനം നല്കുവാൻ യോഗ്യരായവരെ കണ്ടു പിടിച്ച് വേണ്ട പരിശീലനം നല്കുക എന്നുള്ളത് സഭാപാസ്റ്ററുടെ ചുമതലയാണ്.ഒരു വർഷം ഒരു സഭ ശിഷ്യത്വ പരിശീലകരായി പത്തു പേർക്ക് പരിശീലനം നല്കിയെന്നിരിക്കട്ടെ, ഓരോരുത്തരം ഓരോ ആണ്ടിൽ ഒരു പുതിയ ശിഷ്യനെ ചേർത്തു എന്നു വയ്ക്കുക. അങ്ങനെയെങ്കിൽ അഞ്ചു വർഷംകൊണ്ട് 320 ശിഷ്യരാക്കുന്നവർ അവിടെയുണ്ടാകുന്നു. ( 10+10= 20 +20 =40 + 40 = 80+80 =160+160=320) ഓരോ വിശ്വാസിയുടെ ജീവിത രൂപാന്തരത്തിന്റെ ഉത്തമമായ ഫലങ്ങൾ കാണുക എന്നതും വിശ്വാസികളുടെ എണ്ണത്തിൽ ശക്തമായ വർദ്ധനവു കാണുന്നതുമാണ് ദൈവത്തിന്റെ പദ്ധതി.

### ഉപസംഹാരം

എല്ലാ ജാതികളെയും ശിഷ്യരാക്കേണം എന്നത് നമ്മുടെ മുഖ്യ

# സത്യസന്ധമായ തീരുമാനം

## രക്ഷയും കർത്തൃത്വവും

ബില്ലിഗ്രഹാമിന്റെ പത്രത്തിന്റെ പേര് *തീരുമാനം* എന്നാണ്. സുവിശേഷ വീക്ഷണമുള്ള ഒരു പത്രത്തിന് ഇത് തികച്ചും പൊരുത്തമായ പേരാണ്. ഒരാൾ ഒരാളോട് അറിയിക്കുന്ന സുവിശേഷ ശുശ്രൂഷയിലും പൊതുവായുള്ള സുവിശേഷ മീറ്റിംഗിലും ഒക്കെത്തന്നെ തീരുമാനം എടുക്കുന്നതാണ് പ്രധാനമായ കാര്യം.

എന്റെ ജീവിതകാലത്തുടനീളം പെന്തക്കൊസ്തു സഭകളിൽ ഇനിയും പറയുംപ്രകാരമുള്ള ചോദ്യങ്ങൾ ആവർത്തിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. നിങ്ങൾ ക്രിസ്തുവിനെ നിങ്ങളുടെ രക്ഷകനായി സ്വീകരിച്ചു. എന്നാൽ നിങ്ങൾ അവിടുത്തെയെ നിങ്ങളുടെ കർത്താവായി സ്വീകരിച്ചിട്ടുണ്ടോ ? ഈ ചോദ്യം ഇന്നും ജനങ്ങളെ ആഴമായി സമർപ്പണത്തിലേക്കു നടത്തുന്നു. നിർഭാഗ്യകരമെന്നു പറയട്ടെ, ഇത് ചിലരുടെ മനസിൽ രക്ഷയ്ക്കും കർത്തൃത്വത്തിനുമിടയിൽ വേദപുസ്തകത്തിനു വിരോധമായ ചില ചിന്തകൾ ഉണ്ടാക്കിയെടുക്കുന്നു.

രക്ഷ എന്നു വെച്ചാൽ നരകയാതനയിൽ നിന്നുള്ള വിടുതൽ മാത്രമാണ് എന്ന ചിന്ത വിശ്വാസികളായ നാം വെച്ചു പുലർത്തരുത്. കർത്താവ് നമ്മെ പാപത്തിന്റെ ശിക്ഷയിൽ നിന്നു വിടുവിക്കുവാൻ മാത്രമല്ല, അതിന്റെ ശക്തിയിൽ നിന്നു വിടുവിക്കുവാൻ കൂടിയാണ് വന്നത്.

എന്റെ ജീവിതത്തിൽ രണ്ടു മുഖ്യമായ തീരുമാനങ്ങൾ ഒരേ പീഠത്തിങ്കൽ നിന്നും എടുത്തിട്ടുണ്ട്. ഒന്നാമത്തേത് യേശുക്രിസ്തുവിനെ ഏറ്റുകൊണ്ടതും രണ്ടാമത്തേത് എന്റെ വിവാഹ തീരുമാനവും. ഈ തീരുമാനങ്ങൾക്കിടയിൽ വിവിധ അനേക സാദൃശ്യങ്ങളുണ്ട്. ഒരു നിമിഷംകൊണ്ട് എടുക്കുന്ന ഈ തീരുമാനം ഭാവിയിലെ അനേക തെരഞ്ഞെടുപ്പുകളെ തീരുമാനിക്കുന്നതാണ്.

എന്റെ വിവാഹത്തിന്റെ സമയത്ത് ഞാൻ അങ്ങനെ ചെയ്യാം എന്ന് മൂന്നു വാക്കുകൾ തീരുമാനമായി പറഞ്ഞു. അതു പറഞ്ഞപ്പോൾ അത് എന്റെ ജീവിത കാലത്ത് മുഴുവൻ ബാധിക്കുന്ന കാര്യമാണെന്ന് ഞാൻ വേണ്ടതുപോലെ ഉണർന്നില്ല. ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ ആയിരക്കണക്കിന് തീരുമാനങ്ങൾ എടുക്കുവാൻ ഇടയായി. ചുരുക്കി പറഞ്ഞാൽ, എന്റെ ജീവിത കാലത്ത് ഞാൻ എപ്രകാരമുള്ള ഭക്ഷണം ഭക്ഷിക്കുമെന്നും അത് എങ്ങനെയുള്ള പാത്രത്തിൽ ഭക്ഷിക്കുമെന്നും എന്റെ അടുക്കളയിൽ എങ്ങനെയുള്ള സാധന സാമഗ്രികളാണ് േ വണ്ടതെന്നും ജനലുകളിൽ എങ്ങനെയുള്ള തിരശീലകളാണ് ഇടേണ്ടതെന്നും ഞാൻ തീരുമാനം എടുത്തു. രൂത്തിനോട് എന്റെ ഭാര്യയായി വരുന്നതിന് സമ്മതം ചോദിക്കുക എന്നത് പല വിഷയങ്ങളെക്കുറിച്ചുള്ള അവളുടെ താല്പര്യങ്ങളും തെരഞ്ഞെപ്പുകളും തീരുമാനങ്ങളും ഉള്ളടങ്ങിയിട്ടുള്ള കാര്യമാണ്.

എന്റെ ഏഴാം വയസിൽ ക്രിസ്തുവിനെ രക്ഷകനായി ഏറ്റുകൊള്ളുവാനുള്ള തീരുമാനം എടുത്തു. ആ സമയത്ത് എനിക്കത് മനസിലാകാതെ ഇരുന്നാലും ഞാൻ ആയിരക്കണക്കിന് തീരുമാനങ്ങൾ എടുത്തുകൊണ്ടിരുന്നു. ഓരോ കർത്തൃ ദിവസത്തിലും ഞാൻ എവിടെ ഇരിക്കണമെന്നും ഞാൻ ഉണ്ടാക്കുന്ന പണത്തിന്റെ വിഹിതം എവിടെ ചെല്ലണമെന്നും എങ്ങനെയുള്ള പുസ്തകങ്ങൾ ഞാൻ വായിക്കണമെന്നും എങ്ങനെയുള്ള കളികളിൽ ഇടപെടണമെന്നും ഞാൻ തീരുമാനമെടുത്തു.

നാം ക്രിസ്തുവിനെ സ്വീകരിക്കുമ്പോൾ നമ്മുടെ പാപങ്ങൾ ക്ഷമിക്കപ്പെടുന്നു. എന്നാൽ നമ്മുടെ ജീവിതത്തെ അവിടുത്തെ അധികാരത്തിൻ കീഴിൽ സമർപ്പിച്ചു കൊടുക്കുമ്പോൾ അതു നിമിത്തം അവിടുത്തെ ത്യാഗബലിക്ക് യോജ്യമായ പ്രതികരണം നമ്മിൽ നിന്നും ഉണ്ടാകണം.

വ്യക്തിപരമായ സുവിശേഷ വേലയാകട്ടെ, പൊതു ആരാധനയാകട്ടെ ഒരാൾ ക്രിസ്തുവിനെ സ്വീകരിക്കുവാൻ നാം പ്രാർത്ഥിക്കുമ്പോൾ അയാൾ താൻ എടുക്കുന്ന തീരുമാനത്തിന്റെ പ്രകൃതത്തെക്കുറിച്ച് മനസിലാക്കിയിട്ടുണ്ടോ എന്ന് ഉറപ്പാക്കണം. രക്ഷിക്കപ്പെടുമ്പോൾ നാം പാപക്ഷമ പ്രാപിക്കുന്നതുപോലെ തന്നെ ക്രിസ്തുവിന്റെ കർത്തൃത്വത്തിൽ നിന്നു നമ്മെ കീഴ്പ്പെടുത്തുകയുമാണ് ചെയ്യുന്നത്. ജീവിതം മുഴുവൻ സമർപ്പണത്തോടെ അവിടുത്തെയെ പിൻപറ്റുന്ന ഒരു പ്രവേശന കവാടമാണ് സുവിശേഷം.



**റാണ്ടി ഹസ്റ്റ് , സ്പ്രിംഗ് ഫീൽഡ്. മിസോറി**

സേനാധിപതി നല്കിയ കല്പനയാണ്. നാം അവിടുത്തെ മുമ്പിൽ നിൽക്കുമ്പോൾ പരിശിലനം നല്കിയ പാസ്റ്ററമാരെക്കുറിച്ചും നാം പിൻപറ്റിയ നമ്മുടെ ജീവിതത്തെക്കുറിച്ചും അവിടുത്തോട് നാം എന്തു കണക്കു പറയും? നമ്മുടെ അനുസരണം നിമിത്തം എത്ര പേരെ നമുക്കു കർത്തൃസന്നിധിയിൽ നിർത്തുവാനാകും ? പുതിയ വിശ്വാസികളെ ശിഷ്യരാക്കുന്നത് സഭക്ക് പുതിയതും വളർച്ച പ്രാപിക്കുന്നതുമായ ജീവിനെ നല്കുമ്പോൾ ഇപ്പോൾ തന്നെ ആ ഭാവികാല ആഘോഷത്തിന്റെ മുൻവീക്ഷണത്തെ കാണുവാൻ കഴിയും. അതായത് ക്രിസ്തുവിന്റെ ശരീരത്തിന് ആത്മീയ വർദ്ധന വരുത്തുന്ന ശുശ്രൂഷക്കായി വിശുദ്ധരെ സജ്ജരാക്കുന്നത് ഇത് ദൈവത്തിന്റെ പദ്ധതിയാണെങ്കിലും ഇതിന്റെ അവഗണന ദൈവ രാജ്യത്തിന്റെ പണിയെ വളരെ ബാധിക്കുന്നു. നാം വിശ്വസ്തരായി ദൈവത്തിന്റെ കല്പനകളെ പിൻ തുടരുമ്പോൾ പിതാവും പുത്രനും പരിശുദ്ധാത്മാവും സന്തോഷിക്കാനിടയാകും. കൊയ്ത്തിന്റെ യജമാനനായ കർത്താവ് പറഞ്ഞിരിക്കുന്ന വിധത്തിലും രീതിയിലും പ്രവർത്തിച്ച് കൊയ്ത്തിനെ കാത്തു സൂക്ഷിക്കുകയും വർധിപ്പിക്കുന്നതിലും നമുക്ക് നമ്മെത്തന്നെ സമർപ്പിച്ചു കൊടുക്കാം. ■



***ജിം ഹാമ** മിസോറിയിലെ സ്പ്രിംഗ് ഫീൽഡ് ന്യൂലൈഫ് ക്രിസ്ത്യൻ മിനിസ്ട്രീസിന്റെ സ്ഥാപകനാണ്. മാത്രമല്ല, യു എസ്സിലെ ജനനിബിഢങ്ങളായ ഇടങ്ങളിൽ സുവിശേഷ പ്രവർത്തനം ചെയ്യുന്നതിന് അസംബ്ലീസ് ഓഫ് ഗോഡിനോടു േ ചർന്ന് നാഷണൽ യു എസ് മിനിസ്റ്ററായി പ്രവർത്തിക്കുന്നു.*



# ജീവിതത്തിന്റെ തുടക്കത്തെ വിലമതിക്കുന്നത് :

## *വിവാഹപൂർവ കൗൺസെലിംഗും ശാരീരിക ധാർമ്മികതയും*

**ക്രിസ്റ്റിന എം.എച്ച്. പവ്വൽ**

*പുതിയതായി വിവാഹ ഉടമ്പടി ചെയ്ത ദമ്പതികൾക്ക് കഠിനമായ കുടുംബ പദ്ധതികളെ നടപ്പാക്കുന്നതിന് സഹായകരായിത്തീരുന്നതു നിമിത്തം ക്രീസ്തീയ കുടുംബങ്ങളുടെ അടിസ്ഥാനങ്ങൾ ഇടുന്ന പദവി പാസ്റ്റർമ്മാർക്ക് ലഭ്യമായിരിക്കുന്നു.*

രണ്ടു ജീവിതങ്ങൾ വിവാഹത്തിലൂടെ ബന്ധപ്പെടുന്നതുപോലെയുള്ള ജീവിതത്തിലെ ഏറ്റവും മുഖ്യമായ നാഴികകല്ലുകൾക്ക് വേണ്ട വഴികാട്ടൽ നല്കുന്നത് പാസ്റ്ററന്മാരുടെ ശുശ്രൂഷയിലെ ഏറ്റവും സന്തോഷകരമായ കാര്യങ്ങളിലൊന്നാണ്. വിവാഹ പൂർവ ആലോചനാസമയത്ത് ശരീരസംബന്ധിയായ ധാർമ്മികത ഉൾപ്പടെ വിവാഹത്തെ സംബന്ധിച്ച അനേക കാര്യങ്ങൾ യുവ ദമ്പതികൾക്ക് പറഞ്ഞുകൊടുക്കുവാനുള്ള സന്ദർഭം പാസ്റ്റേഴ്സിന് ലഭിക്കും. വിവാഹ ജീവിതം തുടങ്ങുവാൻ പോകുന്ന ദമ്പദികൾ പ്രതീക്ഷിക്കുന്ന ശാരീരിക ധാർമ്മിക പ്രശ്നങ്ങളെയും വിവാഹ പൂർവ ആലോചനയിൽ ഇവകളെക്കുറിച്ചുള്ള ഉപദേശം ചേർക്കുന്ന വിധങ്ങളെയും കുറിച്ച് നമുക്കു നോക്കാം.

### കുഞ്ഞുങ്ങളെ പ്രസവിക്കുന്നതു സംബന്ധിച്ച സാംസ്ക്കാരികവും വേദപുസ്തകപരവുമായ വീക്ഷണങ്ങളുടെ വൈപരീത്യങ്ങൾ

തങ്ങളുടെ വിവാഹദിനം അടുത്തു വരുന്ന കാലത്ത് ഭാര്യാഭർത്താക്കന്മാരായി തങ്ങളുടെ ജിവിതത്തെ അന്യോന്യം പങ്കിടുന്നതിനെക്കുറിച്ചുള്ള ചിന്ത അവരെ മഥിക്കുന്നു. മാതാപിതാക്കളാകുന്നത് , ഒരു

കുടുംബ ജീവിതത്തിൽ അന്യോന്യം പങ്കിടുന്നത് എന്നിത്യാദിയെക്കുറിച്ചുള്ള ചിന്തകൾ വളരെ ദൂരത്തായുള്ള ഒന്നായികാണപ്പെടുന്നു. എന്നാൽ പ്രസവിക്കുന്നതിനെക്കുറിച്ചുള്ള ചില വിഷയങ്ങളെ ചർച്ച ചെയ്യുവാനുള്ള അവസരം വിവാഹപൂർവ ആലോചനാനേരത്ത് ലഭ്യമാകുന്നു. അതായത് എപ്പോൾ കുഞ്ഞുങ്ങളെ പ്രസവിക്കേണം, എത്ര കുഞ്ഞുങ്ങളെ പ്രസവിക്കേണം, എന്നിവ കൂടാതെ പ്രത്യുല്പാദനത്തെ സംബന്ധിച്ച സാങ്കേതികതകളും.

ദമ്പതിമാരുടെ വയസ് കുഞ്ഞുങ്ങളെ പ്രസിവിക്കുന്നതിനെക്കുറിച്ചുള്ള സമയം തീരുമാനിക്കുന്നതിൽ പ്രധാന പങ്കു വഹിക്കുന്നു. ഇരുപത് അല്ലങ്കിൽ ഇരുപത്തിയഞ്ചു വയസിനടുത്തുള്ള ദമ്പതിമാർ കുടുംബ ജീവിതം തുടങ്ങുന്നതിനു മുമ്പുതന്നെ എത്തേണ്ട ചില ലക്ഷ്യം വച്ചിട്ടുണ്ടാവും. ഉദാഹരണത്തിന്, ഒരാൾ അല്ലങ്കിൽ രണ്ടുപേരും കുഞ്ഞുങ്ങളെ പ്രസവിക്കുന്നതിനു മുമ്പ് തങ്ങളുടെ വിദ്യാഭ്യാസം പൂർത്തീകരിച്ച്, ഒരു ജോലി ഉറപ്പാക്കി സാമ്പത്തിക കാര്യത്തിൽ ഒരു സ്ഥിരത ഉണ്ടാക്കിയെടുക്കണമെന്ന് വിചാരിക്കുന്നു. എന്നാൽ 30 വയസോടുത്ത സമയത്ത് വിവാഹം കഴിക്കുന്ന ദമ്പതിമാർ തങ്ങളുടെ വിദ്യാഭ്യാസം കഴിഞ്ഞ് ജോലിചെയ്യുകൊണ്ടിരിക്കുന്നവരാണ്. തങ്ങളുടെ സാമ്പത്തിക ലക്ഷ്യങ്ങൾ നേടി അവർ കുഞ്ഞുങ്ങളെ പ്രസവിക്കുവാൻ തയ്യാറായിരിക്കുന്ന കാലമാണത്.

കുഞ്ഞുങ്ങളെ പ്രസവിക്കുന്നതിനു മുമ്പ് ദമ്പതിമാർ തങ്ങളുടെ ബന്ധത്തെ ബലപ്പെടുത്തിക്കൊള്ളേണം എന്നത് ബുദ്ധിപൂർവമായ ഒരു വീക്ഷണമാണ്. കുഞ്ഞുങ്ങളെ ഒരു ഭാരമായോ മറ്റ് ലക്ഷ്യങ്ങളിലെത്തുന്നതിന് തടസമായോ ഒരിക്കലും കരുതരുത്. *മക്കൾ യഹോവയുടെ ദാനവും ഉദരഫലം അവിടുന്നു നല്കുന്ന പ്രതിഫലവുമത്രെ.* (സങ്കീ. 122 :3) ദൈവം മനുഷ്യകുലത്തിനു കൊടുത്ത ആദ്യകല്പനകളിൽ ഒന്ന് *നിങ്ങൾ സന്താനസമൃദ്ധിയുള്ളവരായി, പെരുകി ഭൂമിയിൽ നിറഞ്ഞ് അതിനെ അധീനമാക്കുവിൻ* ( ഉല്പ. 1 :28) എന്നാണ്. ഭൂമിയെലെ നമ്മുടെ ജീവിതം തീർന്നശേഷവും പിന്നെയും ജീവിതം തുടരും വിധം കുഞ്ഞുങ്ങളെ പ്രസവിക്കുക എന്നുള്ളത് ദൈവം നമുക്കു നല്കിയ വലിയൊരു ദാനമാണ്.

നിർഭാഗ്യമെന്നു പറയട്ടെ, പലപ്പോഴും ധൃതി പ്രാധാന്യമുള്ള കാര്യങ്ങളെ അവഗണിച്ചു കളയുന്നു. താല്ക്കാലിക ലക്ഷ്യങ്ങളുടെ സമ്മർദ്ദം ജീവിതമുടനീളമുള്ള ലക്ഷ്യങ്ങളെ നേടുന്നതിന് തടസമായിവരാം. തത്സമയമുള്ള ഉത്ക്കണ്ഠകൾ നിമിത്തം കുഞ്ഞുങ്ങളെ ഭക്തിയോടെ വളർത്തുക എന്ന ലക്ഷ്യം അവഗണിക്കപ്പെടുന്നു. നമ്മുടെ സംസ്ക്കാരം ബാഹ്യമായ കാഴ്ചപ്പാടിനും ജോലിയിലുള്ള വിജയത്തിനും അധികമായ മതിപ്പു നല്കുന്നു. ഇങ്ങനെയുള്ള ഒരു സാഹചര്യത്തിൽ കുഞ്ഞുങ്ങളെ പ്രസവിക്കുന്നതിന് ഒരു സ്ത്രീ തന്റെ തൊഴിലിൽ മുന്നേറുന്നതിനെ അവഗണിക്കേണ്ടി വരുന്നതുകൊണ്ട് കുഞ്ഞുങ്ങളെ പ്രസവിക്കുന്ന കാര്യം അവർ നീട്ടിവെയ്ക്കുന്നു. അല്ലെങ്കിൽ കുഞ്ഞുങ്ങൾ വേണ്ടെന്നു വയ്ക്കുന്നു. അതുപോലെ നമ്മുടെ സംസ്ക്കാരം സ്വത്തുക്കൾക്കു പ്രാധാന്യം കൊടുക്കുന്നതുകൊണ്ട് തന്നാൽ ആവുന്നിടത്തോളം സ്വത്തു സമ്പാദിക്കുന്നതിനുള്ള പ്രാപ്തി നേടുന്നതിനു മുമ്പ് അപ്പനാകേണ്ട എന്ന ഒരു ചിന്ത പുരുഷന്മാരെ ഭരിക്കുന്നു.

ക്രിസ്തീയ ദമ്പതികളെ സംബന്ധിച്ചിടത്തോളം ഓരോ കുഞ്ഞും ദൈവത്തിന്റെ പദ്ധതിയാണ്. അതായത് ദമ്പതികൾക്ക് അത്തരമൊരു പദ്ധതി ഉണ്ടായിരുന്നില്ലെങ്കിൽപോലും ( സങ്കീ. 135: 15,16 ; എഫെ. 1 4:14) ദമ്പതികൾ തങ്ങൾ പ്രസവിക്കുവാൻ പോകുന്ന കുഞ്ഞുങ്ങളുടെ എണ്ണം നിയന്ത്രിക്കുന്നതും കുഞ്ഞുങ്ങൾക്കിടയിൽ ആവശ്യമായ കാലവിടവ് ഇടുന്നതു സംബന്ധിച്ചും വേണ്ട പരിശീലനങ്ങൾ ലഭിച്ചാലും ക്രിസ്തീയ ദമ്പതിമാർ തങ്ങൾക്ക് നൽകപ്പെടുന്ന ഏതു കുഞ്ഞിനെയും സ്നേഹിച്ച് ഏറ്റുകൊള്ളുവാൻ തയ്യാറായിരിക്കണം.

കുഞ്ഞുങ്ങളെ ദൈവം തരുന്ന അനുഗ്രമായി കാണുകയും അവരെ ശ്രദ്ധോടെ വളർത്തിയെടുക്കുകയും ചെയ്യണമെന്ന് ഉള്ള പ്രോത്സാഹനം വിവാഹപൂർവ ആലോചനയുടെ ഭാഗമായി ദമ്പതിമാർക്കു നല്കണം. ഒടുവിലായി, കുടുംബാസൂത്രണത്തെ സംബന്ധിച്ച തീരുമാനം പ്രാർത്ഥനയോടെ എടുക്കുവാനും, (യാക്കോബ് 1 5), അന്യോന്യം നേരോടെ ആശയവിനിമയം ചെയ്യുവാനും (എഫസ്യ. 4 :25) മനുഷ്യ ജീവിതത്തിന്റെ പവിത്രതയെ മതിക്കുവാനും ദമ്പതിമാർക്ക് ഉപദേശം നല്കണം.

## എന്താണ് മനുഷ്യ ജീവിതത്തെ പവിത്രമാക്കുന്നത് ?

മനുഷ്യ ജീവിതത്തിന്റെ പവിത്രതയെക്കുറിച്ച് നാം സംസാരിക്കുമ്പോൾ, മനുഷ്യ ജീവിതം പവിത്രമാണന്നുള്ള വസ്തുതയെ നാം ഉറപ്പിക്കുന്നു. പവിത്രമാക്കപ്പെട്ടത് അഥവാ വിശുദ്ധീകരിക്കപ്പെട്ടത് എന്നൽ ദൈവത്തിനുള്ളത് എന്ന അർത്ഥമാണ്. മനുഷ്യ ജീവിതമെന്നത് ദൈവത്തിന്റെ വകയാണ്. എന്തെന്നാൽ നമ്മിലാരും തനിക്കുവേണ്ടിത്തന്നെ ജീവിക്കുന്നില്ല. ആരും തനിക്കുവേണ്ടി തന്നെ മരിക്കുന്നതുമില്ല. ജീവിക്കുന്നുവെങ്കിൽ നാം കർത്താവിനുവേണ്ടി ജീവിക്കുന്നു. മരിക്കുന്നുവെങ്കിൽ കർത്താവിനുവേണ്ടി മരിക്കുന്നു. അതുകൊണ്ട്, ജീവിച്ചും മരിച്ചാലും നാം കർത്താവിനുള്ളവരാണ് (റോമ. 14: 7,8). മനുഷ്യ ജീവിതം നിത്യമായ ജീവിതമാണ് (മത്താ. 25 :46). മാത്രമല്ല, നാം ദൈവത്തിന്റെ സാദൃശ്യത്തിൽ ഉണ്ടാക്കപ്പെട്ടിരിക്കുന്നതിനാൽ മനുഷ്യ ജീവിതം പവിത്രമാണ് (35: 1) . ക്രിസ്തു നമ്മെ രക്ഷിക്കുന്നതിനായി ( 1 തിമൊ. 1 :15) സ്വർഗത്തിൽനിന്നിറങ്ങി ഒരു മനുഷ്യനായി തീർന്നതിനാൽ ( യോഹ. 1 :14). മനുഷ്യ ജീവിതം ദൈവത്താൽ സൃഷ്ടിക്കപ്പെട്ട മറ്റു ജീവിതങ്ങളെക്കാൾ സവിശേഷതയുള്ളതാണെന്നു മനസിലാക്കാം. ക്രിസ്തുവിൽ വിശ്വാസംവെച്ച് ദൈവത്തോടെ നിരപ്പു പ്രാപിക്കുവാനുള്ള സ്വാതന്ത്ര്യം നമുക്കു നല്കപ്പെട്ടിരിക്കുന്നു(യോഹ. 3 :16) സുവിശേഷം മനുഷ്യ ജീവിതത്തിന്റെ പരിപാവനതയെ ഉറപ്പിക്കുന്നു. മനുഷ്യ ജീവിതത്തിന്റെ പവിത്രതതയെക്കുറിച്ച് വേദപുസ്തകം വളരെ സ്പഷ്ടമായി പറയുന്നു. ആയതുകൊണ്ട് ജീവിതം എപ്പോൾ തുടങ്ങുന്നു എന്നുള്ള ചോദ്യം നമ്മിൽ ഉയരേണ്ടതുണ്ട്.

## ജീവിതം എപ്പോൾ തുടങ്ങുന്നു?

ഒരു വ്യക്തി എന്ന നിലയിൽ നിങ്ങളുടെ ഉല്പത്തി എന്നാണ്. നിങ്ങളുടെ അമ്മയുടെ ഉദരത്തിൽ നിങ്ങൾക്ക് ഹൃദയ തുടിപ്പു തുടങ്ങിയ കാലത്താണോ നിങ്ങളുടെ ഉത്ഭവം? ജീവിതം ഉടനിളമുള്ള ശരീരപ്രകാരമായ നിങ്ങളുടെ പ്രകൃതിയെ ഘടനപ്പെടുത്തുന്ന കോശങ്ങളായി ഇരിക്കുമ്പോഴോ ?

ഗർഭധാരണം മുതൽ ജീവിതാന്ത്യം വരെ മനുഷ്യന്റെ വളർച്ചാഘട്ടം തുടരുകയാണ്. ഒരു നവ ജീവിതത്തിന്റെ തുടക്കം എവിടെ എന്നു ചോദിച്ചാൽ ഗർ

*നാം നമ്മുടെ അമ്മയുടെ ഉദരത്തിൽ ഇരിക്കുമ്പോൾ തന്നെ ദൈവത്തിന്റെ സാന്നിദ്ധ്യവും നമ്മുടെ ജീവിതത്തെക്കുറിച്ചുള്ള പദ്ധതികളും ഉറപ്പാക്കപ്പെടുന്നു (സങ്കീ. 139 : 12 16, ലൂക്കൊ. 1 :39–44, )*



ഭധാരണം മുതൽ എന്നതാണ് ബുദ്ധിപൂർമായ ഉത്തരം. ബീജസങ്കലനം നടത്തപ്പെടാത്ത ഒരു ഭ്രൂണം ഒരു വേറിട്ട വ്യക്തി എന്നുള്ള നിർവചനത്തിന് യോഗ്യമാകുന്നില്ല. എന്നാലും ഒരു ഭ്രൂണം സങ്കലിക്കപ്പെട്ട ഉടൻതന്നെ പ്രത്യേക വിശേഷതയുള്ള ജീനുകളുള്ള ഒരു പുതിയ വ്യക്തിയായി തുടക്കം ആരംഭിക്കുന്നു. മതിയായ കാലദൈർഘ്യവും പോഷണവും ലഭ്യമാക്കുമ്പോൾ ആ ഒരു കോശം പത്ത് ട്രില്യൻ കോശങ്ങളെക്കൊണ്ട് ഉണ്ടാക്കപ്പെട്ട ഒരു തനിമനുഷ്യനായി വളർച്ച പ്രാപിക്കുന്നു. നാം നമ്മുടെ അമ്മയുടെ ഉദരത്തിൽ ഇരിക്കുമ്പോൾ തന്നെ ദൈവത്തിന്റെ സാന്നിദ്ധ്യവും നമ്മുടെ ജീവിതത്തെക്കുറിച്ചുള്ള പദ്ധതികളും ഉറപ്പാക്കപ്പെടുന്നു (സങ്കീ. 139 : 12 16, ലൂക്കൊ. 1 :39-44, ). അങ്ങനെ പിറക്കാത്ത കുഞ്ഞുങ്ങളെയും ദൈവം വിലമതിക്കുന്നുവെന്ന് നമുക്കു മനസിലാക്കുവാൻ കഴിയുന്നു.

## ഹവ്വ: ഭയങ്കരവും അതിശയവുമായി സൃഷ്ടിക്കപ്പെട്ടവം

മനുഷ്യ ശരീരം ഭയങ്കരവും അതിശയവുമായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നതിനെ സങ്കീർത്തനക്കാരൻ അംഗീകരിക്കുന്നു. (സങ്കീ. 139 :14). മനുഷ്യ ശരീരത്തെ സംബന്ധിച്ച അതിശയത്തിന് നാടീകയമായ ഒരു ഉദാഹരണം, സ്ത്രീയുടെ ഗർഭധാരണത്തിന്റെ ചാക്രീക മുന്നേറ്റവും പുതു മനുഷ്യ ജീവിതത്തെ സൂക്ഷിക്കുവാനും പരിപോഷിപ്പിക്കുവാനുള്ള സ്ത്രീയുടെ ശരീരത്തിന്റെ അത്ഭുതാവഹമായ പ്രാപ്തിയമാണ്. വിവാഹത്തിനു തയ്യാറാകുന്ന പുരുഷൻ സ്ത്രീയുടെ ശാരീരിക ഘടനയെക്കുറിച്ച് അടിസ്ഥാനപരമായ അറിവുള്ളവനായിരിക്കണം. ഒരു ശാസ്ത്ര ഗ്രന്ഥത്തിൽ നിന്ന് ഇതിനെക്കുറിച്ചുള്ള അറിവു ലഭിക്കുമെങ്കിലും വിവാഹപൂർവ ആലോചന നല്കുന്ന ഒരു പാസ്റ്റർ പ്രത്യുല്പാദനത്തെക്കുറിച്ച് ജ്ഞാനപൂർവമായ തെരഞ്ഞെടുപ്പുകൾ നടത്തുവാൻ തക്ക ധാർമ്മിക വഴികാട്ടൽ നടത്തേണ്ടത് ആവശ്യമാണ്. ക ുടുംബാംസൂത്രണം സം ബന്ധിച്ച് നാം മനസിലാക്കേണ്ട ചില കാര്യങ്ങളും ഉണ്ട്. അതിൽ സ്ത്രീയുടെ ഗർഭത്തെ സംബന്ധിച്ച ചില കാര്യങ്ങൾ പ്രാധാന്യമർഹിക്കുന്നു. അണ്ഡോല്പാദന സമയം ഹോർമോണിനുണ്ടാകുന്ന വ്യത്യാസം , ഗർഭധാരണം, മുലയൂട്ടൽ തുടങ്ങിയവ അവയിൽ ചിലതാണ്. ആരോഗ്യവാനായ ഒരു മനുഷ്യൻ എപ്പോഴും പ്രത്യുല്പാദനശേഷിയുള്ളവൻ തന്നെയാണ്. അവന്റെ ശരീരം ഒരു സെക്കന്റിൽ 1000 എന്ന അനുപാതത്തിൽ തന്റെ ശരീരത്തിനുള്ളിൽ തന്നെ ബീജാണുക്കളെ ഉല്പാദിപ്പിക്കുന്നു. എന്നാൽ ആരോഗ്യവതിയായ ഒരു സ്ത്രീ മാസത്തിൽ ഒരാഴ്ചമാത്രമാണ് പ്രത്യുല്പാദനത്തിനു തയ്യാറാകുന്നത്.

അണ്ഡോല്പാദനം എന്നു വച്ചാൽ ഗർഭ ധാരണത്തിന് തയ്യാറാകുന്ന അണ്ഡം അണ്ഡാശയത്തിൽ നിന്നും ഉല്പാദിപ്പിക്കപ്പെടുക എന്നതാണ്. അണ്ഡോല്പാദനത്തിനുശേഷം ബീജോല്പാദനം നടക്കുന്നില്ല എങ്കിൽ ആ അണ്ഡം ഇല്ലാതെയാകുന്നു. ബീജവും അണ്ഡവും സങ്കലിക്കുമ്പോഴാണ് ഗർഭധാരണം ഉണ്ടാകുന്നത്. അണ്ഡോല്പാദനം മാസത്തിൽ ഒരിക്കൽ മാത്രമാണ് നടക്കുന്നത്. പാകമായ അണ്ഡം പുറപ്പെടുന്നതുവരെ ബീജം ഗർഭാശയത്തിനുള്ളിൽ യോനീ ദ്രവത്തിനാൽ സംരക്ഷിക്കപ്പെടുന്ന അവസ്ഥയിലാണെങ്കിൽ ആ സ്ത്രീയെ പ്രത്യുല്പാദനശേഷിയുള്ളവളായി കണക്കാക്കാം. ഇങ്ങയെുള്ള ഒരു സ്ത്രീയുടെ ശരീരത്തിൽ ബീജാണുക്കൾ അഞ്ചു ദിവസംവരെ ജീവനോടെ നിലനിൽക്കും. അണ്ഡോല്പാദന കാലത്തിനുശേഷം ഒരു സ്ത്രീ ഗർഭം ധരിക്കണമെന്നാൽ അടുത്ത മാസമുറവരെ കാത്തിരിക്കണം.

ഹോർമോൺ അടിസ്ഥാനപ്പെടുത്തിയുള്ള ജനന നിയന്ത്രണ രീതി അണ്ഡോല്പാദനത്തെ തടഞ്ഞുകൊണ്ടുള്ളതാണ്. അണ്ഡത്തിന്റെ ഉല്പാദനത്തെ തടയുംവിധം സേവിക്കുന്നുള്ളിൽ (അതായത് ഗർഭാശയത്തെ യോനിയുമായി യോജിപ്പിക്കുന്ന ഇടുങ്ങിയഭാഗം ) ഉള്ള യോനീ ദ്രവത്തിന് സാന്ദ്രത കൂട്ടിക്കൊണ്ട് ബീജത്തിന്റെ ഉള്ളിലേക്കുള്ള ചലനത്തെ തടയുന്നു. ഇപ്രകാരം പ്രതിരോധിച്ചുകൊണ്ടുള്ള കുടുംബാസൂത്രണ പരിപാടിയിൽ ബീജസങ്കലനം നടക്കാതെ തടസപ്പെടുത്തുകയാണു ചെയ്യുന്നത്. ശരീരത്തിന്റെ ഊഷ്മാവ് , അണ്ഡോല്പാദനത്തെ വെളിവാക്കുന്ന യോനീദ്രവം എന്നിവയിലൂടെ പ്രത്യുല്പാദനശേഷിയെ മനസിലാക്കുവാൻ കഴിയും. ഇങ്ങനെ ലഭ്യമാകുന്ന വിവരമനുസരിച്ച് ഗർഭധാരണത്തെ തടയുവാനോ ഗർഭം ധരിക്കുവാനോ സാദ്ധ്യമാണ്.

ഒരു സ്ത്രീ തന്റെ ശിശുവിന് മുലപ്പാൽ ഊട്ടുന്ന കാലഘട്ടത്തിൽ അണ്ഡോ ല്പാദനം തുലോം കുറവാക്കപ്പെടുന്നു. അതുകൊണ്ട് പ്രകൃത്യാതന്നെ കുട്ടികൾക്കിടയിലുള്ള കാലവിടവ് അധികരിക്കുവാനിടയാകുന്നു. എന്നിരുന്നാലും ഒരു സ്ത്രീ പ്രത്യേക സമയ അളവിൽ മാത്രം കുഞ്ഞിനു പാൽ കൊടുക്കുകയാണെങ്കിൽ , അതായത് ഇടവേളകളിൽ കുപ്പി

പ്പാൽ കൊടുക്കുന്ന രീതിയുണ്ടെങ്കിൽ ശിശു ജനിച്ച് താമസിയാതെതന്നെ അവളിൽ അണ്ഡം ഉരുവാകും. ഒരു അണ്ഡം ഉല്പാദിപ്പിക്കപ്പെട്ട ശേഷം ഒരാഴ്ച കഴിഞ്ഞ് അത് അണ്ഡാശയത്തിൽ നിന്ന് ഗർഭാശയത്തിലേക്കുള്ള കുഴൽ വഴി ഗർഭാശയത്തിൽ എത്തിച്ചേരുന്നു. ഇപ്പോൾ ബീജസങ്കലനം പ്രാപിച്ച അണ്ഡം കോശങ്ങളുടെഗോളംപോലെ ആയിത്തീരുന്നു. ഇതിന് ബ്ളാസ്റ്റോസിസ്റ്റ് (അണ്ഡാവരണം ) എന്നു പറയുന്നു. ഈ ബ്ളാസ്റ്റോ സിസ്റ്റ് വിജയകരമായ രീതിയിൽ ഗർഭാശയത്തിന്റെ എൻട്രൊ മെട്രിയൽ ലൈനിംഗിൽ എത്തിക്കാനായാൽ hCG എന്ന (Human Chorionic Gonadotopin ) ഹോർമോൺ ഉണ്ടാക്കപ്പെടുന്നു. ഗർഭധാരണം മനസിലാക്കുന്നതിന് പരിശോധിപ്പിക്കപ്പെടുന്ന ഹോർമോൺ ഇതാണ്. പ്രകൃത്യാതന്നെ ഒരു സ്ത്രീയുടെ മാസമുറയുടെ ഈ കാലഘട്ടത്തിൽ ഗർഭാശയത്തിന്റെ ആന്തര ചർമ്മം കട്ടിയുള്ളതായിത്തീർന്ന് ഭ്രൂണത്തിന് പോഷകവും വേണ്ടവിധത്തിൽ വളരുവാൻ സൗകര്യമുള്ള ഒരു ഇടവുമായി മാറുന്നു. ചില ഗർഭ നിരോധന വിധങ്ങൾ ഇപ്രകാരമുള്ള ബീജാവാപത്തെ തടഞ്ഞുകൊണ്ടുള്ളതാണ്.

### കുടുംബാസൂത്രണത്തെക്കുറിച്ച് വിവരാസ്പദമായി പദ്ധതിയിടുന്നത്

ആശുപത്രി ചികിത്സാധാർമ്മികതയിലെ മുഖ്യമായ ഒന്നാണ് വിവരം അറിയിച്ച് സമ്മതം വാങ്ങുക എന്നുള്ളത്. ഒരു രോഗി ഒരു ചികിത്സാ ഇടപാടിനെക്കുറിച്ചുള്ള വിവരങ്ങൾ നന്നായി അറിഞ്ഞതിനുശേഷം അതുസംബന്ധമായ തീരുമാനം എടുക്കുന്നതിനെയാണ് ഇങ്ങനെ പറയുന്നത്. ഈ തീരുമാനത്തിനു പകരമായി മറ്റു വഴികൾ ഉണ്ടോ? ഇതിലുള്ള അപകടങ്ങളും പ്രയോജനങ്ങളും എന്തൊക്കെയാണ്. ഈ ചികിത്സാ ഇടപാട് അനിശ്ചിതങ്ങൾ എന്തൊക്കെയാണ്? ഇതിനു പകരമായി മറ്റ് എന്തൊക്കെ ചെയ്യുവാൻ കഴിയും? എന്നിത്യാദി കാര്യങ്ങളുടെ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ കുടുംബാസൂത്രണം ചെയ്യുവാൻ പോകുന്ന ദമ്പതികൾ തങ്ങൾ ചിന്തിക്കുന്ന കുടുംബാസൂത്രണ മുറയുടെ നന്മതിന്മകളെ അറിഞ്ഞിരിക്കേണം.



*കുഞ്ഞുങ്ങളെ ദൈവം തരുന്ന അനുഗ്രമായി കാണുകയും അവരെ ശ്രദ്ധോടെ വളർത്തിയെടുക്കുകയും ചെയ്യണമെന്ന് ഉള്ള പ്രോത്സാഹനം വിവാഹപൂർവ ആലോചനയുടെ ഭാഗമായി ദമ്പതികൾക്കു നല്കണം.*

### ജീവിത പങ്കാളിയുടെ ആവശ്യങ്ങളെ ആദരിക്കുന്നത്

ദമ്പതികൾ തങ്ങളുടെ വിവാഹ ബന്ധത്തിനുള്ളിലുള്ള തീരുമാനങ്ങൾ എടുക്കുമ്പോൾ ഒരാൾ മറ്റൊരാളുടെ ആവശ്യങ്ങൾ ആദരിക്കണം എന്ന് അവർക്ക് ആലോചന നല്കേണം. വിവാഹ ബന്ധത്തിലുള്ള ഒരാൾ മറ്റെ ആളുടെ ശാരീരിക ആവശ്യങ്ങളെ മാനിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് 1 കൊരി. 7 :3-6 വരെയുള്ള വാക്യങ്ങളിൽ പറയുന്നു. ഭാര്യയും ഭർത്താവും അന്യോന്യ സമ്മതത്തോടെ വേണം കുടുംബാസൂത്രണ രീതികൾ തെരഞ്ഞെടുക്കുവാൻ.

അതുപോലെ ഗർഭധാരണത്തിന് ശേഷിയില്ലാത്ത സ്ത്രീകൾ അതായത് വൈദ്യവിധി പ്രകാരം ഗർഭധാരണം അപകടകരമാകാം എന്നുള്ളവർ അവരുടെ ആരോഗ്യനില കണക്കാക്കിവേണം ഗർഭധാരണത്തിനു മുതിരുവാൻ. ചില ഗർഭ നിരോധന മരുന്നുകൾ രക്തം കട്ടപിടിക്കുക ,ഹൃദയാഘാതമുണ്ടാക്കുക തുടങ്ങിയ പാർശ്വ ഫലങ്ങൾ ഉണ്ടാക്കുന്നവകളാണ്. വിവാഹ ബന്ധത്തെക്കുറിച്ച് പൗലോസ് പറഞ്ഞിരിക്കുന്ന ബാഹ്യരേഖ ഇവിടെ പ്രായോഗികമാക്കേണം. *സ്വാർത്ഥ താല്പര്യത്താലോ വൃഥാഭിമാനത്താലോ ഒന്നും ചെയ്യാതെ താഴ്മയോടെ മറ്റുള്ളവരെ നിങ്ങളെക്കാൾ ശ്രേഷ്ഠനെന്നു കരുതിക്കൊൾവിൻ.* നിങ്ങളിൽ ഓരോരുത്തരും സ്വന്ത താല്പര്യമല്ല, മറ്റുള്ളവരുടെ താല്പര്യംകൂടി അന്വേഷിക്കേണ്ടതാണ്( ഫിലി. 2 3,4). ജനന നിയന്ത്രണ രീതിയിൽ ജീവിത പങ്കാളികൾ അന്യോന്യം സമ്മർദ്ദം ചെലുത്താതെ ആരോഗ്യനിലയെ കണക്കാക്കി വേണ്ട തീരുമാനം എടുക്കുക. ജീവിതത്തിന്റെ തുടക്കത്തെയും അന്യോന്യം ഉള്ള ബന്ധത്തെയും മാനിച്ചുകൊണ്ട് കുടുംബാസൂത്രണ വിധികളെ മനസിലാക്കുമ്പോൾ അവരുടെ അന്യോന്യ ബന്ധം ഊട്ടിഉറപ്പിക്കുന്ന ഒരു ചുവടാണ് അവർ എടുക്കുന്നത്. ഒരുനാൾ അവരുടെ വിവാഹ ബന്ധത്തിന്റെ ബലമുള്ള അസ്ഥിവാരമായി എടുത്തുകൊണ്ട് ശക്തമായ ഒരു ക്രിസ്തീയ കുടുംബം കെട്ടിപ്പടുക്കുവാൻ സാദ്ധ്യമാ കും . നവ ദമ്പതികൾക്ക് ആയാസകരമായ ഈ വിഷയത്തിൽ വേണ്ട ആലോചന കൊടുക്കുന്നതിലൂടെ ഒരു അനുഗൃഹീതമായ ശുശ്രൂഷയാണ് ദൈവവേലക്കാർ ചെയ്യുന്നത്. ശക്തമായ കുടുംബങ്ങൾ ശക്തരായ സഭകളെ കെട്ടിപ്പടുക്കുകയും അവർ ശക്തരായ സാക്ഷികളായിത്തീരുകയും ചെയ്യുന്നു. ഓരോ ദമ്പതികളെയും കെട്ടിപ്പടുത്തുകൊണ്ട് ദൈവരാജ്യത്തെ വ്യാപ്തിപ്പെടുത്തുന്നത് അതിശ്രേഷ്ഠകരവും ആഹ്ളാദകരവുമായ ജീവിതാനുഭവമാണ്. ■



***ക്രിസ്റ്റിന എം. എച്ച്. പവ്വൽ*** *മെഡിക്കൽ റിസേർച്ച് സയിന്റിസ്റ്റും ഒരു ഓർഡേയിൻഡ് മിനിസ്റ്ററുമാണ്. ദേശമൊട്ടാകെ സഭകൾ പ്രസംഗിക്കുകയും കോൺഫറൻസുകൾ നടത്തുകയും ചെയ്യാറുണ്ട്.*



# ശുദ്ധവും പുതിയതുമായ രീതിയിൽ ആത്മസ്നാനത്തെ അറിയിക്കുന്നത്

**ഗ്യാരി ഗ്രോഗൺ**

അവരെല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി ആത്മാവ് അവർക്ക് ഉച്ചരിപ്പാൻ നല്കിയതുപോലെ അന്യഭാഷകളിൽ സംസാരിച്ചുതുടങ്ങി( അപ്പൊസ്തോലർ 2: 4). ഈ വാക്യത്തിന്റെ അടിക്കുറിപ്പായി എ .എസ് വാരൽ ഇങ്ങനെ പറയുന്നു. ‘‘പരിശുദ്ധാത്മാവിൽ നിമഗ്നമാകുന്നത് അഥവാ പരിശുദ്ധാത്മ വരത്തിനാൽ നിറയപ്പെടുക എന്നുള്ള ഈ കൃപയാർന്ന അനുഭവം ഓരോ നിജ വിശ്വാസിയുടെയും ശ്ലാഘ്യമാണ്. (വാക്യം. 39) അത് ആ വിശ്വാസിയുടെ കടമയുമാണ് ’’(എഫേസ്യ. 5:18). നമ്മുടെ ക്രിസ്തീയ സംസ്ക്കാരത്തിൽ ഈ കടമയെയും ശ്ലാഘ്യത്തെയും നാം എങ്ങനെ പഠിപ്പിക്കും ?

കർത്താവ് പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ഓരോ വിശ്വാസിയെയും നിറക്കുവാൻ ആഗ്രഹിക്കുന്നു. അത് സംഭവ്യമാക്കുന്നതിനുവേണ്ടി ശുദ്ധവും പുതിയതുമായ രീതിയിൽ ഈ അനുഭവത്തെ ആളുകളിലേക്ക് പകർന്നു കൊടുക്കുന്നതെങ്ങനെയെന്ന് ദൈവവേലക്കാരെ പഠിപ്പിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു.

### പരിശുദ്ധാത്മസ്നാനം ഒരു ശാപമല്ല ഒരു അനുഗ്രഹമാണെന്ന് തീരുമാനിക്കുക

പ്രേഷിത ദൗത്യനേതാക്കൾ ദൈവം തങ്ങളെ ആക്കിവെച്ചിരിക്കുന്ന സംസ്ക്കാരക്കാരോട് വിനിമയം ചെയ്യുന്നവരാണ്. ആളുകളെ തങ്ങളുടെ അടുക്കൽ നിന്ന് അകറ്റിക്കളയുവാൻ അവർ ആഗ്രഹിക്കുന്നില്ല. ഇക്കാരണത്താൽ ചിലർ പരിശുദ്ധാത്മ സ്നാനത്തെക്കുറിച്ച് ഉപദേശം നല്കുന്നില്ല. ഞാൻ ആരേയും കുറ്റം പറയുകയല്ല. വിവിധ പശ്ചാത്തലത്തിൽ നിന്നും വരുന്ന ആളുകളെ നേടുവാനുള്ള ശ്രമത്തിൽ ഇത് ഉചിതവും പ്രധാനവുമായ ഒന്നാണ്.

പരിശുദ്ധാത്മസ്നാനമെന്നത് വേദപുസ്തകപരവും യോജ്യവുമായ ഒരു അനുഭവമാണെന്നുള്ളത് ദൈവവേലക്കാർ മനസിലാക്കേണം. ക്രിയാത്മകമായ ലക്ഷ്യത്തോടെ, ദൈവവേലക്കാർ ആളുകളെ നിർബന്ധിക്കാതെ അവർ സ്വയമേവ ഈ അനുഭവത്തിനുള്ളിൽ വരുംവിധം വഴിനടത്തണം. അനേക യുവശുശ്രൂഷകരും പെന്തെക്കോസ്തു വൃത്തത്തിൽ നിന്നും അകന്നു പോകുന്നു. കാരണം അന്യഭാഷയെന്നത് ദൈവശാസ്ത്ര പരമായി ശരിയല്ല എന്ന് അവർ കരുതുന്നു. പലവിഷയങ്ങളിലും അവർ ദൈവശാസ്ത്രത്തോടല്ല പിന്നെയോ കഴിഞ്ഞകാല രീതിശാസ്ത്രത്തോട് പോരടിക്കുന്നവരായി കാണപ്പെടുന്നു.

മിക്കപ്പോഴും അന്യഭാഷയെ എതിർക്കുന്ന പലരും തങ്ങളുടെ രഹസ്യ പ്രാർത്ഥനകളിൽ അന്യഭാഷകളിൽ സംസാരിക്കുന്നവരാണ്. മറ്റുള്ളവരെയും ഈ ആനന്ദാനുഭവത്തിലേക്കു കൊണ്ടുവരുന്നതിനു പകരം മറ്റുള്ളവരിൽ നിന്നും ഈ വരം അവർ കൊള്ളയടിക്കുകയാണ്. പരിശുദ്ധാത്മ സ്നാനത്തെ യേശു അംഗീകരിക്കുന്നു.

### മറ്റുള്ള വിഷയങ്ങൾ പഠിപ്പിക്കുന്നതുപോലെ തന്നെ ക്രിയാത്മകമായി പരിശുദ്ധാത്മസ്നാനത്തെക്കുറിച്ചും പഠിപ്പിക്കുക

ഈ തലമുറയുടെ ക്രിയാത്മകതയെയും നവീനതയെയും നാം വളരെ ഇഷ്ടപ്പെടുന്നു. അതുകൊണ്ട് ശ്രേഷ്ഠമായ സത്യത്തെ പഠിപ്പിക്കുന്നതിൽ ക്രിയാത്മകരായിരിക്കുക.

### ലക്ഷ്യത്തോടെ ആയിരിക്കുക

പെന്തക്കൊസ്ത് ഞായറാഴ്ച വരുന്ന സമയത്ത് പ്രഭാഷണ പരമ്പരകൾക്കായി തയ്യാറാകുക. ആത്മസ്നാനത്തെ അവഗണിക്കുന്നതിനു പകരം ഇപ്രകാരം പരമ്പരകൾ തയ്യാറാക്കുമ്പോൾ നിങ്ങളുടെ സഭാസംസ്ക്കാരത്തിലും അത് ക്രിയ ചെയ്യും. പരിശുദ്ധാത്മസ്നാനത്തെക്കുറിച്ച് ഒരു പഠനം തന്നെ ആരംഭിക്കുക. ഒന്നും ചെയ്യാതിരിക്കുക എന്ന പ്രലോഭനത്തെ പ്രതിരോധിക്കുക. നാം ശരിയെന്ന് അറിഞ്ഞിരിക്കുന്നത് ചെയ്യുന്നതാണ് നേതൃത്വത്തിന്റെ ഭാഗം. എന്നാൽ ചിലപ്പോൾ ചെയ്യാതിരിക്കുന്നതും അതിനെക്കാൾ ഭംഗിയാകാം. പണത്തെക്കുറിച്ചുള്ള പ്രസംഗത്തിന്റെ കാര്യത്തിൽ ഞാൻ അങ്ങനെയാണ്. പണത്തെക്കുറിച്ചു പ്രസംഗിക്കുന്നത് എനിക്ക് ഇഷ്ടമില്ലാത്ത കാര്യമാണ്. എന്നാൽ ഞാൻ അങ്ങനെ പ്രസംഗിക്കുമ്പോൾ എന്റെ അനുസരണം നിമിത്തം സഭാജനങ്ങൾ അനുഗ്രഹിക്കപ്പെടുവാനിടയാകും. കൃപയെക്കുറിച്ചുമാത്രം പ്രസംഗിച്ചാൽ പാസ്റ്റർ ശുശ്രൂഷ വളരെ അനായാസം ചെയ്യാനാകും. എന്നാൽ പാസ്റ്റർ ശുശ്രൂഷ അത്ര എളുപ്പമുള്ള കാര്യമല്ല. നമ്മുടെ ആളുകളെ വളർച്ചക്കു ഉതകുന്ന വഴിയിലൂടെ നടത്തി ഉദ്ദേശ ശുദ്ധിയോടെ മുന്നോട്ടു കൊണ്ടു പോകേണ്ടത് നമ്മുടെ കടമയാണ്.

### പ്രമാ ണ വാA • • • • • ദം സ്വതന്ത്രവാദം എന്നിത്യാദി വാരിക്കുഴികളെ ഒഴിവാക്കുക

നമ്മുടെ ആളുകൾക്ക് ഉത്തമമായത് നല്കി കൊടുക്കുവാൻ നാം ആഗ്രിക്കുന്നു. നമ്മുടെ അവഗണന നമിത്തം അത് തടസപ്പെടുവാൻ പാടില്ല. പരിശുദ്ധാത്മസ്നാനത്തെക്കുറിച്ചുള്ള പഠനം നാം ഒഴിവാക്കിയാൽ നാം നമ്മുടെ ആളുകളെ വിമർശകരും വിധിക്കുന്നവരും ആക്കി തീർത്ത് അവരുടെ സന്തുലിതാവസ്ഥയെ ഇല്ലാതാക്കുന്നു.

വഴിവിട്ടുപോയി കുഴികളിൽ വീഴുന്നതിലും നല്ലത് വഴിയിലൂടെ മുൻപോട്ടു പോകുന്നതാണ്. വിശ്വസ്തതയോടെ ദൈവവചനം പ്രസംഗിക്കുക എന്നുള്ളതാണ് നമ്മുടെ വിളിയുടെ ഉദ്ദേശം (2 തിമൊഥി. 4 2 ). സാംസ്ക്കാരികമായി പ്രസക്തമായ രീതിയിൽ അത് ചെയ്തെടുക്കുവാൻ നാം ആഗ്രഹിക്കുന്നു. പരിശുദ്ധാത്മസ്നാനം എന്ന അത്ഭുതം ജീവിതങ്ങളെ തികച്ചും പുഷ്ടിപ്പെടുത്തും.

പ്രമാണീകരണത്തെ നാം ഒഴിവാക്കേണം. പ്രമാണ വാദികൾ പറഞ്ഞിരിക്കുന്ന കാര്യത്തിലോ അതു ചെയ്യുന്നതിലോ ഒരിക്കലും സന്തോഷിക്കുന്നവരല്ല. തീർച്ചയായും അവർ അസംന്തുലിതരാണ്. അവർക്കറിയാൻ കഴിയാത്തതിന് അവർ അംഗീകരിക്കുകയില്ല. ഒരു പ്രത്യേക തരത്തിലുള്ള പാട്ടും പ്രസംഗവുമാണ് പെന്തക്കൊസ്തലിസം എന്നാണവർ കരുതുന്നത്.

പരിശുദ്ധാത്മ സ്നാനത്തെക്കുറിച്ച് ഞാൻ എന്റെ സഭയിൽ പ്രസംഗിച്ചു കൊണ്ടിരിക്കുമ്പോൾ ഒരു പെന്തക്കൊസ്തു പ്രമാണവാദി എന്റെ അടുക്കൽ വന്നു. ഞാൻ എന്റെ പ്രസംഗത്തിനുശേഷം 10 മിനിട്ട് ആരാധിക്കുവാൻ സമയമെടുത്തു. 20 പേരോളം പുതയതായി പ്രാർത്ഥനക്കായി കൂടിവന്നു. 2003 -ലെ മിസ്സ് അമേരിക്ക എറിക്ക ഹെറോൾഡും ആക്കൂട്ടത്തിൽ ഉണ്ടായിരുന്നു. ഈ പെന്തക്കൊസ്തു പ്രമാണവാദി ആരാധനക്കുശേഷം എന്റെ അടുക്കൽ വന്ന് ഇപ്രകാരം പറഞ്ഞു, "എങ്ങനെ നോക്കിയാലും ഈ ആളുകൾ പരിശുദ്ധാത്മ സ്നാനം പ്രാപിക്കയില്ല. ഇതിൽ ഉച്ചഘോഷമോ ഉണർവോ ഇല്ല ". ഈ വ്യക്തി പ്രമാണവാദികളുടെ കുഴിയിൽ വീണ ആളാണ്.

ഈ രണ്ടു കുഴികളിലും വീഴാതെ രക്ഷപ്പെടുന്നതിനുള്ള മാർഗം , നമുക്ക് ആരെയും രക്ഷിക്കാൻ കഴിയാത്തതുപോലെ നമുക്ക് ആരെയും പരിശുദ്ധാത്മാവിനാൽ നിറക്കുവാൻ കഴിയുകയില്ല എന്നുള്ള മനസിലാക്കലാണ്. ഈ രണ്ടും കാര്യത്തിലും നാം ദൈവത്തിനു പ്രവർത്തിക്കുവാനുള്ള അന്തരീക്ഷമാണ് ഉണ്ടാക്കിയെടുക്കേണ്ടത്, ദൈവമാണ് പ്രവർത്തിക്കുന്നത്. രക്ഷയെക്കുറിച്ച് പ്രസംഗിക്കുക, ആളുകൾ രക്ഷിക്കപ്പെടും. പരിശുദ്ധാത്മ സ്നാനത്തെക്കുറിച്ച് പ്രസംഗിക്കുക. ജനങ്ങൾ പരിശുദ്ധാത്മസ്നാനം പ്രാപിക്കും. നാം എന്തു പ്രസംഗിക്കുന്നുവോ അത് നമുക്ക് പ്രാപ്യമാകും.

എപ്പോഴും പ്രസംഗ പീഠത്തിലേക്കുള്ള ആഹ്വാനം നല്ലണമെന്ന് ചിലർ നിർബന്ധം പിടിക്കുന്നു. ഇതിനെ ഒഴിവാക്കുന്നത് ഇത്തരത്തിലുള്ള വാരിക്കുഴിയിൽ അകപ്പെടാതെ കാക്കുന്നു. ആവശക്കാർക്കുവേണ്ടി പ്രാർത്ഥിക്കുവാനും പരസ്യമായി യേശുവിനെ ഏറ്റുകൊള്ളുവാൻ ആഗ്രഹിക്കുന്ന ആളുകൾക്കുവേണ്ടിയും പരിശുദ്ധാത്മാവു പ്രാപിക്കുവാൻ ആഗ്രഹിക്കുന്ന ആളുകൾക്കുവേണ്ടിയും പ്രാർത്ഥിക്കുവാൻ ആളുകൾക്ക് പരിശീലനം നല്കുക. പഴയ രീതി ശാസ്ത്രങ്ങൾ ഇപ്പോൾ വിലപ്പോകയില്ല അത് ആവശ്യമായ കാര്യമല്ല.

ആളുകൾ എപ്പോഴും രക്ഷാദൂതിനോട് അത്രപെട്ടെന്ന് പ്രതികരിച്ചു എന്നു വരില്ല . പരിശുദ്ധാത്മ സ്നാനത്തെ സംബന്ധിച്ചും ഇങ്ങനെതന്നെയാണ്. എല്ലാവരും പെട്ടെന്ന് പ്രതികരിച്ചു എന്നുവരികില്ല . എന്നാൽ ചിലരെങ്കിലും പ്രതികരിക്കും.

### നിങ്ങളുടെ ജനങ്ങൾ ആത്മസ്നാനം പ്രാപിക്കുവാൻ അവർക്കായി പ്രാർത്ഥിക്കുക

ആളുകൾ ആത്മസ്നാനം പ്രാപിക്കുവാൻ പ്രാർത്ഥിക്കുന്നതിനുവേണ്ടി പ്രത്യേക കഴിവുകൾ ഒന്നും ആവശ്യമില്ല. നാം ക്രിയാത്മകമായ രീതിയിൽ വചനം ശുശ്രൂഷിക്കുകയും സംസ്ക്കാരത്തോടെ അതിനെ ബന്ധിപ്പിക്കുകയും ആളുകളെ രക്ഷയിലേക്കു നടത്തുവാനും അവർക്ക് ആത്മസ്നാനം നല്കുവാനും ദൈവത്തോടു പ്രാർത്ഥിക്കുകയും ചെയ്യുന്നു. യേശുവേ എന്റെ ജനങ്ങളെ പരിശുദ്ധാത്മാവിനാൽ സ്നാനം ചെയ്യേണമേ എന്ന് പ്രാർത്ഥിക്കുവാൻ ഞാൻ ദൈവവേലക്കാരെ ഉത്ബോധിപ്പിക്കുകയാണ്. ആളുകളെക്കുറിച്ചുള്ള നിങ്ങളുടെ ഉത്കണ്ഠ മനസുതുറന്ന് ദൈവത്തോടു പറയുക. ആളുകളുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകുവാനായി ദൈവത്തോടു പ്രാർത്ഥിക്കുക.

ഒരു വലിയ സർവകലാശാലയുള്ള പട്ടണത്തിൽ ഞാൻ ശുശ്രൂഷിച്ചിരുന്നു. എല്ലാ മേഖലയിൽ നിന്നുമുള്ള ആളുകൾ ആരാധനക്കായി കടന്നു വരുമായിരുന്നു. ഞങ്ങൾ ക്രമായും ശ്രേഷ്ഠമായും കാര്യങ്ങൾ ചെയ്യുവാൻ ഞങ്ങൾ ശ്രമിക്കുമായിരുന്നു. ആളുകൾ രക്ഷയിലൂടെയും പരിശുദ്ധാത്മസ്നാനത്തിലൂടെയും ദൈവവുമായി

**പരിശുദ്ധാത്മാഭിഷേകം പ്രാപിക്കുന്നതിനുള്ള 6 ചുവടുകൾ**

1- **ദാഹമുള്ളവരായിരിക്കുക** ( മത്തായി 5: 6, മർക്കൊ. 11: 24.

2- **യാചിക്കുക** (മത്താ. 7: 7).

3- **യേശുവെ നോക്കുക** (അപ്പൊ പ്ര. 1: 8)

4- **പ്രാപിക്കുക** (ഗലാ. 3: 14)

5- **സ്തുതിക്കുക** ( സങ്കീർ. 22: 3)

6- **അറിയാത്ത ഭാഷകളിൽ സംസാരിക്കുക** (അന്യഭാഷ) (സങ്കി. 81: 10)

**– ഗ്യാരി ഗ്രോഗൺ , ഇല്ലിനോയിസ്**

ബന്ധപ്പെടുവാൻ ഞാൻ ആഗ്രഹിക്കുന്നു. എന്നാൽ പെന്തക്കൊസ്തിലെ സാംസ്കാരിക കാര്യങ്ങൾ അവരെ അതിൽ നിന്നും അകറ്റിക്കളയുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഞങ്ങൾക്കുള്ള പശ്ചാത്തലത്തിൽ ക്രിയ ചെയ്യുവാനായി ഞാൻ ദൈവത്തോടു പ്രാർത്ഥിച്ചു.

കഴിഞ്ഞ കാലത്തിൽ ചില പെന്തക്കൊസ്തു സഭകൾ അവർ വളർച്ച പ്രാപിച്ചശേഷം ജ്ഞാനസ്നാനത്തെക്കുറിച്ചുള്ള പ്രബോധനം വിട്ടുകളഞ്ഞു, അഥവാ അത് വെറും ഞായറാഴ്ച പ്രസംഗങ്ങളിൽ ഒതുക്കിക്കളഞ്ഞു.

## നിങ്ങളുടെ ഭയത്തെ അംഗീകരിച്ച് അതിനെ മാറ്റിക്കളയുവാൻ മുതിരുക

യൗവ്വനക്കാരനായ തിമൊഥിയൊസിനോട് പൗലോസ് ഇപ്രകാരം പറഞ്ഞു. *ഭീരുത്വത്തിന്റെ ആത് ധമാവിനെയല്ല, പിന്നെയോ ശക്തിയുടെയും സ്നേഹത്തിന്റെയും സംയമനത്തിന്റെയും ആത്മാവിനെയാണ് ദൈവം നമുക്കു നല്കിയിട്ടുള്ളത്* (2 തിമൊ. 1:7). നാം ചെയ്യേണമെന്നു വിചാരിക്കുന്നകാര്യങ്ങളെ ചെയ്യുവാൻ കഴിയാതവണ്ണം നമ്മെ തടസപ്പെടുത്തുന്ന ഭയത്തെ നാം പുറത്താക്കണം. നമ്മുടെ ഭയങ്ങൾക്കും പരിഭവങ്ങൾക്കും നാം ഇടം കൊടുക്കരുത്. നാം വളർച്ച പ്രാപിക്കുമ്പോൾ ഈ ഭയങ്ങൾ നീങ്ങിപോകും. നമ്മുടെ വളർച്ചക്കുവേണ്ടി ദൈവത്തോടു പ്രാർത്ഥിക്കുന്നെങ്കിൽ അവിടുന്ന് അത് നിവർത്തിച്ചുതരും. നാം വിശ്വസ്തരായിരിക്കുമെങ്കിൽ അവിടുന്ന് നമ്മോടും വിശ്വസ്തനായി ഇടപെട്ട് വിശ്വാസികളെ ആത്മസ്നാനത്താൽ നിറക്കും.

പിരിശുദ്ധാത്മസ്നാനത്തെക്കുറിച്ചുള്ള സത്യം പ്രബോധിപ്പിക്കുവാൻ നിങ്ങൾ ഭഗീരഥ പ്രയത്നം ചെയ്യേണ്ടതില്ല. എന്നാൽ ദൃതു പ്രസംഗിക്കുവാനും ഉച്ചൈസ്തരം അതിനെ ഘോഷിക്കുവാനും നിങ്ങൾ മനസുള്ളവരായിരിക്കണം. അതായത് , പ്രബോധിപ്പിക്കുവാനും ഉത്സാഹിപ്പിക്കുവാനും സകല സഹിഷ്ണുതയോടെ അതു ചെയ്യേടുക്കേണം. ഉത്തമരായ ദൈവവേലക്കാർ ദൈവത്തോട് ചെയ്യുമെന്നു പറഞ്ഞ കാര്യങ്ങൾ ചെയ്യേണം. ഭയരഹിതരും യൗവ്വനക്കാരുമായ ശുശ്രൂഷകന്മാർ ഇന്നത്തെ ക്രിസ്തീയ സംസ്ക്കാരത്തിന് അനിവാര്യമാണ്. പാസ്റ്റേഴ്സ് എല്ലാ ആഴ്ചയും പരിശുദ്ധാത്മാവിനെക്കുറിച്ച് പ്രസംഗിക്കേണമെന്നില്ല. എങ്കിലും ഈ പ്രധാനപ്പെട്ട പെന്തക്കോസ്തു ഉപദേശം പ്രസംഗിക്കുവാൻ അവർ സന്നദ്ധരായിരിക്കണം. അത് നിങ്ങളുടെ ഒരു വർഷത്തെ പ്രസംഗങ്ങളിൽ ഉടനീളം സൂചിപ്പിക്കപ്പെടേണ്ട കാര്യമാണ്. തങ്ങളെത്തന്നെ ശോധന ചെയ്യ് പരിശുദ്ധാത്മസ്നാനത്തിനുവേണ്ടി ദൈവത്തോട് അവകാശം പറയേണം എന്ന് ജനങ്ങളെ ഉത്ബോധിപ്പിക്കുക.

നാം പറയുന്ന വിധം അനുസരിച്ചാണ് ജനങ്ങൾ ഉത്സാഹപ്പെടുകയോ പിറകോട്ടു പോവുകയോ ചെയ്യുന്നത്. പ്രേഷിത ദൗത്യത്തിന്റെ നേതാക്കൾ എന്ന നിലയിൽ നാം ജനങ്ങളെ അകറ്റിക്കളയുവാനല്ല പിന്നയോ അടുപ്പിക്കുകയത്രെ ചെയ്യേണ്ടത്. പ്രാർത്ഥനായോഗങ്ങളുടെ അവസാനത്തിൽ ആളുകൾ പ്രസംഗ പീഠത്തിന്റെ അടുക്കലേക്കു കൂടിവരുന്ന സമയത്ത് ഞാൻ പരിസുദ്ധാത്മസ്നാനത്തെക്കുറിച്ച് പറയുക പതിവാണ്. മിക്കപ്പോഴും ആളുകൾ ആത്മസ്നാനം പ്രാപിക്കുകയും അവർ അറിയാത്ത ഭാഷയിൽ സംസാരിക്കുകയും ചെയ്യുന്നത് കേൾക്കാനിടയായിട്ടുണ്ട്. ഒരു ഞായറാഴ്ച ആരാധനാ നേരത്തിൽ നിന്നും തികച്ചും വ്യത്യസ്തമായ ഒരു അനുഭവമാണ് പ്രാർത്ഥനാ മീറ്റിംഗ് എന്നു പറയുന്നത്. ഞാൻ ഒരു പെന്തക്കൊസ്തുകാരനായിരിക്കുന്നതിൽ യാതോരു ബുദ്ധിമുട്ടും എനിക്കില്ല. ഇത് ജ്ഞാനത്തോടെ പ്രവർത്തിച്ച് കഴിയുന്നത്ര ആത്മാക്കളെ ക്രിസ്തുവിനുവേണ്ടി നേടുവാനുള്ള ഒരു മുന്നേറ്റമാണ്. ആത്യന്തികമായി പിതാവ് നല്കിയ ഈ വാഗ്ദത്തം ക്രിസ്തു നമ്മോടു പറഞ്ഞ പ്രകാരം നാം അവിടുത്ത് സാക്ഷികളായിത്തീരുവാൻ വേണ്ടിയാണ് (അപ്പൊ. പ്ര. 1:4,8).

## പ്രവർത്തന നിരതരാകുക

തങ്ങൾ അവഗണിക്കപ്പെടുന്നതുപോലെ തോന്നുന്ന യൗവ്വനക്കാരായ ദൈവവേലക്കാരോട് ഞാൻ ക്ഷമ ചോദിക്കുകയാണ്. ഉത്തമരായ ആത്മീയ പിതാക്കളായിത്തീരുന്നതിൽ എന്റെ തലമുറക്കാർ പരാചയപ്പെട്ടു. കാര്യപരിപാടികളും രീതിശാസ്ത്രങ്ങളും ഞങ്ങൾ പവിത്രമായി എണ്ണിയതിന് ഞങ്ങളോടു ക്ഷമിക്കുക. ഞങ്ങൾ ചെയ്ത തെറ്റുകളെ ഒഴിവാക്കിക്കൊണ്ട് പരിശുദ്ധാത്മസ്നാനത്തെ മുറുകെ പറ്റുക. യുവാക്കളായിട്ടുള്ള ശുശ്രൂഷകന്മാരോട് എനിക്കു പറയുവാനുള്ളത് പ്രവചിക്കുവാൻ വാഞ്ഛിക്കുവിൻ, അന്യഭാഷകളിൽ സംസാരിക്കുന്നത് വിലക്കുകയും അരുത് (1 കൊരിന്തി. 14:32) എന്നാണ്. ഞാൻ ഒരിക്കലും അറിഞ്ഞിട്ടില്ലാത്ത ഭാഷയിൽ സംസാരിക്കുവാൻ എനിക്ക് വലിയ ഇഷ്ടമാണ്. ഞാൻ ആത്മാവിൽ നിറഞ്ഞ് പ്രാർത്ഥിക്കുമ്പോൾ കർത്താവ് എനിക്ക് ജ്ഞാനത്തിന്റെ വാക്കുകളും പ്രവചനവും രോഗശാന്തിക്കുള്ള ഉൾക്കാഴ്ചയും നല്കുന്നു. ഒരു സാഹചര്യത്തെയോ ഒരു വ്യക്തിയെയോ സഹായിക്കും വിധം അതിലൂടെ ദൈവം എന്നെ ബലപ്പെടുത്തുന്നു. സഭയ്ക്കു പുറത്തുള്ളവരെ സഭയിലേക്കു കൊ ണ്ടുവരുവാൻ ശ്രമിക്കുന്നവർക്ക് പരി ശുദ്ധാത്മാവിന്റെ നിറവ് ആവശ്യമാണ്.

നമുക്ക് ആർക്കും തന്നെ പരിശുദ്ധാത്മസ്നാനം എന്ന വിഷയം നമ്മുടെ പ്രസംഗങ്ങളിൽ നിന്ന് ഒഴിവാക്കാനാവില്ല. നാം കാര്യങ്ങളെ നന്നായി ചെയ്യുകയും പെന്തക്കൊസ്ത് ഐതീഹങ്ങളെ ഇല്ലാതാക്കുകയും വേ ണം. പ്രാപിക്കുന്നവർക്കൊക്കെയും തികച്ചും വിസ്മയാവഹമായ അനുഗ്രഹമാണ് പരിശുദ്ധാത്മാഭിഷേകം. ഇപ്പോളത്തെ ക്രിസ്തീയ സാംസ്ക്കാരികത തലത്തിൽ പരിശുദ്ധാത്മസ്നാനത്തെക്കുറിച്ച് പ്രസംഗിക്കുക എന്നുള്ളത് യുവ തലമുറക്കാരായ ശുശ്രൂഷകന്മാരെ സംബന്ധിച്ച് ഒരു വലിയ പോരാട്ടമാണ്. നാം മറ്റുള്ളവരെ വിട്ട് അകന്നു പോകുവാനിടയാകരുത്. നാം ഒരുമിച്ചു പോകുമ്പോൾ നാം അന്യോന്യം സ്വീകരിക്കുന്നവരായിത്തീരാം. ആ ചുമതല ഞാൻ നിങ്ങൾക്കു വിട്ടു തരുന്നു.



***ഗ്യാരിഗ്രോഗൺ*** ഇല്ലിനോയിസിലെ അർപാനായിലുള്ള സ്റ്റോൺ ഗ്രീക്ക് സഭയുടെ പാസ്റ്ററാണ്. He blogs at: http://papagrogan.blogspot.com/.0

# അത്ഭുതങ്ങൾ നിന്നുപോയോ?

## അപ്പൊസ്തോലന്മാരുടെ കാലത്തെക്കുറിച്ച് വേദപുസ്തകപരവും വേദപുസ്തകത്തിനു വെളിയിലുള്ളതും ദൈവശാസ്ത്രപരവും താത്വികവുമായ വീക്ഷണം

*പെന്തക്കൊസ്തുകാരുടെ വിശ്വാസങ്ങളെക്കുറിച്ചും ആചാരങ്ങളെക്കുറിച്ചും മറ്റുള്ളവർ കൂടെക്കൂടെ അവരോടു ചോദ്യങ്ങൾ ചോദിക്കാറുണ്ട്. എന്നാൽ നിർഭാഗ്യകരമെന്നു പറയട്ടെ മിക്കവരും തങ്ങളുടെ വിശ്വാസത്തെക്കുറിച്ച് ചോദിക്കുന്നവരോട് മറുപടി പറയത്തക്കവണ്ണം തയ്യാറായിട്ടുള്ളവരല്ല (1 പത്രൊ. 3 15). തങ്ങളുടെ വിശ്വാസത്തിന്റെ പിമ്പിലുള്ള ഉള്ളടക്കം എന്തെന്നു മനസിലാക്കുവാൻ അവർ മുതിരാത്തതാണ് ഇതിനു കാരണം. മിക്കപ്പോഴും അവർ സ്വയ നിലനിൽപ്പിനു വേണ്ടി വാദിക്കുകയോ സ്വന്ത അനുഭവങ്ങളെക്കുറിച്ചു പറയുകയോ ആണ് പതിവ്. എന്നാൽ അത് കേൾക്കുന്നവർ ഒരു ചിലപ്പോൾ "നിങ്ങൾക്കത് ശരിയായി തോന്നാം എന്നാൽ ഞങ്ങൾക്കത് ശരിയായി തോന്നുന്നില്ല" എന്നു പറഞ്ഞ് ഒഴിഞ്ഞു പോകും. എന്തായാലും തങ്ങളുടെ സഭാഗംങ്ങൾ പെന്തുക്കൊസ്തുകാർ എന്തുകൊണ്ടാണ് ഇന്നും അത്ഭുതങ്ങൾക്കായി കാത്തിരിക്കുന്നത് എന്ന ചോദ്യത്തിന് വ്യക്തമായ മറുപടി നൽകുംവിധം സഭാംഗങ്ങളെ സജ്ജമാക്കേണ്ടതാണ്.*

**ഡ്ബ്ലൂ. ഇ. നന്നാലി**



പെന്തെക്കൊസ്തുകാരെക്കുറിച്ച് പലപ്പോഴും ചോദിക്കുന്ന ഒരു ചോദ്യം അത്ഭുതങ്ങളും പരിശുദ്ധാത്മാവിന്റെ വരങ്ങളും വ്യക്തിപരമായ വെളിപാടുകളും ദൈവീക ഇടപെടലുകളും ഇന്നും തുടർന്നു സംഭവിക്കുന്ന കാര്യങ്ങളായി എന്തുകൊണ്ടു വിശ്വാസിക്കുന്നു എന്നതാണ്. ഒടുവിലത്തെ അപ്പൊസ്തോലൻ മരിച്ചതിനു ശേഷം പരിശുദ്ധാത്മാവിന്റെ ഈ പ്രകടനം നിന്നുപോയി എന്നാണ് പെന്തക്കൊസ്തുകാരല്ലാത്ത ഒരു ചിലർ വിശ്വസിക്കുന്നത്. ഇത് പൊതുവായി അപ്പൊസ്തലരുടെ യുഗത്തിന്റെ അവസാനമായി കണക്കാക്കപ്പെടുന്നു. നാനൂറു വർഷങ്ങളായി വെളിപ്പെടുത്താതിരുന്ന ദൈവത്തിന്റെ വെളിപാടുകൾ ക്രി.പി.30 നും ക്രി.പി.90 നും ഇടയിൽ വെളിപ്പെട്ടു എന്നുള്ള വിശ്വാസമാണ് ഇവർക്കിടയിൽ ഉള്ളത്. ഈ ചിന്ത അനുസരിച്ച് അപ്പൊസ്തോലന്മാരുടെ യുഗം കഴിഞ്ഞ ഉടൻ ഈ ദൈവശക്തി സ്വർലോകങ്ങളിലേക്കു തിരിച്ചെടുക്കപ്പെടുകയും ക്രിസ്തുവിന്റെ രണ്ടാം വരവിനുവേണ്ടി അവർ കാത്തിരിക്കുകയും ചെയ്യുന്നു.

### അപ്പൊസ്തോലന്മാരുടെ കാലത്തെ സംബന്ധിച്ച താത്വികവും ചരിത്രപരവുമായ വിവാദങ്ങളെ പ്രതിരോധിക്കുന്നത്.

അപ്പൊസ്തലരുടെ കാലം എന്ന ശൈലി ഒരു പ്രത്യേക വ്യവസ്ഥക്കാരും

ദൈവശാസ്ത്രജ്ഞരും പ്രതിരോധിക്കുന്നു. വേദപുസ്തക കാനോനെയും അവർ ഈ കാലഘട്ടവുമായി ബന്ധപ്പെടുത്തുന്നു. പുതിയ നിയമം എഴുതി തീർത്ത കാലത്തെ സംരക്ഷിക്കുന്നതുനും ന്യായപ്പെടുത്തുന്നതിനും അപ്പൊസ്തോലരുടെ കാലം എന്ന ശൈലി പ്രയോഗിക്കുന്നു. സഭാചരിത്രത്തിൽ അപ്പൊസ്തോലന്മാരുടെ ഈ കാലഘട്ടം സ്വഭാവികമായതും താത്വികമായതുമായ ഇടവേള ഉണ്ടാക്കിയെടുക്കുന്നു എന്നുള്ളത് അവരുടെ വാദമാണ്. ഇത് നാം പുതിയ നിയമം എന്നു വിളിക്കുന്ന ദൈവ പ്രചോദിത എഴുത്തുകളെ പൂർത്തി ചെയ്യുവാൻ തക്കവണ്ണം ഇടയാക്കി. എന്നാലും കാനോനിക പുസ്തകങ്ങളെ മനുഷ്യന്റെ വാക്കുകളാലോ അപ്പൊസ്തോലന്മാരുടെ ജീവിതാവസാനം കൊണ്ടോ മനുഷ്യന്റെ കൈയ്യിൽ ഏല്പിക്കപ്പെടേണ്ട ആവശ്യമില്ല.

അപ്പൊസ്തോലന്മാരുടെ കാലം എന്ന ശൈലി പുതിയ നിയമ പുസ്തകത്തിൽ കാണുന്നില്ല. അപ്പൊസ്തോലന്മാരുടെ കാലവും അതിന്റെ പരിണിതഫലങ്ങളും എന്ന ഉപദേശം - അതായത് വെളിപാടുകളുടെ അവസാനവും കാനോനിന്റെ പൂർത്തീകരണവും സംഭവിച്ചകാലം - പുതിയ നിയമത്തിനു ശേഷമുള്ള ആശയമാണ് അഥവാ വെളിപാടാണ്. അങ്ങനെയാണെങ്കിൽ നമുക്ക് ഒരു താത്ത്വികമായ വൈരുദ്ധ്യം കാണുവാൻ കഴിയും. ഒരുവൻ പുതിയനിയമം എഴുതി തീർക്കപ്പെട്ടതോടെ വെളിപാടുകൾ തീർന്നുപോയി എന്ന് തർക്കരീതിയായി പറയുമ്പോൾ തന്നെ ഈ പ്രക്രിയയുടെ അതിരുവിട്ട് ഉള്ള ഒരു വെളിപാടു പ്രാപിക്കുവാൻ അവനു കഴിയുകയില്ല.

അപ്പൊസ്തോലന്മാരുടെ കാലം എന്ന തത്വത്തെ പിൻപറ്റുന്നവർ പഴയ നിയമ പുസ്തകങ്ങളുടെ കാനോനികതയുടെ പൂർത്തീകരണത്തെ ചൂണ്ടിക്കാണിച്ച് തങ്ങളുടെ വിശ്വാസത്തെ ഉറപ്പിക്കുവാൻ നോക്കുന്നു. പഴയ നിയമത്തിലെ ഒടുവിലത്തെ പ്രവാചകനോടെ വെളിപാടുകളും ദർശനങ്ങളും തീർന്നു പോയതായി അവർ വാദിക്കുന്നു. ഇത് അവർക്ക് പുതിയ നിയമസഭാ കാലഘട്ടത്തിൽ വെളിപാടുകളോടും അത്ഭുതങ്ങളോടുംകൂടെ അപ്പൊസ്തോലന്മാരുമായി ബന്ധപ്പെടുത്തുന്ന ഒന്നായിരിക്കുന്നു. പ്രഥമ ദൃഷ്ട്യാ ഈ വിവാദം ഏറ്റുകൊള്ളത്തക്കതായി തോന്നാം. എന്നാൽ സൂക്ഷ്മ ദൃഷ്ട്യാ പരിശോധിക്കുമ്പോൾ ഇതിന്റെ ഘടന ശരിയായ രീതിയിലല്ല എന്നു മനസിലാക്കുവാൻ കഴിയുന്നു. ഒന്നാമതായി പുതിയ നിയമ കാനോനിൽ ഉൾപ്പെട്ട പുസ്തകങ്ങളും പഴയ നിയമ കാനോനിലുൾപ്പെട്ട പുസ്തകങ്ങളും വിശ്വാസികളിൽ അവ എങ്ങനെ പ്രയോജനപ്പെട്ടു എന്നതിനെ മനസിലാക്കി അംഗീകരിച്ചിരിക്കുന്നു. അത് ഒരു ആധികാരിക സംഘത്തിന്റെ വോട്ടെടുപ്പിനാലല്ല അംഗീകരിക്കപ്പെട്ടിരിക്കുന്നത്.

രണ്ടാമതായി, യോസീഫസ്, ചാവുകടൽ ചുരുളുകൾ, പുരാതന റെബനിക് സാഹിത്യങ്ങൾ തുടങ്ങി പഴയ, പുതിയ നിയമങ്ങൾക്കുള്ളിലെ സാഹിത്യങ്ങൾ പ്രവചനത്തെയും അത്ഭുതങ്ങളെയും ഊട്ടി ഉറപ്പിക്കുന്നവകാളാണ്. മൂന്നാമതായി, പുതിയ നിയമത്തിൽ നിയമങ്ങൾക്കിടയിലുള്ള കാലത്തിലെ ചരിത്രപരമായ കാര്യങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. യേശുക്രിസ്തുവിനെ ഗർഭം ധരിക്കുന്നത്, അവിടുത്തെ ജനനവും ശുശ്രൂഷയും സംബന്ധിച്ച അത്ഭുതങ്ങൾ, പ്രവചനങ്ങൾ, ദൂതന്മാരുടെ ഇടപെടലുകൾ, തുടങ്ങിയ മത്തായിയുടെയും ലൂക്കോസിന്റെയും സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സെഖര്യാവിന് വെളിപാട് ലഭിക്കുകയും പ്രവചിക്കുകയും (ലൂക്കൊ. 1 :11-20, 67-79) ചെയ്യു. യോസേഫിന് സ്വപ്നത്തിൽ പ്രകൃത്യാതീതമായ വെളിപാട് ലഭിച്ചു (മത്താ. 1 :20-24; 2: 13,19-22). മറിയക്ക് വെളിപാട് ലഭിക്കുകയും പ്രചോദിതയായി പാടുകയും ചെയ്തു (ലൂക്കൊ.1:26-38,46-55). യോഹന്നാൻ സ്നാപകന്റെയും യേശുവിന്റെയും ജനനത്തെക്കുറിച്ച് വളരെ നാളുകൾക്കു മുമ്പു തന്നെ ശിമെയോനു വെളിപാടു ലഭിച്ചു. (2: 25,26). ഇടയന്മാർക്കു ലഭിച്ചതുപോലെ (ലൂക്കൊ. 2: 8-16 ) ശിമെയോനും ദൈവിക മാർഗ ദർശനം ലഭിച്ചു. (വാ. 25) എലിസബേത്തിനും മറിയക്കും അത്ഭുതകരമായ ഗർഭധാരണം ഉണ്ടായി (മാത്താ. 1 : 18,20; ലൂക്കൊ. 1: 13, 24, 36, 37, 57). പ്രകൃത്യാതീതമായ അടയാളത്തിലൂടെയും സ്വപ്നത്തിലൂടെയും (മത്താ. 2: 1,2,9,10,12) വിദ്വാന്മാർ ദൈവിക മാർഗദർശനം പ്രാപിച്ചു. ഇവകളും മറ്റു പല വെളിപാടുകളും പുതിയ നിയമത്തിൽ യേശുവിന്റെ ജനനത്തിനും ശുശ്രൂഷക്കു മുമ്പുതന്നെ ദൈവിക വെളിപാടുകളും അത്ഭുതങ്ങളും ഉണ്ടായിരുന്നുവെന്നതിനു തെളിവാണ്.

ഈ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ യേശുക്രിസ്തുവിന്റെ വരവിനു മുമ്പ് യിസ്രയേൽ ചരിത്രത്തിൽ പ്രവചനമോ അത്ഭുതമോ തീർന്നുപോയില്ല എന്ന് മനസിലാക്കുവാൻ കഴിയും. വെളിപാടുകൾ നിന്നുപോയി എന്നുള്ള വാദത്തിന് വിരോധമായി നിൽക്കുന്ന കാര്യങ്ങളാണിവ.

### ദൈവത്തിന്റെ മാറ്റമില്ലായ്മ ചരിത്രത്തിന്റെ പവിത്രതയും പ്രചോദനവും കാനോനികമാക്കലും തമ്മിലുള്ള വ്യത്യാസം

നമ്മുടെ വേദപുസ്തകത്തിലെ ദൈവം - യിസ്രയേലിന്റെ ചരിത്രത്തിൽ ഉടനീളം പറയപ്പെടുന്ന ദൈവം- സ്ഥിരതയുള്ള ദൈവമാണ്. വേദപുസ്തകത്തിലെ ദൈവം ഉടമ്പടി കാത്തുസൂക്ഷിക്കുന്ന വിശ്വസ്തതയുള്ള ദൈവമാണ്. അവിടുന്ന് മാറ്റമില്ലാത്തവനാണ്. (സങ്കീ. 55: 19; 102 : 27 ; യെശ.46: 4; മലാഖി. 3: 6 ; എബ്രാ. 1 :19). അവിടുത്തെ വചനങ്ങളൊരിക്കലും മാറുന്നില്ല. യെശ.40:8) അവിടുന്ന് ഇന്നലെയും ഇന്നും എന്നെന്നേക്കും അനന്യനാണ് (എബ്രാ. 13: 8). അവിടുന്ന് മാറിക്കൊണ്ടിരിക്കുന്ന നിഴലുകൾക്കു തുല്യം മാറിപ്പോകുന്നവനല്ല. (യാക്കോ. 1 :17) . അവിടുന്ന് മനുഷ്യനോട് സ്ഥിരമായി ഇടപെടുകയും അവിടുത്തെ ഇടപെടലുകളെ മനുഷ്യന് തുടർച്ചയായി വെളിപ്പെടുത്തുകയും ചെയ്യുന്നു. നിയമങ്ങൾക്കിടയി

ലുള്ള കാലഘട്ടങ്ങളിൽ ദൈവം മനുഷ്യനോട് ഇടപെട്ടതിനാൽ, പുതിയ നിയമ കാലത്ത് അത്ഭുതകരമായ ഇടപാടുകൾ നടത്തിയിട്ടുള്ളതിനാൽ, പുതിയ നിയമകാലത്ത് അവ നിന്നുപോയി എന്നു പറയത്തക്കവണ്ണം താത്വീകമായ ന്യായങ്ങളില്ല.

നിയമങ്ങൾക്ക് ഇടയിലുള്ള കാലത്തെ സംബന്ധിച്ച കാര്യങ്ങളെയും നാം പരിഗണിക്കേണ്ടതുണ്ട്. ഒന്നാമതായി ചരിത്രം എന്നത് കലർപ്പില്ലാത്തതാണ്. മറ്റുള്ള കാലങ്ങളിൽ ദൈവം ഇടപെട്ടതുപോലെതന്നെ നിയമങ്ങൾക്കിടയിലുള്ള കാലഘട്ടത്തിലും ദൈവം തന്റെ സൃഷ്ടികളോട് ഇടപെട്ടു. ഉദാഹരണത്തിന് , ദാനീയേലിന്റെ പുസ്തകത്തിൽ പ്രവചിക്കപ്പെട്ടിട്ടുള്ള പ്രവചനങ്ങൾ നിയമങ്ങൾക്കിടയിലുള്ള കാലഘട്ടത്തിൽ നിവൃത്തിയായി. കൂടാതെ പുതിയ നിയമ കാലഘട്ടത്തിനു മുമ്പുള്ള ദൈവിക പ്രക്രിയകളെക്കുറിച്ച് പുതിയ നിയമം ദൃഷ്ടാന്തങ്ങൾ നല്കുന്നു. ആയതുകൊണ്ട് യഹൂദ ദേശത്തോട് , യഹൂദ വംശക്കാരോട്, യിശ്ശായിയുടെ ഗോത്രത്തോട് , ദാവീദിന്റെ പ്രത്യേക ശാഖയോട് ദൈവം ഇടപെട്ടുകൊണ്ടേയിരുന്നു.

നിയമങ്ങൾക്കിടയിലുള്ള കാലഘട്ടത്തിലും ദൈവം ഈ ശാഖയെ വളർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്തു എന്നുള്ളത് തെളിവായ കാര്യമാണ്. ഒടുവിലായി, ഈ ശാഖയിൽ നിന്നും മശീഹ ഉല്പാദിതനായി. യേശുവിന്റെ വംശാവലിയിൽ നിയമങ്ങൾക്കിടയിലുള്ള കാലഘട്ടത്തിലുള്ളവരുടെ പേരുകളും ചേർക്കപ്പെട്ടിരിക്കുന്നതുകൊണ്ട് ദൈവം ഈ പ്രക്രിയയെ തുടർന്നു ചെയ്തുകൊണ്ടിരിക്കുന്നു എന്ന് സ്പഷ്ടമാകുന്നു. (മത്താ. 1: 13-16, ലൂക്കൊ. 3: 23-27) ഈ മുഴുചരിത്രത്തെയും എഴുതുവാൻ പരിശുദ്ധാത്മാവുതന്നെ പ്രചോദനം നല്കിയതിനാൽ ഇതിന്റെ പ്രാധാന്യം വലിയതാണ്.

മത്തായിയും ലൂക്കോസും നല്കിയിട്ടുള്ള യേശുവിന്റെ വംശാവലിയിൽ പരിശുദ്ധാത്മാവ് ഉലകപ്രകാരം ആയതിനും പരിശുദ്ധമായതിനും ഇടയിൽ യാതൊരു വിവേചനവും കാട്ടിയില്ല. മാത്രമല്ല , ആദിമസഭയിലുള്ളവർ ഈ വചനങ്ങളെ സംരക്ഷിച്ചുവച്ചത് ദൈവത്തിന്റെ ക്രിയകൾ സൃഷ്ടി മുതൽ ക്രിസ്തുവിന്റെ മനുഷ്യാവതാരം വരെ തുടർച്ചയായിരുന്നു എന്ന് അവർ വിശ്വസിക്കുന്നതിന്റെ തെളിവാണ്. ആദിമ സഭ യഥാർത്ഥത്തിൽ ഒരു പെന്തെക്കൊസ്തു സഭ ആയിരുന്നു.

രണ്ടാമതായി, നാം പ്രവചനത്തിനും കാനോനിനും ഇടയിൽ ഉള്ള വ്യത്യാസം മനസിലാക്കണം. ഇന്ന് പല പെന്തക്കൊസ്തു സഭകളിലും പ്രവചനത്തിന്റെ അധികാരപൂർവമായ ശബ്ദം കേൾക്കാനില്ല. ഇന്നത്തെ പ്രവചനങ്ങൾ മിക്കതും വേദപുസ്തകപരമായി യാതൊരു ബന്ധവുമുള്ളതല്ല. വേദപുസ്തകത്തിന്റെ കാനോൻ ഇനിയും ചേർക്കത്തക്കവിധം തുറക്കപ്പെട്ടതല്ല. ദൈവജനത്തിനുവേണ്ടിയുള്ള ദൈവത്തിന്റെ ദൂത് ഒരു പ്രത്യേക സ്ഥലത്തിനും സമയത്തിനും സാഹചര്യത്തിനും ഉള്ളിൽ നിന്നുകൊണ്ടുള്ളതാണ്. അവ എല്ലാ കാലങ്ങളിലും എല്ലാ ഇടങ്ങളിലുമുള്ള ജനങ്ങളുടെ വിശ്വാസത്തിലും നടപ്പിലും ആജ്ഞ നല്കുന്നവകളല്ല. കൂടാതെ, വെളിപ്പെടുത്തപ്പെട്ട വചനങ്ങളുടെ അടിസ്ഥാനത്തിലാണ് അവയുടെ പ്രാമാണികത്വം നിശ്ചയിക്കപ്പെടുന്നത്. നിയമങ്ങൾക്കിടയിലുള്ള കാലഘട്ടത്തിലെ പ്രവചനങ്ങളെയും നാം ഇപ്രകാരം തന്നെ കാണേണ്ടതുണ്ട്. ഈ പ്രവചനങ്ങൾ അവ ഏതു സമുദായത്തിൽ നിന്നു വന്നുവോ അവയുടെ ആവശ്യങ്ങളെയും ഭയഭക്തിപൂർവമായ അവയുടെ ചിന്തകളെയും പ്രതിഫലിപ്പിക്കുന്നു. പ്രവചനം ഒരു വിനിമയ മാർഗമാണ്. അത് ഒരു ചരിത്രരേഖകൂടെയാണ്. അവ കാനോനിക മല്ലാത്ത ചരിത്രങ്ങൾ എന്ന അംഗീകാരമാണ് നേടിയിരിക്കുന്നത്. ഇപ്പോൾ പഴയ നിയമ പ്രവചനത്തിനും നിമങ്ങൾക്കിടയിലുള്ള കാലഘട്ടത്തിലെ പ്രവചനത്തിനും തമ്മിലുള്ള ബന്ധം പുതിയ നിയമ പ്രവചനത്തിനും ഇപ്പോഴുള്ള പ്രവചനത്തിനും തമ്മിലുള്ള ബന്ധവും ഒരു തരമാണെന്നുള്ളത് തെളിവാക്കപ്പെടുന്നു. പഴയ നിയമവും പുതിയ നിയമവും കാനോനികമായ വേദഗ്രന്ഥങ്ങളാണ്. ഇങ്ങനെ അവ ദൈവത്തിന്റെ നേരിട്ടുള്ള വഴിനടത്തത്തിലൂടെ നിറവേറ്റപ്പെട്ട കാര്യമാണ്. വേദവചനം എന്നന്നേക്കും പൊരുത്തുമുള്ളതാണ്. നമ്മുടെ വിശ്വാസത്തിനും ജീവിത രീതിക്കുമുള്ള നിയമം അതാണ്. നിയമങ്ങൾക്കിടയിലുള്ള പ്രവചനങ്ങളും ഇപ്പോഴുള്ള പ്രവചനങ്ങളും ദൈവവചനങ്ങളായി കരുതപ്പെടുന്നില്ല. ഇവ കാലങ്ങളാലും സാഹചര്യങ്ങളാലും നിയന്ത്രിക്കപ്പെടുന്നവകളാണ് ; നിത്യമായവകളല്ല. അതുകൊണ്ട് വിശ്വാസത്തെയും ക്രിയകളെയും നിയന്ത്രിക്കുവാനുള്ള അധികാരം അവകൾക്കില്ല.

നിയമങ്ങൾക്കിടയിലുള്ള കാലത്ത് വിശ്വാസ സമുദായത്തിന് പ്രവചനശബ്ദം ആവശ്യമായിരുന്നു. അത് വേദപുസ്തകത്തിലുണ്ടായിരുന്നാലും ആ കാലഘട്ടത്തിനൊത്തവിധമുള്ള ഉത്ബോധനങ്ങളും തിരുത്തലുകളും ആഹ്വാനങ്ങളും പ്രോത്സാഹനങ്ങളും പ്രത്യാശയും മാനസാന്തരത്തിനായിട്ടുള്ള വിളിയും ആണ് അതിലുണ്ടായിരുന്നത്. കർത്താവ് തന്റെ ജ്ഞാനത്താലും സ്ഥിരതയാലും നമ്മുടെ വിശ്വാസ സമുദായത്തിലും അങ്ങനെയുള്ള ഒരു ശക്തി പകർന്നു തന്നിരിക്കുന്നു. നമുക്ക് വേദപുസ്തകം ഉണ്ടെങ്കിലും പ്രവചന ശബ്ദത്താൽ ദൈവം തന്റെ സഭയെ ഇന്നും പരിപോഷിപ്പിക്കുന്നു. മനുഷ്യന്റെ പ്രകൃതത്തെക്കുറിച്ച് ദൈവത്തിന് നന്നായി അറിയാം. (ഉല്പ. 6: 5; സങ്കീർ. 103: 14; മത്താ. 7 :11; റോമ. 3: 23) .

കാലങ്ങൾ ഉടനീളം മനുഷ്യന്റെ പ്രകൃതവും പ്രവചനത്തെ ശ്രവിക്കേണ്ട അവന്റെ ആവശ്യകതയും മാറിപ്പോയിട്ടില്ല. ഇതുപോലെ ദൈവത്തിന്റെ പ്രകൃതവും മാറിയിട്ടില്ല. ഇപ്പോഴും അവിടുന്ന് തന്റെ സൃഷ്ടിയെ സ്നേഹിക്കുന്നു. അതിനുവേണ്ടി ഒരു പദ്ധതിയും വെച്ചിട്ടുണ്ട്. ഓരോ തലമുറയിലും ആ പദ്ധതി വെളിപ്പെടുത്തുവാൻ അവിടുന്ന്

ആഗ്രഹിക്കുന്നു.

## അപ്പൊസ്തോലന്മാരുടെ കാലവും പുതിയ നിയമത്തിന്റെ പഠിപ്പിക്കലും

അപ്പൊസ്തൊലന്മാരുടെ കാലം എന്ന പരികല്പന, പ്രവചനങ്ങളുടെയും മറ്റ് പ്രകൃത്യാതീത സംഭവങ്ങളുടെയും വിരാമം എന്നിവയോട് പുതിയ നിയമം യോജിക്കുന്നില്ല. വ്യക്തികളെ കർത്താവ് അപ്പൊസ്തോലന്മാരായും പ്രവാചകന്മാരായും ,സുവിശേഷകന്മാരായും , ഇടയന്മാരായും , ഉപദേഷ്ടാക്കാന്മാരായും വരം നല്കി നിയോഗിച്ചുവെന്ന് എഫസ്യർ 4: 13-ൽ പറയുന്നു. അപ്പൊസ്തൊലന്മാരുടെ കാലം, അത്ഭുതങ്ങളുടെ വിരാമം എന്നിത്യാദി വാദക്കാർ ഈ വാക്യത്തിന്റെ ഒരു ഭാഗം മാത്രമേ മനസിലാക്കുന്നുള്ളൂ. സുവിശേഷകർ, ഇടയന്മാർ, ഉപദേഷ്ടാക്കൾ എന്നിവരുടെ പ്രവർത്തനങ്ങൾ നിന്നുപോയതായി ആരും പറഞ്ഞിട്ടില്ല. എന്നാൽ വെളിപാട് നിന്നുപോയി എന്നു പറയുന്നവർ അപ്പൊസ്തൊലന്മാരുടെയും പ്രവാചകന്മാരുടെയും കാലവും നിന്നു പോയി എന്ന് പറയുന്നു .

പൗലോസ് ഇവക്ക് ഒരു താൽക്കാലിക പരിമിതി നല്കുന്നു. ഈ പദവികളൊക്കെത്തന്നെ ഒരിക്കൽ പൂർണ വിരാമത്തിലെത്തും. എന്നാൽ ഏത് എപ്രകാരം എന്നത് ചോദ്യമല്ല, എപ്പോൾ എന്നുള്ളതാണ് പ്രസക്തം. 12 ഉം 13 ഉം വാക്യങ്ങൾ ഈ ചോദ്യങ്ങൾക്കുള്ള മറുപടിയാണ്. വിശുദ്ധന്മാരെ ദൈവവേലക്കു സജ്ജരാക്കി ക്രിസ്തുവിന്റെ ശരീരത്തെ പണിയുക എന്നുള്ളതാണ് ഈ പദവികളുടെ ഉദ്ദേശ്യം. നാമെല്ലാവരും വിശ്വാസത്തിലും ദൈവപുത്രനെക്കുറിച്ചുള്ള പരിജ്ഞാനത്തിലും ഐക്യം പ്രാപിച്ച് ക്രിസ്തുവിന്റെ നിറവിന് അനുസരണമായി പൂർണമനുഷ്യത്വത്തിലേക്കു വളർന്നു വരുവാനിടയാകും അതായത്

1- ദൈവപുത്രനെക്കുറിച്ചുള്ള വിശ്വാസത്തിലും

2- അറിവിലും എക്യം പ്രാപിച്ച്

3- ക്രിസ്തുവിന്റെ നിറവിന് അനുസരണമായി

4- പൂർണമനുഷ്യത്വത്തിലേക്കു വളർന്നു വരുവാൻ . യാതൊരു ക്രിസ്തീയ സഭയും ഇതുവരെയും ഈ ലക്ഷ്യങ്ങൾ പൂർണമായും പ്രാപിച്ചിട്ടില്ല. എന്നാൽ സഭയെ വളർത്തി പക്വപ്പെടുത്തുന്നതിനായി 13-ാം വാക്യത്തിൽ കൊടുത്തിട്ടുള്ള എല്ലാ ഉത്തരവാദിത്വങ്ങളും ഇപ്പോഴും ആവശ്യമായിട്ടുള്ളവകാളാണ്. പരിശുദ്ധാത്മ വരങ്ങൾ വിലമതിക്കാതെയും ഊന്നി പറയുകയും ചെയ്യാ തിരിക്കുന്നതുകൊണ്ട് ഇപ്പോഴും സഭ പക്വതയിൽ നിൽക്കാരിക്കുന്നു എന്നു പറയാം . ബലഹീനമെന്നു കാണപ്പെടുന്നിടത്ത് അവശ്യം വേണ്ട വയത്രെ. ആകയാൽ ഒരു അവയവം കഷ്ടത അനുഭവിക്കുന്നുവെങ്കിൽ മറ്റുള്ളവയും അതിനോടൊപ്പം കഷ്ടത അനുഭവിക്കുന്നു. ഒന്നു മാനിക്കപ്പെടുന്നുവെങ്കിൽ മറ്റെല്ലാം അതിനോടുകൂടെ സന്തോഷിക്കുന്നു 1 കൊരി. 12: 22,26 .

റോമ. 11: 29-ാം വാക്യവും ഇവിടെ പരിഗണിക്കപ്പെടേണ്ടതുണ്ട്. എന്തെന്നാൽ ദൈവത്തിന്റെ കൃപാവരങ്ങളും വിളിയും മാറ്റം വരാത്തതാണ്. ഇവിടെ കൃപാവരം എന്നു പറഞ്ഞിരിക്കുന്നത് 1 കൊരി. 12-ാം അദ്ധ്യായത്തിൽ പറയപ്പെട്ട ആത്മീയ വരങ്ങൾ അല്ല. അതായത് , ഇതിന്റെ പശ്ചാത്തലം മേൽപ്പറഞ്ഞതിനോട് യോജ്യമായതല്ല എന്നാലും അതിന്റെ അടിസ്ഥാന ആശയം ഒന്നാണ്. റോമ. 11 : 29-ാം വാക്യം ദൈവം മനുഷ്യനോട് ഇടപെടുന്നതിലെ വിശ്വസ്തതയും സ്ഥിരതയും ആണ് കാണിക്കുന്നത്.

മൂന്നാമതായി, അപ്പൊ. പ്ര. 2: 39-ാം വാക്യം നമുക്ക് പരിശോധിക്കാം. ഈ വാക്യത്തിൽ പത്രൊസ് ദൈവം പരിശുദ്ധാത്മാവിനെ കൊടുക്കാമെന്ന് വാഗ്ദത്തം ചെയ്തതിനെക്കുറിച്ചു പറയുന്നു. ഇത് പെന്തക്കൊസ്തു നിലപാടിനെ ഉറപ്പിക്കുന്ന കാര്യമാണ്. സഭാകാലഘട്ടത്തിന്റെ തുടക്കത്തിൽ പരിശുദ്ധാത്മാവ് പ്രഥമമായി പൊഴിയപ്പെട്ട നേരത്ത്, അവിടുത്തെ പ്രചോദനത്താൽ പ്രാപിച്ച വെളിപാടുകൾ സഭയുടെ കാലം മുഴുവനും പ്രാപിക്കത്ത അനുഭവങ്ങളാണെന്ന് പത്രൊസ് പറയുന്നു.

നാലാമതായി , വേദപുസ്തക രീതിയിലുള്ള സമീപനം കുറിക്കുന്നതിന് 1 കൊരി. 1: 7-ാം വാക്യവും പ്രാധാന്യം അർഹിക്കുന്നു. കൊരിന്തിലുള്ള സഭാവിശ്വാസികൾ എല്ലാവരങ്ങളിലും തികവുള്ളരാണെന്ന് പൗലോസ് മനസിലാക്കുന്നു. 7-ാം വാക്യം വായിച്ചു നോക്കുമ്പോൾ കർത്താവിന്റെ വരവുവരേക്കും തുടരുവാനുള്ളതാണ് ഈ വരങ്ങൾ എന്ന് നമുക്കു മനസിലാക്കുവാൻ കഴിയും. പൗലോസ് എഫേ. 4: 13 -ലും 1 കൊരി. 13: 10-12 വാക്യങ്ങളിൽ കൊടുക്കപ്പെട്ടിരിക്കുന്ന അന്ത്യ കാലസമയവിവര പട്ടിക ഇവിടെയും പറഞ്ഞിരിക്കുകയാണ്. ആത്മാ വിന്റെ വരങ്ങൾക്ക് ഒരു അന്തമുണ്ട്. അത് നമ്മുടെ രാജാവ് തിരികെ വന്ന് ഈ ലോകത്തിന്റെ ക്രമീകരണം ഏറ്റെടുക്കുമ്പോൾ ആണ് സംഭവിക്കുന്നത്. സുവിശേഷം അറിയിക്കുക എന്നത് അവിടംകൊണ്ട് അവസാനിക്കുന്നു. പാപവും രോഗവും അവിടെയില്ലാതെയാകും. നാം ദൈവത്തോടൊപ്പം നിത്യകാലം വാഴുകയും ചെയ്യും. അവിടെ വരങ്ങളുടെ ആവശ്യമില്ല. ( 1 കൊരി. 13: 12, 1 യോഹ. 3: 2). ഇപ്രകാരമുള്ള അനുഗ്രഹിക്കപ്പെട്ട സ്ഥിതിവിശേഷത്തിൽ പ്രകൃത്യാതീതമായ അറിവിന്റ വരങ്ങൾ ആവശ്യമില്ല. കാരണം അപ്പോഴോ ഞാൻ അറിയപ്പെട്ടിരിക്കുന്നതുപോലെ പൂർണമായി അറിയും എന്ന് അവിടെ കുറിച്ചിരിക്കുന്നു. 1 കൊരി. 13 :12.

ഒടുവിലായി, 2 കൊരി. 3 : 3 -11 ഉള്ള വാക്യങ്ങൾ പരിശോധിക്കുക. ഈ ഭാഗത്ത് ന്യായപ്രമാണം കൊടുക്കപ്പെട്ടതിന്റെ മഹത്വം ആത്മാവിന്റെ തേജസിനോട് താരതമ്യപ്പെടുത്തി കാണുകയാണ്. അദ്ദേഹം ഇങ്ങനെ ചോദിക്കുന്നു. കല്ലിൽ അക്ഷരമായി കൊത്തിയമരണത്തിന്റെ ശുശ്രൂഷ തേജസ്സോടെയാണ് വെളിപ്പെട്ടത്. അതിന്റെ തേജസ്സ് മാഞ്ഞു പോകുന്നതായിരുന്നിട്ടും മോശെയുടെ മുഖത്തേക്കു നോക്കുവാൻ യിസ്രയേല്യർക്ക് സാധ്യമല്ലായിരുന്നു. അങ്ങനെയങ്കിൽ ആത്മാവിന്റെ ശുശ്രൂഷ അധികം തേജസ്സുള്ളതായിരിക്കയില്ല ? ശിക്ഷാവിധിയുടെ ശുശ്രൂഷ തേജോമയമെങ്കിൽ

നീതിയുടെ ശുശ്രൂഷ അധികം തേജസ്സുള്ളതാകയില്ലേ ? ഒരിക്കൽ തേജസ്സുണ്ടായിരുന്നത്, അതിമഹത്തായ ഇപ്പോഴത്തെ തേജസുമൂലം തേജസ്സില്ലാത്തതായിത്തീർന്നിരിക്കുന്നു. മാഞ്ഞുപോകുന്നത് തേജസ്സോടെ വന്നുവെങ്കിൽ നിലനിൽക്കുന്നത് എത്രയധികം തേജസ്സുള്ളതായിരിക്കും (1 കൊരി.3: 7-11). ഈ രണ്ടു വ്യവസ്ഥക്കും ഇടയിൽ പൗലോസ് വളരെ താല്പര്യ ജനകമായ സമാന്തരങ്ങൾ ചൂണ്ടിക്കാണിക്കുന്നു. നല്കപ്പെട്ട ന്യായപ്രമാണത്തിന്റെ ഒഴിഞ്ഞുപോകുന്ന മഹത്വവും ആത്മാവിന്റെ നിലനിൽക്കുന്ന മഹത്വവുമാണ് അതിൽ മുഖ്യമായിട്ടുള്ളത്. പത്രോസിന്റെയും എഴുത്തുകളുടെ അടിസ്ഥാനത്തിൽ അ പ്പൊസ്റ്റോലന്മാരുടെ കാലം ഉണ്ട് എങ്കിൽ നാം ആ കാലത്തിനുനടുവിലാണ്.

ദൈവം സ്ഥിരതയുള്ളവനും വിശ്വസ്തനും മാറ്റമില്ലാത്തവനുമാണ്. അവിടുന്ന് ആവശ്യത്തിലായിരിക്കുന്നവനോട് കരുണ തോന്നുന്നവനാണ്. ഒരു അപ്പൊസ്റ്റോലന്റെ ബലഹീനമായ ശരീര നിലയെ ആശ്രയിച്ചല്ല, പിന്നെയോ ഉയിർത്തഴുന്നേറ്റ യേശുവിലാശ്രയിച്ചാണ് സഭ മുന്നോട്ടു പോകുന്നത്. അവിടുന്ന് എപ്പോഴും നമുക്കുവേണ്ടി പക്ഷവാദം ചെയ്തു കൊണ്ടിരിക്കുന്നു ( എബ്രാ. 7: 25.)

## അപ്പൊസ്റ്റോലന്മാരുടെ കാലത്തെയും നിന്നുപോയി എന്നു പറയുന്ന വ്യവസ്ഥയെയും പിൻതാങ്ങുന്ന യോജ്യമല്ലാത്ത പുതിയ നിയമ ഭാഗങ്ങൾ

അത്ഭുതങ്ങൾ നിന്നുപോയി എന്നു പറയുന്ന ആളുകൾ , കൊരിന്ത്യർ 13-ാം അദ്ധ്യായത്തിന്റെ 10-ാം വാക്യമാണ് . പൂർണമായതു വരുമ്പോൾ ഭാഗികമായത് നീങ്ങിപോകും. അവർ പറയുന്ന പൂർണമായത് എന്നത് പുതിയ നിയമത്തെക്കുറിച്ചല്ല. 12-ാം വാക്യത്തിൽ നാം വളരെ സ്പഷ്ടമായി കാണുന്നതുപൊലെ അത് യേശുക്രിസ്തുവിന്റെ വരവിനെയാണ് കാണിക്കുന്നത്. പൂർണമായത് എന്നതിന് സൂചിപ്പിക്കുന്ന *ടെലിയോൺ* എന്ന മൂലപദം ഒരു നുപംസഗ ലിംഗമാണ്. എന്നാൽ നിയമം അഥവാ ടെസ്റ്റമെന്റ് (ഡിയാത്തേക്കേ) ഒരു സ്ത്രീലിംഗ പദമാണ്. പൗലോസ് പുതിയ നിയമത്തെക്കുറിച്ചാണ് ഉദ്ദേശിച്ചിരുന്നതെങ്കിൽ അവിടെ സ്ത്രലിംഗം ഉപയോഗിക്കുമായിരുന്നു. അതുപോലെ 1 കൊരി. 15: 8-ാം വാക്യവും വെളിപാടുകളുടെ വിരാമത്തെക്കുറിച്ചോ കാനാനുകളുടെ അവസാനത്തെക്കുറിച്ചോ അല്ല പറയുന്നത് ദമസ്ക്കോസിന്റെ പടിവാതിൽക്കൽ വെച്ചുണ്ടായ അനുഭവത്തിനു ശേഷവും പൗലോസ് വെളിപാടുകൾ പ്രാപിച്ചുകൊണ്ടിരുന്നു. യേശു പൗലോസിനു പ്രക്ഷ്യക്ഷനായശേഷവും പുതിയ നിയമത്തിൽ പറയപ്പെട്ടിരിക്കുന്ന പലരും വെളിപാടു പ്രാപിച്ചു. അതിലെല്ലാം ഉപരിയായി, പൗലോസിന്റെ ദമസ്ക്കോസ് സംഭവത്തിനു ശേഷമാണ് പുതിയ നിയമം മുഴുവനും പ്രചോദിപ്പിക്കപ്പെട്ട് പൂർത്തിയാക്കപ്പെട്ടത്. പൗലോസ് ഇവിടെ പറയുന്നത് മറ്റ് അപ്പൊസ്റ്റോലന്മാരുമായി താരതമ്യപ്പെടുത്തുമ്പോൾ ഉയിർത്തെഴുന്നേറ്റ കർത്താവിനെ ഒടുവിലായി കണ്ടത് താനാണന്നാണ് .

വെളിപാടു പുസ്തകം 22: 18, 19- വാക്യത്തിൽ ഈ പുസ്തകത്തിലുള്ള പ്രവചനങ്ങളോട് ഒന്നും കൂട്ടുവാൻ പാടില്ല എന്നുള്ള മുന്നറിയിപ്പു നല്കപ്പെട്ടിരിക്കുന്നു. ഈ വെളിപാടു പുസ്തകം കാനോനിക പുസ്തകങ്ങളുടെ അവസാനത്തെ പുസ്തകം ആയി അംഗീകരിച്ചിരിക്കുന്നതിനാൽ അതിനുശേഷം വെളിപാടുകളെ കൂട്ടിച്ചേർക്കുവാൻ പാടില്ല എന്നവർ വാദിക്കുന്നു. ഈ വാക്യങ്ങളുടെ വ്യാഖ്യാനങ്ങൾ നിരവധി പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. ഒന്നാമത് താൻ പറഞ്ഞ പ്രവചനത്തെക്കുറിച്ചു മാത്രമാണ് എഴുത്തുകാരൻ പറയുന്നത്. രണ്ടാമത് എഴുത്തുകാരൻ എഴുതുന്ന കാലത്ത് പുതിയ നിയമത്തിന്റെ പൂർത്തീകരണം സംഭവിച്ചിട്ടില്ലാത്തതുകൊണ്ട് പുതിയ നിയമ ം എന്ന ചിന്ത അദ്ദേഹത്തിന്റെ മനസിൽ ഉണ്ടായിരുന്നിരിക്കയില്ല. വേദപുസ്തകത്തിലെ മറ്റു ചില വാക്യങ്ങളും ഇതിനെ താങ്ങുന്നു. ആവർത്തനം പുസ്തകം 12: 32-ൽ പറയുന്നത് ആവർത്തന പുസ്തകത്തിലെ മാത്രം കാര്യമാണ്. അതിനപ്പുറത്തുള്ള കാര്യമല്ല.

## ഉപസംഹാരം

മൂന്ന് പ്രത്യേക പ്രയോഗങ്ങൾ നമുക്കിവിടെ ചെലുത്തുവാൻ കഴിയും. ഒന്നാമതായി, അപ്പൊസ്റ്റോലിക കാലത്തെക്കുറിച്ചോ വെളിപാടുകളും ദർശനങ്ങളും നിന്നു പോയതിനെക്കുറിച്ചോ ചരിത്രപരമോ വേദപുസ്തകപരമോ ആയ പിൻതാങ്ങൽചച ഇല്ല. രണ്ടാമതായി, ദൈവത്തിന്റെ പ്രകൃതം, തിരുവചനത്തിന്റെ ഐക്യരൂ പ്യം, വീണുപോയ മനുഷ്യന്റെ ആവശ്യബോധം എന്നിവ ഇന്നും അത്ഭുതങ്ങൾ തുടരുവാൻ ആവശ്യപ്പെടുന്ന വസ്തുതകളാണ്. മൂന്നാമതായി, ഇന്നത്തെ സഭ പരിശുദ്ധാത്മസ്നാനം നിമിത്തവും ആത്മാവിന്റെ വരങ്ങൾ നിമിത്തവും ദൈവത്തിന് ഇനിയും ഫലപ്രദരായി സേവ ചെയ്യുവാൻ മുന്നോട്ടിറങ്ങുമ്പോൾ അത് നിലയാർന്ന വേദപുസ്തക അടിസ്ഥാനത്തിന്മേൽ നിൽക്കുന്നു. ദൈവീക വഴി നടത്തലിനും രോഗസൗഖ്യത്തിനും സംരക്ഷണത്തിനും വെളിപാടുകൾക്കും നാം ദൈവത്തെ തേടുവാൻ കാരണങ്ങൾ അനേകമാണ്. പ്രതീക്ഷിക്കാത്ത ആവശ്യങ്ങളും അവസരങ്ങളും വരാവുന്ന ഈ നാളുകളിൽ നമുക്കു ലഭിച്ചിരിക്കുന്ന വേദ വാക്യങ്ങളെ ജ്വലിപ്പിക്കേണ്ടത് ആവശ്യമാണ്.



**ഡോ. ഡബ്ല്യൂ. ഇ.നന്നാലി** സ്പ്രിംഗ് ഫീൽഡിലുള്ള (മിസ്സോറി ) ഏയ്ഞ്ചൽ യൂണിവേഴ്സിറ്റിയിൽ ആദിമ യൂദായിസവും ക്രിസ്തീയ തുടക്കങ്ങളും എന്ന വിഷയത്തിൽ പ്രൊഫസറാണ്.